
# TRICHUR ARCHDIOCESAN BULLETIN

ARCHDIOCESE OF TRICHUR

OCTOBER 2015



# A Christian Prayer in Union with Creation

Father, we praise you with all your creatures.
They came forth from your all-powerful hand;
they are yours, filled with your presence and your tender love.
Praise be to you!
Son of God, Jesus,
through you all things were made.
You were formed in the womb of Mary our Mother,
you became part of this earth,
and you gazed upon this world with human eyes.
Today you are alive in every creature
in your risen glory.
Praise be to you!
Holy Spirit, by your light
you guide this world towards the Father's love
and accompany creation as it groans in travail.
You also dwell in our hearts
and you inspire us to do what is good.
Praise be to you!
Triune Lord, wondrous community of infinite love,
teach us to contemplate you
in the beauty of the universe,
for all things speak of you.
Awaken our praise and thankfulness
for every being that you have made.

*Contd... back inner*

TRICHUR ARCHDIOCESAN
**Bulletin**

പുസ്തകം : 82
ഒക്ടോബർ 2015
ലക്കം : 10

# ഈ ലക്കത്തിൽ


- സർക്കുലർ 5
- കച്ചേരികാര്യം 29
- അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ - ഒക്ടോബർ 32
- സഹായമെത്രാന്റെ പരിപാടികൾ - ഒക്ടോബർ 33
- നാളാഗമം 35
- പാസ്റ്ററൽ കൗൺസിൽ 38
- സാമ്പത്തിക കാര്യാലയം 44
- വൈദികർ 50
- സന്യസ്തർ 52
- സ്ഥാപനങ്ങൾ 57
- സാന്ത്വനം 87
- സംഘടനകൾ 94


*Imprimatur*
(Sd)
**Mar Andrews Thazhath**
Archbishop of Trichur

***Chief Editor***
**Fr. Francis Aloor**

***Executive Editor***
**Fr. Dominic Thalakkoden**
**Archbishop's House**
**P.B. No. 706, Thrissur - 680005**

Ph : 0487 -2333325,
2338203, 2333542
Fax : 2338204
E-mail : curiatcr@yahoo.com
website : www. trichurarchdiocese.org

Ref: 2893/K 35/OL/KCBC/DS

11.09.2015

# ലോകമിഷൻ ഞായർ – 2015

## ഫ്രാൻസിസ് പാപ്പായുടെ സന്ദേശം

**പ്രിയ സഹോദരീസഹോദരന്മാരേ,**

സമർപ്പിത ജീവിതവർഷത്തിന്റെ സാഹചര്യത്തിലാണ് ഇക്കൊല്ലം ലോകമിഷൻ ഞായർ ആചരണം നടക്കുന്നത്. ആ സാഹചര്യം കൂടുതൽ പ്രാർത്ഥനയ്ക്കും വിചിന്തനത്തിനുമുള്ള പ്രചോദനം നല്കുന്നു. അതിന്റെ കാരണം ഇതാണ്: മാമ്മോദീസ സ്വീകരിച്ച ഓരോ വ്യക്തിയും ദാനമായി കിട്ടിയ വിശ്വാസം പ്രഘോഷിച്ചുകൊണ്ട് യേശുവിനു സാക്ഷ്യം വഹിക്കാൻ കടപ്പെട്ടിരിക്കുന്നുവെങ്കിൽ ഓരോ സമർപ്പിത വ്യക്തിയും അങ്ങനെ ചെയ്യാൻ സവിശേഷമാംവിധം കടപ്പെട്ടിരിക്കുന്നു. സമർപ്പിതജീവിതവും പ്രേഷിതത്വവും തമ്മിൽ സുവ്യക്തമായ ബന്ധമുണ്ട്. സഭയിൽ സമർപ്പിതജീവിതത്തിന്റെ ഉത്പത്തിക്കു കാരണം യേശുവിനെ കൂടുതൽ അടുത്ത് അനുകരിക്കാനുള്ള ആഗ്രഹമാണ്. അത് കുരിശെടുത്തുകൊണ്ട് അവിടത്തെ അനുഗമിക്കാനുള്ള അവിടത്തെ ആഹ്വാനത്തോടുള്ള പ്രത്യുത്തരമാണ്. പിതാവിനോടുള്ള അവിടത്തെ സമർപ്പണവും സ്നേഹവും സേവനവും അനുകരിക്കാനും അത് ആവശ്യപ്പെടുന്നു. വീണ്ടും കണ്ടെത്താൻ വേണ്ടി നമ്മുടെ ജീവൻ നഷ്ടപ്പെടുത്താനും അത് ആവശ്യപ്പെടുന്നുണ്ട്. ക്രിസ്തുവിന്റെ ജീവിതത്തിനു മുഴുവനും ഒരു പ്രേഷിതത്വ സ്വഭാവമുണ്ട്. അതുകൊണ്ട് അവിടത്തെ അടുത്ത് അനുകരിക്കുന്ന എല്ലാവർക്കും ഈ പ്രേഷിതത്വസവിശേഷത ഉണ്ടായിരിക്കണം.

സഭയുടെ പ്രകൃതിയുടേതുതന്നെയായ ഈ പ്രേഷിതത്വമാനം, സമർപ്പിത ജീവിതത്തിന്റെ സർവരൂപങ്ങൾക്കും ആന്തരികമായിട്ടുള്ളതാണ്. അതുകൊണ്ട് സമർപ്പിതജീവിതത്തിൽ നിന്ന് വഴിതെറ്റുകയും അതിന്റെ കാരിസത്തെ വികലമാക്കുകയും ചെയ്യാതെ പ്രേഷിതത്വമാനത്തെ അവഗണിക്കാനാവുകയില്ല. ഒരു മിഷണറിയായിരിക്കുകയെ

ന്നത് മതംമാറ്റലോ കേവലം സമരതന്ത്രമോ അല്ല. പ്രേഷിതത്വം വിശ്വാസത്തിന്റെ "വ്യാകരരണത്തിന്റെ" ഭാഗമാണ്. "വരുക" "മുന്നോട്ടു പോകുക" എന്നിങ്ങനെ മന്ത്രിക്കുന്ന പരിശുദ്ധാത്മാവിന്റെ ശബ്ദം ശ്രവിക്കുന്ന സകലർക്കും സാരാംശപരമായിട്ടുള്ള ഒന്നാണത്. ക്രിസ്തുവിനെ അനുകരിക്കുന്നവർക്ക് മിഷണറിമാരാകാതിരിക്കാൻ സാധ്യമല്ല. എന്തെന്നാൽ യേശു "തങ്ങളോടൊപ്പം സഞ്ചരിക്കുകയും തങ്ങളോടു സംസാരിക്കുകയും, തങ്ങളോടൊപ്പം ശ്വസിക്കുകയും ചെയ്യുന്നുവെന്ന് അവർ അറിയുന്നു. മിഷൻ പ്രവർത്തനങ്ങളിൽ അവിടന്ന് തങ്ങളോടൊപ്പം ജീവിക്കുന്നുവെന്ന് അവർ മനസ്സിലാക്കുന്നു" (സുവിശേഷ സന്തോഷം; 266).

മിഷൻ എന്നത് യേശുവിനോടുള്ള തീവ്രസ്നേഹമാണ്. അതേസമയം അത് അവിടത്തെ ജനത്തോടുള്ള തീവ്രസ്നേഹവുമാണ്. ക്രൂശിതനായ യേശുവിന്റെ മുമ്പിൽ പ്രാർത്ഥിക്കുമ്പോൾ അവിടത്തെ സ്നേഹത്തിന്റെ ആഴം നാം മനസ്സിലാക്കുന്നു. നമുക്കു മഹത്ത്വവും നിലനില്പും നല്കുന്ന സ്നേഹത്തിന്റെ ആഴം നാം ഗ്രഹിക്കുന്നു. അതേസമയം ക്രിസ്തുവിന്റെ മുറിവേല്പിക്കപ്പെട്ട ഹൃദയത്തിൽ നിന്നു പ്രവഹിക്കുന്ന സ്നേഹം ദൈവജനത്തെയും മുഴുവൻ മനുഷ്യവംശത്തെയും ആശ്ലേഷിക്കാൻ വികസിക്കുന്നുവെന്നു നാം മനസ്സിലാക്കുകയും ചെയ്യുന്നു. തന്റെ പ്രിയജനത്തോടും (cf ibid. 268) നിർമ്മലഹൃദയത്തോടെ തന്നെ തേടുന്ന എല്ലാ മനുഷ്യരോടും അടുക്കുന്നതിനു നമ്മെ ഉപയോഗിക്കാൻ അവിടന്ന് ആഗ്രഹിക്കുന്നുവെന്ന് നാം ഒരിക്കൽക്കൂടി മനസ്സിലാക്കുന്നു. "മുന്നോട്ടു പോകുക" എന്നാണ് യേശുവിന്റെ കല്പന. സഭയുടെ പ്രേഷിത പ്രവർത്തനത്തിന്റെ രംഗങ്ങളും നിത്യസന്നിഹിതമായിരിക്കുന്ന നവീന വെല്ലുവിളികളും അതിൽ നാം കാണുന്നു. സഭയുടെ എല്ലാ അംഗങ്ങളും അവരുടെ ജീവിതസാക്ഷ്യം വഴി സുവിശേഷം പ്രഘോഷിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു. പരിശുദ്ധാത്മാവിന്റെ സ്വരം കേൾക്കാൻ സമർപ്പിതരോട് പ്രത്യേകമാംവിധം ആവശ്യപ്പെട്ടിട്ടുണ്ട്. പരിശുദ്ധാത്മാവ് അവരോട് അതിർത്തികളിലേക്കു പോകാൻ, ഇന്നോളം സുവിശേഷം പ്രസംഗിക്കപ്പെട്ടിട്ടില്ലാത്തവരിലേക്കു പോകാൻ ആഹ്വാനം ചെയ്യുന്നു.

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ആദ് ജെന്തെസ് എന്ന ഡിക്രിയുടെ അമ്പതാം വാർഷികമാണിത്. ആ പ്രമാണരേഖ വീണ്ടും വായി

ക്കാനും അതിന്റെ ഉള്ളടക്കങ്ങളെക്കുറിച്ചു ചിന്തിക്കാനുമുള്ള ഒരാഹ്വാനം നമുക്ക് എല്ലാവർക്കും അതു നല്കുന്നു. സമർപ്പിതജീവിതത്തിന്റെ ഇൻസ്റ്റിറ്റ്യൂട്ടുകളിൽ ശക്തമായ പ്രേഷിത സ്പന്ദനം ഉണ്ടാകണമെന്ന് ആ പ്രമാണരേഖ ആവശ്യപ്പെട്ടിട്ടുണ്ട്. ധ്യാനാത്മക സമൂഹങ്ങളെ സംബന്ധിച്ചിടത്തോളം, പ്രേഷിതവേലയുടെ മധ്യസ്ഥയായ ഉണ്ണീശോയുടെ വിശുദ്ധ തെരേസ പുതിയ വെളിച്ചത്തിൽ കാണപ്പെടുന്നു. അവൾ നവീകൃത വാഗ്മിത്വത്തോടെ സംസാരിക്കുന്നു. ധ്യാനാത്മക ജീവിതവും പ്രേഷിതത്വവും തമ്മിലുള്ള അഗാധമായ ബന്ധത്തെക്കുറിച്ചു ചിന്തിക്കാൻ അവൾ പ്രചോദിപ്പിക്കുന്നു. പ്രവർത്തനോന്മുഖമായ അനേകം സമൂഹങ്ങളെ സംബന്ധിച്ചിടത്തോളം കൗൺസിലിൽ നിന്ന് ഉയർന്ന പ്രേഷിതത്വ ചൈതന്യം വിജാതീയരുടെ ഇടയിലുള്ള പ്രേഷിതപ്രവർത്തനത്തിലേക്കുള്ള അസാധാരണമായ താത്പര്യം കണ്ടെത്തി. സുവിശേഷപ്രവർത്തനത്തിൽ കണ്ടുമുട്ടിയ അനേകം പ്രദേശങ്ങളിലെയും സംസ്കാരങ്ങളിലെയും സഹോദരീസഹോദരന്മാരോടുള്ള തുറവ് അതിനു മിക്കപ്പോഴും ഉണ്ടായിരുന്നു. തന്മൂലം സമർപ്പിതജീവിതത്തിലെ വ്യാപകമായ "സങ്കലിതസംസ്കാര" ("interculturalism') ത്തെപ്പറ്റി പറയാൻ കഴിയുന്നു. അതുകൊണ്ട് അടിയന്തിരസ്വഭാവമുള്ള ഒരാവശ്യമുണ്ടിവിടെ: യേശു ആണ് മിഷന്റെ കേന്ദ്രസ്ഥവ്യക്തിയെന്ന് വീണ്ടും ഉറപ്പിച്ചു പറയുക. സുവിശേഷപ്രഘോഷണത്തിന് പൂർണമായ സ്വയം സമർപ്പണം അത് ആവശ്യപ്പെടുന്നു. ഇക്കാര്യത്തിൽ ഒരു വിട്ടുവീഴ്ചയും ചെയ്യാൻ സാധ്യമല്ല: ദൈവകൃപയാൽ പ്രേഷിതപ്രവർത്തനം സ്വീകരിക്കുന്നവർ അതു ജീവിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു. അവരെ സംബന്ധിച്ചിടത്തോളം ലോകത്തിന്റെ അതിരുകളിൽ ക്രിസ്തുവിനെ പ്രഘോഷിക്കുന്നതിന് അവിടത്തെ അനുഗമിക്കാനുള്ള മാർഗമായിത്തീരുന്നു. അവർ നേരിടുന്ന പ്രയാസങ്ങൾക്കും ചെയ്യുന്ന ത്യാഗങ്ങൾക്കും അവിടന്ന് ധാരാളമായി പ്രതിഫലം നല്കും. ഈ വിളിയിൽ നിന്നു മാറിപ്പോകാനുള്ള ഏതു പ്രവണതയും - നല്ല കാരണങ്ങളാലാണ് അങ്ങനെ ചെയ്യുന്നതെങ്കിലും അജപാലനപരവും സഭാപരവും മാനുഷികവുമായ അസംഖ്യം കാരണങ്ങൾ അതിനുണ്ടെങ്കിലും - കർത്താവിന്റെ ആഹ്വാനത്തിനു ചേർന്നതല്ല. വ്യക്തിപരമായി സുവിശേഷത്തിനു സേവനം ചെയ്യുകയെന്നതാണ് അവിടന്നു നല്കുന്ന ആഹ്വാനം. മിഷണറി ഇൻസ്റ്റിറ്റ്യൂട്ടുകളിലെ പരിശീലകർ ജീവിതത്തിന്റെയും പ്രവർത്തനത്തിന്റെയും ഈ പദ്ധതി വ്യക്തമായും ആത്മാർത്ഥമായും

സൂചിപ്പിക്കാനും യഥാർത്ഥ പ്രേഷിതത്വവിളി തിരിച്ചറിയാനും കടപ്പെട്ടിരിക്കുന്നു. ധീരതയോടെ സാക്ഷ്യം നല്കാനും ഉദാരതയോടെ പ്രവർത്തിക്കാനും കഴിവുള്ള യുവജനത്തോട്, ആ സാക്ഷ്യവും പ്രവർത്തനവും സംസ്കാരവിരുദ്ധമാണെങ്കിലും, ഞാൻ പ്രത്യേകമായി അഭ്യർത്ഥിക്കുന്നു: **യഥാർത്ഥ മിഷന്റെ ആദർശത്തെ, സമ്പൂർണ സമർപ്പണത്തിലൂടെ ക്രിസ്ത്വനുകരണത്തെ നിങ്ങളിൽ നിന്നു പിടിച്ചുപറിക്കാൻ ആരെയും അനുവദിക്കരുത്**. നിങ്ങൾ സന്ന്യസ്ത പ്രേഷിതത്വജീവിതം തിരഞ്ഞെടുത്തതും, അത് യഥാർത്ഥത്തിൽ എന്തായിരിക്കുന്നവോ അതിനു സന്നദ്ധരാവുകയും ചെയ്തത് എന്തുകൊണ്ടാണെന്ന് മനസ്സാക്ഷിയുടെ അഗാധതയിൽ സ്വയം ചോദിക്കണം: സുവിശേഷപ്രഘോഷണത്തിനു സേവനം ചെയ്യുന്ന സ്നേഹദാനമായതുകൊണ്ടുതന്നെ. നിങ്ങൾ ഒരു വസ്തുത ഓർമ്മിക്കണം. സുവിശേഷപ്രഘോഷണം ഇന്നോളം കേട്ടിട്ടില്ലാത്തവർക്ക് അത് അത്യാവശ്യമാണ്. എന്നാൽ അതിനുമുമ്പേ ഗുരുവിനെ സ്നേഹിക്കുന്നവരെ സംബന്ധിച്ച് അത് അത്യാവശ്യമാണ്.

ഇന്നു സഭയുടെ പ്രേഷിതപ്രവർത്തനം ഒരു വെല്ലുവിളി നേരിടുന്നു. ജനങ്ങൾ അവരുടെ വേരുകളിലേക്ക് തിരിച്ചുപോകുകയും അവരുടെ സംസ്കാരങ്ങളുടെ മൂല്യങ്ങൾ സംരക്ഷിക്കുകയും ചെയ്യുകയെന്ന സർവജനതകളുടെയും ആവശ്യങ്ങളെ കണ്ടെത്തുകയെന്നതാണ് ആ വെല്ലുവിളി. അതിന്റെ അർത്ഥം ഇതാണ്: മറ്റു പാരമ്പര്യങ്ങളെയും ചിന്താപദ്ധതികളെയും അറിയുകയും ആദരിക്കുകയും ചെയ്യുക. ദൈവിക ജ്ഞാനത്തിന്റെ രഹസ്യത്തിലേക്കു പ്രവേശിക്കാനും യേശുവിന്റെ സുവിശേഷം സ്വീകരിക്കാനും സ്വന്തം പാരമ്പര്യങ്ങളിൽ ആന്തരികമായി സഹായിക്കപ്പെടാൻ എല്ലാ ജനതകൾക്കും സംസ്കാരങ്ങൾക്കും അവകാശമുണ്ടെന്ന് മനസ്സിലാക്കിക്കൊണ്ട് അങ്ങനെ ചെയ്യണം. യേശു സകല സംസ്കാരങ്ങൾക്കുമുള്ള പ്രകാശവും പരിവർത്തനാത്മക ശക്തിയുമാണ്.

സങ്കീർണമായ ഈ പ്രവർത്തനത്തിൽ നാം നമ്മോടു തന്നെ ചോദിക്കുന്നു: "ആരോടാണ് നാം ആദ്യം സുവിശേഷം പ്രസംഗിക്കേണ്ടത്"? സുവിശേഷം മുഴുവനിലും നാം മിക്കപ്പോഴും കാണുന്നതാണ് ഇതിന്റെ ഉത്തരം: ദരിദ്രരോട്, എളിയവരോട്, രോഗികളോട്, മിക്കപ്പോഴും അവഗണിക്കപ്പെട്ടവരോട്, വിസ്മരിക്കപ്പെട്ടവരോട്, പ്രതിഫലം നല്കാൻ കഴി

വില്ലാത്തവരോട് (cf. ലൂക്കാ 14:13-14)നമ്മിൽ ഏറ്റവും എളിയവരോട് പ്രത്യേക പരിഗണന കാണിച്ചുകൊണ്ടുള്ള സുവിശേഷവത്കരണം യേശു സ്ഥാപിക്കാൻ വന്ന രാജ്യത്തിന്റെ അടയാളമാണ്. "നമ്മുടെ വിശ്വാസവും ദരിദ്രരും തമ്മിൽ അവിഭാജ്യമായ ഒരു ബന്ധമുണ്ട്. ഒരിക്കലും നാം അവരെ ഉപേക്ഷിക്കരുത്" (സുവിശേഷസന്തോഷം, 48). സമർപ്പിത പ്രേഷിതജീവിതം സ്വീകരിച്ചവർക്ക് ഇത് സർവോപരി വ്യക്തമായിരിക്കണം: ദരിദ്രരോടു പക്ഷം ചേരുന്ന ക്രിസ്തുവിനെ അനുഗമിക്കാൻ ദാരിദ്ര്യവ്രതം വഴി അവർ നിശ്ചയിച്ചു. അവരോടൊപ്പം അനുദിനജീവിതത്തിന്റെ അനിശ്ചിതത്വങ്ങളിൽ ജീവിച്ചുകൊണ്ടും അധികാരത്തിനുള്ള എല്ലാ അവകാശവാദവും ഉപേക്ഷിച്ചുകൊണ്ടും അങ്ങനെ ദരിദ്രരുടെ സഹോദരീസഹോദരന്മാരായിത്തീരാനും അതുവഴി അവർക്ക് സുവിശേഷസന്തോഷത്തിന്റെ സാക്ഷ്യവും ദൈവസ്നേഹത്തിന്റെ അടയാളവും നല്കാനും നിശ്ചയിച്ചു.

ക്രൈസ്തവസാക്ഷികളായും പിതാവിനുള്ള സ്നേഹത്തിന്റെ അടയാളങ്ങളായും ദരിദ്രരുടെയും എളിയവരുടെയും ഇടയിൽ ജീവിച്ചുകൊണ്ട് സഭയുടെ പ്രേഷിതത്വ സേവനത്തിൽ അല്മായരുടെ സാന്നിധ്യം വളർത്താൻ സമർപ്പിതർ കടപ്പെട്ടിരിക്കുന്നു. രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രസ്താവിച്ചതുപോലെ "അല്മായർ സഭയുടെ പ്രേഷിതപ്രവർത്തനത്തിൽ സഹകരിക്കണം. അവർ സാക്ഷികളെന്ന നിലയിലും സജീവോപകരണങ്ങളെന്ന നിലയിലും സഭയുടെ രക്ഷാകരദൗത്യത്തിൽ പങ്കുചേരുന്നുണ്ട്" (ആദ് ജെന്തെസ്, 41). സമർപ്പിതരായ മിഷണറിമാർ തങ്ങളോടൊപ്പം പ്രവർത്തിക്കാൻ ഇഷ്ടപ്പെടുന്നവരെ, കുറച്ചുകാലത്തേക്കാണെങ്കിലും ഈ മണ്ഡലത്തിൽ അനുഭവമുണ്ടാകാൻ ആഗ്രഹിക്കുന്നവരെ, ഉദാരതയോടെ സ്വാഗതം ചെയ്യണം. മാമ്മോദീസയിൽ ഉൾക്കൊണ്ടിരിക്കുന്ന പ്രേഷിതദൗത്യത്തിൽ പങ്കുചേരാൻ ആഗ്രഹിക്കുന്ന സഹോദരീസഹോദരന്മാരാണവർ. മിഷൻ പ്രവർത്തനത്തിന്റെ ഭവനങ്ങളും സ്ഥാപനങ്ങളും അവരെ സ്വാഗതം ചെയ്യാനും അവർക്ക് മാനുഷികവും ആധ്യാത്മികവും അപ്പസ്തോലികവുമായ പിന്തുണ നല്കാനുമുള്ള ഇടങ്ങളാണ്.

സഭയുടെ ഇൻസ്റ്റിറ്റ്യൂട്ടുകളും മിഷണറി കോൺഗ്രിഗേഷനുകളും, യേശുവിന്റെ സുവിശേഷം അറിയാത്തവർക്കുള്ള സേവനത്തിന് മുഴുവനായി സമർപ്പിക്കപ്പെട്ടവയാണ്. അവയുടെ സമർപ്പിതാംഗങ്ങളുടെ

കാരിസങ്ങളും പ്രേഷിതദൗത്യങ്ങളും അവ പരിഗണിക്കണമെന്നാണ് ഇതിന്റെ അർത്ഥം. എന്നാൽ സമർപ്പിതർക്ക് സേവനത്തിന്റെ ഒരു വ്യവസ്ഥ കൂടി ഉണ്ടാകണം. റോമിലെ മെത്രാന്റെ താത്പര്യത്തിന്റെ ഒരു പ്രകാശനമാണത്. കൊയ്നോണിയ (കൂട്ടായ്മ) ഉറപ്പുവരുത്തുന്നതിനുവേണ്ടിത്തന്നെ. എന്തെന്നാൽ സഹകരണവും സംയുക്തപ്രവർത്തനവും പ്രേഷിതത്വപരമായ സാക്ഷ്യത്തിന്റെ സാരാംശപരമായ ഭാഗമാണ്. ലോകം വിശ്വസിക്കുന്നതിനുള്ള ഒരു വ്യവസ്ഥയായി യേശു തന്റെ ശിഷ്യന്മാരുടെ ഐക്യത്തെ പ്രതിഷ്ഠിച്ചു (cf. യോഹ 17:21). ഈ ഏകത്ര കേന്ദ്രീകരണം നിഷ്കൃഷ്ടനിയമാനുസാരിത്വമല്ല. സ്ഥാപന പ്രാധാന്യവാദവുമല്ല. വൈവിധ്യത്തിനു പ്രചോദനം നല്കുന്ന പരിശുദ്ധാത്മാവിന്റെ സർഗാത്മകതയെ ശ്വാസം മുട്ടിപ്പിക്കുന്ന പ്രവൃത്തിയുമല്ല. അത് സുവിശേഷസന്ദേശത്തിൽ കൂടുതൽ ഫലദായകത്വം നല്കുന്നതിനും പരിശുദ്ധാത്മാവിന്റെ മറ്റൊരു ഫലമായ ലക്ഷ്യത്തിലുള്ള ഐക്യം വളർത്തുന്നതിനുമാണ്.

വിശുദ്ധ പത്രോസിന്റെ പിൻഗാമികളുടെ മിഷണറി സൊസൈറ്റികൾക്ക് സാർവത്രികമായ അപ്പസ്തോലിക ചക്രവാളമുണ്ട്. അതുകൊണ്ടാണ് സമർപ്പിതജീവിതത്തിന്റെ അനേകം കാരിസങ്ങളും അതിന് ആവശ്യമായിരിക്കുന്നത്. സുവിശേഷവത്കരണത്തിന്റെ വിസ്തൃതചക്രവാളങ്ങളോടു സംസാരിക്കാനും അയയ്ക്കപ്പെട്ടിരിക്കുന്ന ഏതു പ്രദേശത്തും പര്യാപ്തമായ സാന്നിധ്യം ഉറപ്പാക്കാൻ കഴിയുന്നതിനും വേണ്ടിയാണത്.

പ്രിയ സഹോദരീസഹോദരന്മാരേ, യഥാർത്ഥ മിഷണറി സുവിശേഷത്തോട് തീവ്രസ്നേഹമുള്ള വ്യക്തിയാണ്. വിശുദ്ധ പൗലോസ് ശ്ലീഹ ഇങ്ങനെ പറഞ്ഞു: “ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്കു ഹാ കഷ്ടം!” (1 കോറി 9:16). സുവിശേഷം സകല സ്ത്രീപുരുഷന്മാർക്കും സന്തോഷത്തിന്റെയും വിമോചനത്തിന്റെയും രക്ഷയുടെയും ഉറവിടമാണ്. ഈ ദാനത്തെക്കുറിച്ച് സഭയ്ക്ക് അറിയാം. അതുകൊണ്ട് അവൾ “ആരംഭം മുതൽ ഉണ്ടായിരുന്നതും ഞങ്ങൾ കേട്ടതും ഞങ്ങളുടെ കണ്ണുകൾ കൊണ്ടു ഞങ്ങൾ കണ്ടതും” (1 യോഹ 1:1) എല്ലാവരോടും നിരന്തരം പ്രഘോഷിക്കുന്നു. ദിവ്യരഹസ്യത്തിന്റെ സേവകരുടെ - മെത്രാന്മാർ വൈദികർ, സന്ന്യസ്തർ അല്മായർ എന്നിവരുടെ - ദൗത്യം ക്രിസ്തുവിനോടുള്ള വ്യക്തിപരമായ ബന്ധ

ത്തിലേക്കു പ്രവേശിക്കാൻ ആരെയും ഒഴിവാക്കാതെ എല്ലാവരെയും അനുവദിക്കുകയെന്നതാണ്. സഭയുടെ പ്രേഷിതത്വപ്രവർത്തനത്തിന്റെ സമ്പൂർണമണ്ഡലത്തിൽ എല്ലാ വിശ്വാസികളും തങ്ങളുടെ മാമ്മോദീസാപരമായ സമർപ്പണം പൂർണമായി ജീവിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു. ഓരോ വ്യക്തിയുടെയും വ്യക്തിപരമായ സാഹചര്യമനുസരിച്ച് അങ്ങനെ ചെയ്യണം. സമർപ്പിതരായ സ്ത്രീപുരുഷന്മാർക്ക് ഈ സാർവത്രികവിളിയോട് ഉദാരതയോടെ പ്രത്യുത്തരിക്കാൻ കഴിയും. തീവ്രമായ പ്രാർത്ഥനാജീവിതത്തിലൂടെയും കർത്താവിനോടും അവിടത്തെ രക്ഷാകരബലിയോടുമുള്ള ഐക്യത്തിലൂടെയും അതു സാധ്യമാകും.

അന്യരാജ്യങ്ങളിലോ സ്വന്തം നാടുകളിലോ ഓരോ ജീവിതാവസ്ഥയിലും സുവിശേഷം പ്രഘോഷിക്കുന്ന എല്ലാ സ്ത്രീപുരുഷന്മാരെയും സഭയുടെ അമ്മയും മിഷൻ പ്രവർത്തനത്തിന്റെ മാതൃകയുമായ കന്യകാമറിയത്തിന് ഞാൻ സമർപ്പിക്കുന്നു. സുവിശേഷദൗത്യം നിർവഹിക്കുന്ന എല്ലാ മിഷണറിമാർക്കും ഞാൻ ഹൃദയംഗമമായി അപ്പസ്തോലികാശീർവാദം നല്കുന്നു.

വത്തിക്കാനിൽ നിന്ന്, 24 മേയ് 2015, പെന്തക്കൊസ്തത്തിരുനാൾ
ഫ്രാൻസിസ് പാപ്പാ

Ref: 2895/K-5/KCBC/OL/DS

25 August 2015

# സൃഷ്ടിയുടെ സംരക്ഷണത്തിനുവേണ്ടി ലോകപ്രാർത്ഥനാദിന സ്ഥാപനപ്രഖ്യാപനം

## ഫ്രാൻസിസ് മാർപാപ്പാ

എന്റെ വന്ദ്യസഹോദരന്മാരായ, നീതിക്കും സമാധാനത്തിനും വേണ്ടിയുള്ള പൊന്തിഫിക്കൽ കൗൺസിലിന്റെ പ്രസിഡന്റായ കാർഡിനൽ പീറ്റർ കോഡ്വോ അപ്പിയ ടർക്ക്സൺ, ക്രൈസ്തവ ഐക്യം വളർത്തുന്നതിനുവേണ്ടിയുള്ള പൊന്തിഫിക്കൽ കൗൺസിലിന്റെ പ്രസിഡന്റായ കാർഡിനൽ കുർട്ട് കോക് എന്നിവർക്ക്.

സൃഷ്ടിയുടെ ഭാവിയെക്കുറിച്ച് (cf. Encyclical Letter *Laudato Si,* 7-9) എന്റെ പ്രിയ സഹോദരനായ എക്യുമെനിക്കൽ പാത്രിയാർക്കീസ് ബർത്തലോമിയോയ്ക്കുള്ള ഉത്കണ്ഠയിൽ പങ്കുചേർന്നുകൊണ്ടും, അദ്ദേഹത്തിന്റെ പ്രതിനിധിയും, നമ്മുടെ പൊതുഭവനത്തിന്റെ സംരക്ഷണത്തെക്കുറിച്ചുള്ള "അങ്ങേക്കു സ്തുതി"യെന്ന ചാക്രികലേഖനത്തിന്റെ അവതരണത്തിൽ പങ്കുചേർന്ന വ്യക്തിയുമായ പെർഗാമുമിലെ മെത്രാപ്പോലീത്തയായ യോവാന്നിസിന്റെ നിർദേശം പരിഗണിച്ചുകൊണ്ടും ഒരു കാര്യം നിങ്ങളെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു: "സൃഷ്ടി സംരക്ഷണത്തിനുവേണ്ടിയുള്ള ലോക പ്രാർത്ഥനാദിനം" കത്തോലിക്കാസഭയിലും ആചരിക്കാൻ ഞാൻ നിശ്ചയിച്ചിരിക്കുന്നു. ഈ വർഷം തുടങ്ങുന്ന ആ പ്രാർത്ഥനാദിനം, കുറേക്കാലമായി ഓർത്തഡോക്സുസഭ ആചരിക്കുന്നതുപോലെ, സെപ്തംബർ 1-ന് തന്നെയായിരിക്കും.

മനുഷ്യവംശം ഇന്നു കടന്നുപോകുന്ന പാരിസ്ഥിതിക പ്രതിസന്ധി തരണം ചെയ്യുന്നതിന് ക്രൈസ്തവരെന്ന നിലയിൽ നമ്മുടെ സംഭാവന നല്കാൻ നമ്മൾ ആഗ്രഹിക്കുന്നു. അതുകൊണ്ട് ഒന്നാമതായി സൃഷ്ടിപരിപാലനത്തിനുള്ള നമ്മുടെ തീവ്രവികാരത്തെ വളർത്തുന്ന കാരണങ്ങളെ നമ്മുടെ സമ്പന്നമായ ആധ്യാത്മിക പൈതൃകത്തിൽ

നിന്ന് സ്വീകരിക്കണം. നമുക്കുവേണ്ടി മനുഷ്യനായിത്തീർന്ന ദൈവവചനമായ യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവരാണു നമ്മൾ. അങ്ങനെയുള്ള നമ്മെ സംബന്ധിച്ചിടത്തോളം "ആത്മാവിന്റെ ജീവിതം ശരീരത്തിൽ നിന്നോ പ്രകൃതിയിൽ നിന്നോ ലൗകിക യാഥാർത്ഥ്യങ്ങളിൽ നിന്നോ വേർപെട്ടു നില്ക്കുന്നതല്ല; നമുക്കു ചുറ്റുമുള്ള എല്ലാറ്റിനോടുമുള്ള കൂട്ടായ്മയിൽ, അവയിലും അവയോടുകൂടെയും ജീവിക്കപ്പെടുന്നതാണ്"(cf ibid 216). അതുകൊണ്ട് പാരിസ്ഥിതിക പ്രതിസന്ധി നമ്മിൽ നിന്ന് അഗാധമായ ആധ്യാത്മിക മാനസാന്തരം ആവശ്യപ്പെടുന്നു: "ക്രൈസ്തവർ പാരിസ്ഥിതിക മാനസാന്തരത്തിലേക്കു വിളിക്കപ്പെട്ടിരിക്കുന്നു. അതുവഴി യേശുക്രിസ്തുവുമായിട്ടുള്ള അവരുടെ കണ്ടുമുട്ടലിന്റെ ഫലങ്ങൾ അവരുടെ ചുറ്റുമുള്ള ലോകവുമായി അവർ പുലർത്തുന്ന ബന്ധത്തിൽ പ്രകടമാകും" (cf. ibid 217). അങ്ങനെ "ദൈവത്തിന്റെ കരവേലയുടെ സംരക്ഷകരായിരിക്കാൻ നമുക്കു ലഭിച്ചിട്ടുള്ള വിളിക്കനുസൃതമായി ജീവിക്കുന്നത് പുണ്യജീവിതത്തെ സംബന്ധിച്ചിടത്തോളം സാരാംശപരമാണ്. അത് ക്രൈസ്തവാനുഭവത്തിന് ഒരു ഐച്ഛികവിഷയമല്ല, അപ്രധാനവശവുമല്ല" (ibid).

സൃഷ്ടിയുടെ സൂക്ഷിപ്പുകാരായിരിക്കാൻ നമുക്കു ലഭിച്ച ഈ വിളിയിൽ നമ്മുടെ വ്യക്തിപരമായ ഭാഗഭാഗിത്വം നവീകരിക്കാനും, ദൈവം നമ്മുടെ സൂക്ഷത്തിന് ഏല്പിച്ചിട്ടുള്ള വിസ്മയനീയ സൃഷ്ടിയുടെ സംരക്ഷണത്തിന് അവിടത്തെ സഹായം യാചിക്കാനും, നാം ജീവിക്കുന്ന ലോകത്തിനെതിരേ ചെയ്യപ്പെട്ടിട്ടുള്ള പാപങ്ങൾക്ക് അവിടത്തോടു കരുണാപൂർണമായ മാപ്പു ചോദിക്കാനുമായി ഓരോ വിശ്വാസിക്കും സമൂഹത്തിനും ലഭിക്കുന്ന അമൂല്യമായ അവസരമാണ് സൃഷ്ടി പരിപാലനത്തിനുള്ള വാർഷിക ലോകപ്രാർത്ഥനാദിനാചരണം.

ഓർത്തഡോക്സുസഭ പ്രാർത്ഥനാദിനം ആചരിക്കുന്ന അതേ തീയതിയിൽ നമ്മളും ആചരിക്കുന്നത്, ഓർത്തഡോക്സുസഭയിലുള്ള നമ്മുടെ സഹോദരങ്ങളുമായി നമുക്കുള്ള വർദ്ധമാനമായ കൂട്ടായ്മയ്ക്കു സാക്ഷ്യം വഹിക്കുന്നതിനുള്ള വിലപ്പെട്ട അവസരമായിരിക്കും.

എല്ലാ ക്രിസ്ത്യാനികളും സമാനവും സുപ്രധാനവുമായ വെല്ലുവിളികളെ നേരിടുന്ന കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. അതുകൊണ്ട് അവയോടുള്ള നമ്മുടെ പ്രത്യുത്തരങ്ങൾ പൊതുവായിട്ടുള്ളതായിരിക്കണം. അവ കൂടുതൽ വിശ്വസനീയവും ഫലപ്രദവുമായിരിക്കു

ന്നതിനുവേണ്ടിത്തന്നെ. അതുകൊണ്ട് ഈ ദിനാചരണം മറ്റു സഭകളെയും വിശ്വാസീസമൂഹങ്ങളെയും ഉൾച്ചേർക്കുമെന്നും സഭകളുടെ ലോകകൗൺസിൽ ഈ വിഷയസംബന്ധിയായി വളർത്തിയെടുക്കുന്ന സംരംഭങ്ങളുമായി ഐക്യപ്പെട്ട് ആചരിക്കുമെന്നും ഞാൻ പ്രത്യാശിക്കുന്നു.

നീതിക്കും സമാധാനത്തിനുവേണ്ടിയുള്ള പൊന്തിഫിക്കൽ കൗൺസിലിന്റെ പ്രസിഡന്റായിരിക്കുന്ന അല്ലയോ കർദിനാൾ ടർക്ക്സൺ, അങ്ങയോടു ഞാൻ ഒരു കാര്യം അഭ്യർത്ഥിക്കുന്നു. മെത്രാന്മാരുടെ കോൺഫ്രൻസുകളിൽ നീതിക്കും സമാധാനത്തിനുംവേണ്ടിയുള്ള കമ്മീഷനുകളെയും പാരിസ്ഥിതിക പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന ദേശീയവും അന്തർദേശീയവുമായ സംഘടനകളെയും സൃഷ്ടി പരിപാലനത്തിനായുള്ള ലോകപ്രാർത്ഥനാദിനത്തിന്റെ സ്ഥാപനത്തെക്കുറിച്ച് അറിയിക്കണം. ഈ ആചരണത്തിൽ, ആവശ്യങ്ങളും പ്രാദേശിക സാഹചര്യവുമനുസരിച്ച്, ദൈവജനം മുഴുവനും - വൈദികരും സന്ന്യാസിനീ സന്ന്യാസികളും അല്മായരും - വേണ്ടവിധം പങ്കെടുക്കുന്നതിനു വേണ്ടിയാണത്.

ഇക്കാരണത്താൽ മെത്രാന്മാരുടെ കോൺഫ്രൻസുകളുമായുള്ള സഹകരണത്തോടെ ഈ ദിവസത്തെ വളർത്തുന്നതിനും പ്രകാശിപ്പിക്കുന്നതിനും പ്രസക്തമായ സംരംഭങ്ങൾ തുടങ്ങുകയെന്നത് ഈ വകുപ്പിന്റെ ദൗത്യമായിരിക്കും. അങ്ങനെ വർഷം തോറുമുള്ള ഈ ആചരണം പ്രാർത്ഥനയുടെയും വിചിന്തനത്തിന്റെയും മാനസാന്തരത്തിന്റെയും സമുചിതമായ ജീവിതശൈലികൾ സ്വീകരിക്കുന്നതിന്റെയും സുശക്തമായ നിമിത്തമായിത്തീരട്ടെ.

ക്രൈസ്തവ ഐക്യം വളർത്തുന്നതിനുള്ള പൊന്തിഫിക്കൽ കൗൺസിലിന്റെ പ്രസിഡന്റായിരിക്കുന്ന അല്ലയോ കർദിനാൾ കോക്ക്, എക്യുമെനിക്കൽ പ്രേട്രിയാർക്കേറ്റുമായും മറ്റുള്ള എക്യുമെനിക്കൽ സംഘടനകളുമായും വേണ്ട സമ്പർക്കം പുലർത്തണമെന്ന് ഞാൻ അങ്ങയോട് അഭ്യർത്ഥിക്കുന്നു. ഈ ലോകദിനാചരണം ക്രിസ്തുവിൽ വിശ്വസിക്കുന്ന എല്ലാവരും ഒന്നിച്ച് ഒരേ പാതയിലൂടെ സഞ്ചരിക്കുന്നതിന്റെ അടയാളമായിത്തീരട്ടെ. സഭകളുടെ ലോകകൗൺസിൽ തുടങ്ങിയിട്ടുള്ള സമാനമായ സംരംഭങ്ങളെ ഏകോപിപ്പിക്കുന്നതിൽ ശ്രദ്ധിക്കുകയെന്നതും അങ്ങയുടെ വകുപ്പിന്റെ, കാര്യാലയത്തിന്റെ, ദൗത്യമായിരിക്കും.

സൃഷ്ടിയുടെ പരിപാലനത്തിനുവേണ്ടിയുള്ള ലോകപ്രാർത്ഥനാദിനാചരണത്തിന്റെ നല്ല തുടക്കത്തിനും വികസനത്തിനും ആവുന്നത്ര വിശാലമായ സഹകരണമുണ്ടാകുമെന്നു പ്രതീക്ഷിച്ചുകൊണ്ട് ദൈവമാതാവായ കന്യകാമറിയത്തിന്റെയും വിശുദ്ധ ഫ്രാൻസിസ് അസീസിയുടെയും - അദ്ദേഹമാണല്ലോ സ്രഷ്ടാവിനെ സ്തുതിച്ചുകൊണ്ടും സൃഷ്ടിയെ ആദരിച്ചുകൊണ്ടും ജീവിക്കാൻ സന്മനസ്സുള്ള അനേകം സ്ത്രീ പുരുഷന്മാരെ പ്രചോദിപ്പിക്കുന്ന സൃഷ്ടികളെ സംബന്ധിച്ച കീർത്തനം ആലപിച്ചത് - മധ്യസ്ഥത ഞാൻ യാചിക്കുന്നു.

പ്രിയ കർദിനാൾമാരേ, നിങ്ങൾക്കും നിങ്ങളോടു സഹകരിക്കുന്ന എല്ലാവർക്കും ഞാൻ ഹൃദയപൂർവം നല്കുന്ന അപ്പസ്തോലികാശീർവാദത്തോടൊപ്പം ഈ പ്രതിജ്ഞയെ ഞാൻ പിന്താങ്ങുന്നു.

വത്തിക്കാനിൽ നിന്ന് 2015 ആഗസ്റ്റ് 6-ാംതീയതി കർത്താവിന്റെ രൂപാന്തരീകരണത്തിരുനാൾ ദിവസം

**ഫ്രാൻസിസ് മാർപാപ്പാ**

കാത്തലിക് ബിഷപ്സ് ഹൗസ്
ഹോളി ട്രിനിറ്റി കത്തീഡ്രൽ
ട്രിച്ചി റോഡ്, രാമനാഥപുരം
കോയമ്പത്തൂർ - 641045

# അറിയിപ്പ്

ഈശോ മിശിഹായിൽ സ്നേഹമുള്ളവരെ,

ഒരു പ്രത്യേക കാര്യത്തിനായിട്ടാണ് ഞാൻ ഈ കത്തെഴുതുന്നത്. രൂപതാ ബുള്ളറ്റിന്റെയും (സാൻതോം വോയ്സ്) 'ത്രിയേകത്തിന്റേയും കഴിഞ്ഞ ലക്കത്തിൽ (ജൂൺ 2015) എറണാകുളം അങ്കമാലി അതിരൂപത കാര്യാലയത്തിൽ നിന്ന് ലഭിച്ച ഒരു വാർത്ത "അറിയിപ്പ്" എന്ന ശീർഷകത്തിൽ രൂപതാ കാര്യാലയത്തിൽ നിന്ന് പ്രസിദ്ധീകരിച്ചിരുന്നു.

ഡോട്ടേഴ്സ് ഓഫ് ചാരിറ്റ് ഓഫ് ദി മോസ്റ്റ് പ്രഷ്യസ് ബ്ലഡ് (DCPB) എന്ന സന്യാസിനീ സമൂഹത്തിലെ അംഗമായിരുന്ന ഡോ. ലീന മാളിയേക്കലിന്റെ സന്യാസ സമൂഹംഗത്വം വത്തിക്കാനിലെ സന്യാസ സമൂഹങ്ങൾക്കും അപ്പസ്തോലിക സമൂഹങ്ങൾക്കും വേണ്ടിയുള്ള കാര്യാലയത്തിന്റെ തീരുമാനപ്രകാരം (Prot No. 23076/2011) റദ്ദാക്കിയെന്നും, ഡോ. ലീന തനിക്ക് ലഭിച്ചുവെന്ന പറയുന്ന "വെളിപാടുകളെ" ആസ്പദമാക്കി ഒരു സമൂഹം രൂപീകരിക്കുകയും വെളിപാടും വിശ്വാസവും സംബന്ധിച്ച കത്തോലിക്ക സഭയുടെ ഔദ്യോഗിക നിലപാടുകൾക്ക് വിരുദ്ധമായ പഠനങ്ങൾ പ്രചരിക്കുകയും ചെയ്തതിനാൽ ആവശ്യമായ പഠനങ്ങൾക്കും പ്രാർത്ഥനപൂർവ്വമായ ആലോചനകൾക്കും ശേഷം എറണാകുളം- അങ്കമാലി അതിരൂപതാദ്ധ്യക്ഷൻ അത്തരം "വെളിപാടുകൾ" പഠിപ്പിക്കുന്നതിലും പ്രചരിപ്പിക്കുന്നതിലും നിന്ന് ഡോ. ലീനയെ വിലക്കിയിട്ടുണ്ടെന്നും പറഞ്ഞുകൊണ്ടുള്ള അറിയിപ്പായിരുന്നു അത്. ഡോ. ലീനയുടെ അത്തരം പ്രവർത്തനങ്ങൾക്ക് സഭയുടെ അംഗീകാരമില്ലെന്നും അറിയിപ്പിൽ പറഞ്ഞിട്ടുണ്ട്. ("എറണാകുളം മിസ്സം" ഏപ്രിൽ 2015, P 37).

സഭയുടെ വിശ്വാസ പൈതൃകം സഭയുടെ പൊതുസമ്പത്താണ്. അത് അഭംഗുരം കാത്തു സൂക്ഷിക്കാനും വ്യാഖ്യാനിച്ചുകൊടുക്കാനുമുള്ള ഉത്തരവാദിത്വം കർത്താവ് തിരുസ്സഭയെയാണ് ഏൽപിച്ചിട്ടുള്ളത്. കാലാകാലങ്ങളിൽ തിരുസ്സഭാ നേതൃത്വം ഈ ദൈവിക ദൗത്യം നിർവ്വഹിക്കുന്നു.

സഭയുടെ ഇപ്രകാരമുള്ള വിശ്വാസ നിക്ഷേപം ദൈവികവെളിപാടിലൂടെ രൂപപ്പെട്ടതാണ്. വി. പൗലോസ് പറഞ്ഞിരിക്കുന്നതുപോലെ, "എല്ലാവരും രക്ഷിക്കപ്പെടണമെന്നും സത്യം അറിയണമെന്നും ആഗ്രഹിക്കുന്ന" (1 തിമോ 2:4( ദൈവം പഴയ നിയമകാലം മുതൽ വെളിപാടുകൾ നൽകിയിരുന്നുവെങ്കിലും ഹെബ്രായർക്കുള്ള ലേഖനത്തിൽ പറഞ്ഞിരിക്കുന്നതുപോലെ, ഇശോമിശി

ഹായിലാണ് ഈ വെളിപാടിന്റെ പൂർണ്ണത നാം കാണുന്നത്. "പൂർവ്വകാല ങ്ങളിൽ പ്രവാചകന്മാർ വഴി വിവിധ ഘട്ടങ്ങളിലും വിവിധ രീതികളിലും ദൈവം നമ്മുടെ പിതാക്കന്മാരോടു സംസാരിച്ചിട്ടുണ്ട്. എന്നാൽ അവസാന നാളുകളിൽ തന്റെ പുത്രൻ വഴി അവിടുന്നു നമ്മോടു സംസാരിച്ചിരിക്കുന്നു" (ഹെബ്രാ:1:1–2). അതുകൊണ്ടു സഭ പഠിപ്പിക്കുന്നു, "മനുഷ്യനായി തീർന്ന ദൈവപുത്രനായ ക്രിസ്തു പിതാവിന്റെ ഏകവും പരിപൂർണ്ണവും അദ്വിതീയ വുമായ വചനമാണ്. അവനിൽ ദൈവം സർവ്വതും സംസാരിച്ചിരിക്കുന്നു. ഈ വചനമല്ലാതെ മറ്റൊരു വചനം ഇനി ഉണ്ടാകാനില്ല".("കത്തോലിക്ക സഭയുടെ മതബോധനഗ്രന്ഥം" നമ്പർ 65). ഈയർത്ഥത്തിൽയേശുക്രിസ്തുവിനെ" എല്ലാ വെളിപാടിന്റെയും മദ്ധ്യസ്ഥനും പൂർണ്ണത'യുമായി കാണുന്ന സഭ (രണ്ടാം വത്തിക്കാൻ സൂനഹദോസ്, "ദൈവാവിഷ്ക്കരണം). ക്രിസ്തുവിന്റെ മഹത്വ പൂർണ്ണമായ രണ്ടാമത്തെ വരവിനുമുമ്പായി ഒരു പരസ്യവെളിപാടും ഉണ്ടാ കുകയില്ല എന്ന് വിശ്വസിക്കുന്നു. തന്റെ ജീവിതവും പ്രബോധനങ്ങളും ജീവ ത്യാഗവും വഴി നിത്യരക്ഷയുടെ മാർഗ്ഗം തുറന്നുകൊടുത്ത കർത്താവ് ജീവി ക്കുന്നവരേയും മരിച്ചവരേയും ജീവിതമനുസരിച്ച് വിധിക്കാൻ രണ്ടാമത് വരു മെന്നല്ലെ നാം വിശ്വാസ പ്രമാണത്തിൽ ചൊല്ലുന്നത് (1 തിമോ: 6:14, തീത്തൂസ്: 2:13) അതായത്, വി.തോമസ് അക്വീനാസ് പ്രസ്താവിച്ചിരിക്കുന്നതുപോലെ എല്ലാ പരസ്യവെളിപാടുകളും അവസാനത്തെ അപ്പസ്തോലന്റെ മരണ ത്തോടെ കഴിഞ്ഞു എന്നത് സഭയുടെ വിശ്വാസ പാരമ്പര്യമാണ്.

ഇത്തരുണത്തിൽ സ്വകാര്യ വെളിപാടുകളെപ്പറ്റിയും ചിന്തിക്കുന്നതു നല്ല താണ്. അതേപറ്റിയുള്ള സഭയുടെ പ്രബോധനം ഇപ്രകാരമാണ്: "നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ മഹത്വപൂർണ്ണമായ പ്രത്യക്ഷപ്പെടലിനു മുമ്പായി നാം ഇനി ഒരു പരസ്യവെളിപാടും പ്രതീക്ഷിക്കേണ്ടതില്ല" (1 തിമോ 6: 14, തീത്തൂസ്: 2:13) "സ്വകാര്യ വെളിപാടുകൾ", ചിലതിന് സഭയുടെ അംഗീ കാരം ലഭിച്ചിട്ടുണ്ടെങ്കിലും, അവ ക്രിസ്തുവിൽ പൂർണ്ണമാക്കപ്പെട്ട വെളിപാ ടിനെ "മെച്ചപ്പെടുത്തുകയോ" "പൂർത്തീകരിക്കുകയോ" അല്ല, ചരിത്രത്തിന്റെ പ്രത്യേക കാലഘട്ടത്തിൽ കൂടുതൽ പൂർണ്ണമായി ജീവിക്കാൻ സഹായിക്കുക മാത്രമാണ് ചെയ്യുന്നത്. അവയെ വിവേചിച്ചറിഞ്ഞു അംഗീകരിക്കാനുള്ള അധി കാരം സഭയുടെ പ്രബോധനാധികാരത്തിനാണ്. ഈയർത്ഥത്തിൽ, ക്രിസ്തു വിൽ പൂർത്തീകരിക്കപ്പെട്ട ദൈവാവിഷ്ക്കാരത്തെ മറികടക്കുന്നതെന്നോ തിരു ത്തുന്നതെന്നോ നടിക്കുന്ന "വെളിപാടുകളെ" അംഗീകരിക്കാൻ ക്രൈസ്തവ വിശ്വാസത്തിന് കഴിയുകയില്ല. ചില അക്രൈസ്തവ മതങ്ങളും സമീപകാ ലത്ത് രൂപം കൊണ്ട ചില ക്രിസ്തീയ സെക്റ്റുകളും മേൽവിവരിച്ച തരത്തി ലുള്ള വെളിപാടുകളേയും ദർശനങ്ങളേയും ആധാരമാക്കിയുള്ളതാണെന്ന് സഭ പഠിപ്പിക്കുന്നു(കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം, നമ്പർ 67).

ഈ പശ്ചാത്തലത്തിലാണ് ഡോ. ലീന മാളിയേക്കലിന് ലഭിച്ചുവെന്ന പറയുന്ന വെളിപാടുകലെ (ഉണ്ണീശോ സംസാരിക്കുന്നു, ഉണ്ണീശോ വീണ്ടും ജനിക്കാൻ പോകുന്നു എന്നിവ) കാണേണ്ടത്. യേശുക്രിസ്തു നിത്യം ജീവിക്കുന്ന ദൈവപുത്രനാണ്. അവിടുന്ന് ഇന്നും സ്വകാര്യ വെളിപാടുകളിലൂടെയും ദർശനങ്ങളിലൂടെയും അത്ഭുതങ്ങളിലൂടെയും രോഗശാന്തികളിലൂടെയും ജാതി-മത ഭേദമെന്യെ മനുഷ്യർക്ക് രക്ഷയുടെയും സമാധാനത്തിന്റെയും അനുഭവം പകരുന്നു. എന്നാൽ ഇത്തരം വെളിപാടുകളുടെയും അത്ഭുതങ്ങളുടെയും നിജസ്ഥിതിയും ദൈവികമായ സുതാര്യതയും ഔദ്യോഗികമായി പഠിച്ച് ദൈവജനത്തെ അറിയിക്കേണ്ടത് സഭയുടെ പ്രബോധനാധികാരമുള്ള സമിതിയാണ്. ഒരു മെത്രാനോ, വൈദികനോ, സന്യാസിനിയോ, അല്മായനോ ഒറ്റയ്ക്ക് ചെയ്യേണ്ടതല്ല അത്. ദൈവം ഒരു വ്യക്തിയിലോ ഒരു സ്ഥലത്തോ ഒരു സമൂഹത്തിലോ ഇടപെടാനോ അത് തടയാൻ ഈ ലോകത്തിൽ ആർക്കും സാധിക്കുകയില്ല. അതേ സമയം അത്തരം ഇടപെടലുകളുടെ നിജസ്ഥിതിയും സത്യാവസ്ഥയും അറിയാൻ ബന്ധപ്പെട്ട സഭാദികാരിയുടെ തീരുമാനത്തിനായി ഓരോ സഭാംഗവും ക്ഷമയോടെ, പ്രാർത്ഥനാപൂർവ്വം കാത്തിരിക്കണം, അപ്രകാരം ചെയ്യാതെ, സഭാധികാരത്തെ ചോദ്യം ചെയ്തും അനുസരിക്കാതെയും സഭാവിരുദ്ധ പ്രവർത്തനങ്ങൾ നടത്തുന്നത് ദൈവജനത്തിന്, അതിലൂപരി നേതൃനിരയിലുള്ള ഒരു വൈദികന്, സന്യാസിക്ക്, സന്യാസിനിക്ക് ഒരിക്കലും ചേർന്നതല്ല.

കത്തോലിക്ക ക്രിസ്തീയ ജിവിതത്തിന്റെ ആത്മാവ് പ. ത്രിത്വത്തിലും ക്രിസ്തുവിന്റെ തുടർച്ചയായ സഭയിലുള്ള വിശ്വാസമാണ്. അത് ക്രിസ്തുവിൽ പൂർത്തിയാക്കപ്പെട്ട വെളിപാടിൽ അധിഷ്ഠിതവുമാണ്. മാനുഷികമായ എന്തെല്ലാം ഗുണങ്ങളും കഴിവുകളും ഒരു സഭാംഗത്തിനുണ്ടായാലും ഈ വിശ്വാസത്തിൽ കലർപ്പുണ്ടായാൽ അത് ക്രിസ്തീയ ജീവിതത്തേയും സാക്ഷ്യത്തേയും നിഷേധാത്മകമായി ബാധിക്കും. ഈയർത്ഥത്തിൽ, ഡോ. ലീന മാളിയേക്കലും അവരെ അനുകൂലിക്കുന്നവരും ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്ന സഭാവിരുദ്ധ പ്രവർത്തനം സഭാസമൂഹത്തിൽ അസ്വസ്ഥത ഉണ്ടാക്കാൻ മാത്രമെ ഉപകരിക്കുക. നിർഭാഗ്യവശാൽ, ഡോ. ലീനയെ അനുകൂലിക്കുന്നവരുടെ കൂട്ടത്തിൽ നമ്മുടെ രൂപതയിലെ ഫാ.സെബാസ്റ്റ്യൻ (സെബി) കുണ്ടുകുളവും (ഗാന്ധിപുരം ഇടവക)പെട്ടുന്നവെന്നതാണ് വേദനാജനകമാണ്. നമുക്ക് അദ്ദേഹത്തിനുവേണ്ടി പ്രാർത്ഥിക്കാം.

സത്യത്തിന്റെ പൂർണ്ണതയായ ക്രിസ്തുവിന്റെ പ്രതിനിധിയും സഭയുടെ നാവുമാകാൻ വിളിക്കപ്പെട്ട ഒരു വൈദികൻ സഭയുടെ ഔദ്യോഗിക പഠനങ്ങൾക്ക് വിരുദ്ധമായി പഠിപ്പിക്കുന്നതും എഴുതുന്നതും സഭാവിരുദ്ധ പ്രസ്ഥാനങ്ങളിൽ മുഴുകുന്നതും ഒരു തരത്തിലും അംഗീകരിക്കാൻ കഴിയില്ലെന്നും

ഡോ. ലീനയ്ക്ക് ലഭിച്ചുവെന്ന് പറയുന്ന വെളിപാടുകളെപ്പറ്റിയുള്ള സഭയുടെ ആത്യന്തിക നിലപാട് അറിയുന്നതുവരെ ക്ഷമാപൂർവ്വം കാത്തിരിക്കണമെന്നും ബ. സെബാസ്റ്റ്യനച്ചനോട് നേരിട്ടും എഴുത്തിലൂടെ ബന്ധപ്പെട്ട വ്യക്തികളിലൂടെയും ഞാൻ പലപ്രാവശ്യം ആവശ്യപ്പെട്ടിരുന്നു. ഈ സാഹചര്യത്തിൽ ഒരു തരത്തിലും സഭയുടെ മുഖ്യധാരായിലേക്കും പൗരോഹിത്യ ശുശ്രൂഷയിലേക്കും തിരിച്ചുവരാൻ തയ്യാറല്ലെന്നു അച്ചൻ എഴുതി അറിയിച്ചതിന്റെ അടിസ്ഥാനത്തിലാണ് രൂപതയിൽ അദ്ദേഹത്തിന്റെ ഒഴിവാക്കിയതും പൗരോഹിത്യ-അജപാലന ശുശ്രൂഷകളിൽ നിന്ന് മറിച്ചൊരു തീരുമാനമുണ്ടാകുന്നതുവരെ അദ്ദേഹത്തിന് മുടക്ക് ഏർപ്പെടുത്തിയിട്ടുള്ളതും (കല്പനനമ്പർ 86/ 2015, 05.06.2015) ഈ തീരുമാനപ്രകരാം 08.06.2015ന് പ്രാബല്യത്തിലായി. അതനുസരിച്ച് തിരുവചനം പ്രഘോഷിക്കുവാനും വി. ബലിയർപ്പിക്കുവാനും മറ്റു കൂദാശകളും കൂദാശാനുകരണങ്ങളും (വി. കുർബ്ബാന എഴുന്നെള്ളിച്ചുവച്ചുകൊണ്ടുള്ള  പ്രാർത്ഥന, ആരാധന ഉൾപ്പെടെ) പരികർമ്മം ചെയ്യാനും പാരാലിറ്റർജിക്കൽ ശുശ്രൂഷകൾക്കും മറ്റു ഭക്തകൃത്യങ്ങൾക്കും നേതൃത്വം വഹിക്കാനും അച്ചന് അനുവാദമില്ല. ഇക്കാര്യം സന്യസ്തരുമുൾപ്പെടെയുള്ള എല്ലാ വൈദികരും മറ്റു സന്യസ്തരും അല്മായരും മനസ്സിലാക്കാണം എന്ന് അറിയിക്കുന്നു.

അതനുസരിച്ച്, ഡോ. ലീനയോ,ഫാ. സെബാസ്റ്റ്യൻ കുണ്ടുകുളമോ മറ്റാരെങ്കിലുമോ നേതൃത്വം ഹിക്കുന്നതോ പ്രോത്സാഹിപ്പിക്കുന്നതോ ആയ ഒരു സഭാവിരുദ്ധ പ്രസ്ഥാനത്തിലേയ്ക്കും തെറ്റിദ്ധരിച്ചുപോകരുത് എന്നുകൂടി ഇത്തരുണത്തിൽ സഭാവിശ്വാസികളോട് ഞാൻ അഭ്യർത്ഥിക്കുകയാണ്. ആരെങ്കിലും അങ്ങനെയുള്ള പ്രസ്ഥാനങ്ങളിലേക്ക് പോകുകയോ പോകാൻ മറ്റുള്ളവരെ പ്രേരിപ്പിക്കുകയോ ചെയ്താൽ അവർക്കെതിരെ സഭാപരമായ നടപടികളുണ്ടാകുമെന്നുകൂടി ഞാൻ ഓർമ്മിപ്പിക്കുന്നു.

വി. ആഗസ്തിനോസിന്റെ വാക്കുകളും ബോദ്ധ്യവും ഇത്തരുണത്തിൽ നമുക്ക് സ്വന്തമാക്കാം. “ക്രിസ്തീയ ജീവിതം പ. ത്രിത്വത്തിൽ വിശ്വസിച്ച് സഭയിലൂടെ സഞ്ചരിച്ച് നിത്യജീവിതത്തിലെത്തിച്ചേരലാണ്. ഈശോയിലൂടെ വെളിപ്പെടുത്തപ്പെട്ട പ. ത്രിത്വത്തിൽ വിശ്വസിച്ച് വി. പത്രോസിന്റെ നേതൃത്വത്തിന് ഭരമേൽപ്പിക്കപ്പെട്ട സഭയിലൂടെ സഞ്ചരിച്ച് സ്വർഗ്ഗരാജ്യത്തിലെത്തിച്ചേരാൻ നമുക്ക് ഏക മനസ്സോടെ ഒറ്റകെട്ടായി മുന്നേറാം. പ. അമ്മ തന്റെ, തിരുക്കുമാരനോടു ചേർത്ത് പിടിച്ച് നമ്മെ വഴി നടത്തട്ടെ.

സ്നേഹപൂർവ്വം

ഈശോയിൽ നിങ്ങളുടെ വത്സലപിതാവ്

**മാർ പോൾ ആലപ്പാട്ട്**

രാമനാഥപുരം രൂപതാ മെത്രാൻ

# EASTERN CATHOLIC CHURCHES IN AUSTRALIA

**(This document has been produced to assist priests and deacons of the Latin Catholic Church in their parish pastoral ministry. It has not attempted to be a scholarly or technical treatment. Often, as regards questions about marriage, a canonist will need to be consulted).**

## 1 - Historical Background

The term *Eastern Churches* refers to the Churches that developed in the eastern half of the Roman Empire, and those outside the Empire dependent on them. Some (but not all) non-Catholic Eastern Churches are called *Orthodox Churches*. The Eastern or Oriental Churches are not a strict unity, but a number of individual Churches.

At present, there are twenty-three groups of Eastern Christians who with the Latin Church form the Catholic Church governed by the successor of Peter and bishops in communion with him.

## 2 - The Notion and Nature of a Church and a Rite

**2.1 - Church:** The canonical term *autonomous (sui iuris) Churches* is used for the twenty-four groups (the Latin, and the twenty-three Eastern groups) of the Catholic faithful bound together by a hierarchy, and which are expressly or tacitly acknowledged as autonomous by the Holy See. There is the principle that all autonomous Churches - including the Latin - are of equal dignity, and none is superior to another by virtue of rite.

**2.2 - Rite:** A *rite* is the liturgical, theological, spiritual and disciplinary heritage, differentiated by culture and historical circumstances, by which each autonomous Church expresses its own manner of living the faith. There are nine Eastern rites arising from the Alexandrian, Antiochene, Armenian, Chaldean and Constantinopolitan traditions.[1] They are the Coptic and Geez rites (from the Alexandrian tradition); the Maronite, Syrian and Syro-Malankara rites (from the Antiochian tradition); the Armenian rite (from the Armenian tradition); the Chaldean and Syro-Malabar rites (from the Chaldean tradition); and the Byzantine rite (which is used by each of the fourteen

autonomous Churches of the Constantinopolitan tradition).

## 3 - The Code of Canons of the Eastern Churches

*The Code of Canon Law* promulgated in 1983 is the Code for the Latin Church. The twenty-three Eastern Catholic autonomous Churches are not bound by it in any way. Instead they are all bound by *The Code of Canons of the Eastern Churches* promulgated in 1990. It contains 1546 canons (as against 1752 canons in the Latin Code).

## 4 - Territoriality of Jurisdiction

Membership of an autonomous Church is personal, and adheres to the person wherever he/she is. However, if an individual acquires a domicile or quasi-domicile outside the territory of his/her autonomous Church, he/she is subject to a different authority to his/her own Church authority (see 5.2 & 5.3).

## 5 - Pastoral Care of Eastern Catholics in Australia

**5.1 - For those for whom an eparchy has been established:** In Australia, this is the situation for Chaldeans,[2]Maronites,[3] Melkites,[4] Syro-Malabars[5] and Ukrainians of Byzantine rite.[6] Each eparchy has an eparch (diocesan bishop) with clergy and parishes. The faithful are *ipso facto* excluded entirely from the jurisdiction of the Latin Church bishops, and subject to the exclusive jurisdiction of their own eparch.

**5.2 - For those for whom there is no eparchy, but there is the presence of a priest of an autonomous Eastern Church**: In Australia, there are priests of six such Churches, namely the Armenian, Coptic, Romanian, Russian, Syrian and Syro-Malankaran Churches. These priests, and the faithful of these Churches, are subject to the Latin Church diocesan bishops in all matters as Latin Church priests and faithful are, except for liturgical matters.

**5.3 - For those who have neither Eastern Church bishop nor priest:** In Australia, this is the situation for the Eritrean and Ethiopian Churches, and for ten of the Byzantine rite Churches, namely the Albanians, Belarusans, Bulgarians, Greeks, Hungarians, Kri•evcis, Italo-Albanians, Macedonians, Ruthenians and Slovaks. The faithful of these Churches (except the Ruthenians and Slovaks) are under the care and jurisdiction of the Latin Church bishops and priests, who should facilitate the observance of their own laws, traditions and customs. The Ruthenians and Slovaks in Australia are under the care of the Ukrainians.

## 6 - Ascription to an Autonomous Catholic Church

### 6.1 - Membership by baptism

**6.1.1 - Below the age of fourteen years:** the following principles apply:

1 - Parents Catholic of the same autonomous Church - children are of that Church

2 - Parents Catholic of different autonomous Churches - children are of the Church of the father, unless both parents agree that children are of the mother's Church

3 - One parent Catholic - children are of the Church of the Catholic parent

4 - An unmarried mother - children are of her Church

5 - Parents unknown - children belong to the Church of the legal guardians

6 - Adopting parents - the above principles apply

7 - Unbaptised parents - children belong to the Church of the person undertaking education in the Catholic faith.

**6.1.2 - Fourteen years and older:** Any autonomous Church may be chosen by the one being baptised.

**6.2 - Transfer to another Church** This can only be granted by the Holy See, unless it is the case of someone wishing to transfer from an autonomous Church to another which has its own diocese/eparchy in the same territory, and the bishops of both dioceses/eparchies agree. In Australia, this applies only to transfer between the Chaldean, Latin, Maronite, Melkite, Syro-Malabar and Ukrainian Churches.

**6.3 - Change of Church by law** A Latin Catholic spouse may join the autonomous Church of the other spouse at the time of or during the marriage; an Eastern Catholic woman may join the Church of her Catholic husband.

**6.4 - Persons entering full Catholic communion** The principle is that they do not change rite, e.g. a Russian Orthodox becomes a Russian Catholic. However, where this is physically or morally impossible (e.g. the corresponding Catholic autonomous Church is not represented in the territory), they may join any Catholic autonomous Church, including the Latin. This aggregation to an autonomous Church is valid, even if done unlawfully.

Protestants becoming Catholics are free to join any Catholic autonomous Church.

### 7 - Sacramental Interecclesial Legislation

Should a Latin Church bishop, priest, or deacon ever have to administer sacraments to Eastern Church Catholics, he always wears Latin Church vestments and follows the Latin Church ritual and ceremonies, unless he has an apostolic indult permitting him to celebrate in more than one autonomous Church.

### 7.1 - Baptism

A Latin Church priest or deacon may baptise a child of an Eastern Church only when a priest or deacon of the proper Eastern Church is unavailable. A priest of the proper Church is considered unavailable when a) the child is in danger of death, b) when the priest of the proper Church is too far away to bring the child to him, or c) when the priest of the proper Church cannot come to baptise the child. In such cases, the Latin celebrant should note the Church of the child in the entry in his own baptismal register, and also send notification of the baptism to the proper priest so that he can register it in his register. If there is no priest of the proper Eastern Church in the country, the registration is made only in the Latin Church register, but with the note about the proper autonomous Church.

A child, no matter where baptised, belongs to the Church to which by the rules of law he/she should belong.

### 7.2 - Chrismation (Confirmation)

In the Eastern Churches (whether Catholic or non-Catholic), this is always administered by the priest with baptism, except in emergency situations, in which cases the priest confirms at the earliest convenience. The *myrrh* (*chrism*) is consecrated by the patriarch or bishop.

Should a Latin Church priest baptise an infant in one of the circumstances noted in 7.1, he cannot confirm validly unless he has the faculty to do so. The baptised child should be taken to the Eastern priest or bishop for confirmation at the earliest convenience.[7]

Latin Church priests (and teachers) should especially keep in mind the principle that in Eastern Churches a child is normally confirmed at baptism. If such children are in a Latin Church parish school, they cannot be confirmed again when the other children (Latin Church) in the class are being confirmed.

Should it be discovered at this time that the Eastern Church child was not confirmed at baptism (e.g. because he was baptised by a Latin Church priest, or in emergency circumstances), he must not be confirmed by the Latin Church bishop, but by his own priest (or bishop).

### 7.3 - Blessed Eucharist

**7.3.1 - Celebration** No priest may celebrate Mass using a liturgical rite of an autonomous Church other than his own without permission of the Holy See.

A priest, invited by a celebrant of a different autonomous Church, may concelebrate Mass in the rite of the other Church. During such a concelebration, a mixing of rites is absolutely forbidden. Moreover, each concelebrant must wear the vestments of his own Church, not of the host Church.

Most Eastern Catholic Churches use leavened bread. Only the Armenians, Maronites and Syro-Malabars use unleavened bread like the Latin Church.

A priest may celebrate on an altar in a church of any autonomous Church in the Catholic Church (using his own rite, of course). He needs permission of the local ordinary to celebrate in a non-Catholic Church, whether Eastern or Western.

While Catholics would normally attend Mass in their own autonomous Church, they may attend Mass in any autonomous Catholic Church, and even fulfil their Sunday obligation in that Church.

**7.3.2 - Reception** Holy Communion may be received in any Catholic Church. First Holy Communion is to be received in one's own autonomous Church, and usually takes place with baptism and confirmation (i.e. in infancy). In these cases, very young children may receive Holy Communion, even before the age of reason.

The ordinary minister for the distribution is a priest; some Eastern Churches include deacons as ordinary ministers. Some Eastern Churches permit lay Eucharistic ministers, but only in cases of "true emergency."

**7.3.3 - Reservation and veneration** All Eastern Catholic Churches reserve the Blessed Sacrament. However, the relatively modern Latin forms of Eucharistic veneration, such as exposition and benediction of the Blessed Sacrament, are unknown in Eastern Catholic Churches (except the Maronites

and Syro-Malabars).

### 7.4 - Penance

The faithful may confess to any Catholic priest - Latin or Eastern - provided he has jurisdiction to hear confessions.

The Eastern Churches do not have automatic censures. However, they have retained the reservation of some serious sins for absolution by the Apostolic See (violation of the sacramental seal, and absolution of an accomplice in a sin against chastity) or by the eparchial bishop (procuring a completed abortion).[8]

### 7.5 - Anointing of the Sick

In case of necessity, Anointing may be requested and received from and Catholic priest. Outside danger, the Latin Church priest should call the priest of the sick person's Church, if available. In some Eastern Churches, priests may concelebrate this sacrament.

### 7.6 - Holy Orders

A bishop may ordain candidates to the diaconate and priesthood only if they are of his own autonomous Church, unless he has an indult from the Holy See.

Currently, all Eastern Catholic Churches ordain married men to the priesthood, with the exception of the Albanian, Bulgarian, Syro-Malabar and Syro-Malankara Churches. Until 2014, such ordinations normally had to be conducted within the proper territory of the Eastern Church. Now they may be conducted anywhere.

Where there is a shortage of priests of a particular autonomous Church, and a need for more adequate pastoral care of the faithful of that Church, some priests receive a bi-ritual indult from the Holy See (usually for three years and renewable), permitting celebration of Mass and the sacraments in both the Latin and an interested Eastern Church.

### 7.7 - Marriage

**7.7.1 - Impediments** There are a few differences with the Latin Church legislation (the Eastern legislation being stricter) as regards affinity and public propriety.

The impediment of spiritual relationship arising from baptism has been abolished in the Latin law. In Eastern law,there arisesfrom baptism a spiritual relationship that invalidates marriage between a sponsor and the baptised person and between the sponsor and a parent of the baptised person.

Some autonomous Churches still retain the subdiaconate as an impediment.

**7.7.2 - Dispensing power** When the faithful of an Eastern Church have no ordinary of their own, the Latin Church local ordinaryis their ordinary (cf. 5.2 & 5.3) and so dispenses. If Eastern Catholics have their own ordinary (cf. 5.1), only he can dispense, and the Latin Church local ordinary would dispense invalidly. Should the parties be of different Churches (e.g. Latin groom and Ukrainian bride), the groom's local ordinary or hierarch should dispense. If it is a mixed marriage, only the Catholic's ordinary can dispense validly.

**7.7.3 - Assistance at marriages of Eastern Catholics** The norm is that marriage should be celebrated before the priest of the groom.

**7.7.3.1 -** In Australia, a Latin Church priest, with faculties to witness marriages, may validly witness the marriage of

1 - Two Latin Church Catholics;

2 - A Latin Church Catholic, with a non-Catholic (whether Eastern non-Catholic, or Protestant);

3 - A Latin Church Catholic with an Eastern Catholic (although this would be unlawful if the groom is the Eastern Catholic and is Chaldean, Melkite, Maronite, Syro-Malabar or Ukrainian of Byzantine rite);

4 - An Eastern Church Catholic whose Church is not established (i.e., an Eastern Catholic other than Chaldean, Melkite, Maronite, Syro-Malabar or Ukrainian of Byzantine rite) with a non-Catholic (Eastern or Protestant);

5 - Two Eastern Catholics (same or differing Churches), neither of whom has their Church established (i.e. two Eastern Catholics, neither of whom is Chaldean, Maronite, Melkite, Syro-Malabar or Ukrainian of Byzantine rite).

**7.7.3.2 -** In Australia, a Latin Church priest, without special delegation from an Eastern Catholic hierarch or from the Holy See or from the Apostolic Nuncio, cannot validly assist at the following marriages, even if they are conducted within his own parish:

1 - Two Eastern Catholics, of which at least one has his/her Church established in Australia (Chaldeans, Maronites, Melkites, Syro-Malabars, Byzantine rite Ukrainians);

2 - An Eastern Catholic, whose Church is established in Australia (Chaldeans, Maronites, Melkites, Syro-Malabars, Byzantine rite Ukrainians) with a Protestant or an unbaptised person (a Latin Church bishop has no authority to permit such a marriage or grant a dispensation for it).

**7.7.3.3 -** It should be noted that Eastern Churches do not accept that a deacon can validly bless a marriage.

**7.7.3.4 -** Most importantly, the marriage of an Eastern Catholic (or non-Catholic) would be invalid if the celebrant did not impart a blessing. The Rite of Marriage for the Latin Church contains several blessings, any of which suffices for validity of a marriage of which one party is an Eastern Catholic.[9]

**7.7.4 - Canonical form** Catholics - whether Latin or Eastern - marrying baptised Eastern non-Catholics are bound to the canonical form of marriage[10] only for lawfulness. If they proceed and marry before a validly ordained non-Catholic priest, they marry validly. Such a marriage cannot be declared null because of lack of canonical form. In Eastern law, a dispensation from the canonical form of marriage is reserved to the Holy See or the patriarch/major archbishop; it cannot be granted by the eparchial bishop.

**8 -Entry into Latin Catholic Parish Schools**

There must be no distinction made between Latin Catholic children and Eastern Catholic children, provided that all the policies and criteria for assessing applications to individual Catholic schools are fulfilled.

25 May 2015
Very Rev. Professor Ian B. Waters
Senior Fellow
Senior Lecturer in Moral Theology and Canon Law
Catholic Theological College, University of Divinity
Melbourne
Most Rev. Robert M McGuckin
Chairman
Australian Catholic Bishops Commission for Canon Law

**(Footnotes)**

[1] In the Latin Church or the patriarchate of Rome, three rites have survived, viz. the Ambrosian, the Mozarabic and the Roman. Within the Roman Rite, some peculiar usages have survived, viz. the Bragan, the Lyonese and those of some religious orders. Some other rites in the West (e.g. the Celtic) and some other usages within the Roman Rite (e.g. the Sarum) have not survived.

[2] This eparchy, created in 2006, embraces all Chaldean Catholics within the entire region of Oceania. The present eparch is Archbishop Amel Nona, who has the personal title of archbishop. The cathedral is at Bossley Park, New South Wales.

[3] This eparchy, created in 1973, embraces all Maronites within Australia. The present eparch is Bishop Antoine Tarabay OLM. The cathedral is at Redfern, New South Wales.

[4] This eparchy, created in 1987, embraces all Melkite Catholics within Australia and New Zealand. The present eparch is Bishop Robert Rabbat. The cathedral is at Darlington, New South Wales.

[5] This eparchy, created in 2014, embraces all Syro-Malabar Catholics within Australia. The present eparch is Bishop Bosco Puthur. The eparchial headquarters are at Mickleham, Victoria.

[6] This was established as an apostolic exarchate in 1958 and as an eparchy in 1982. It embraces all Ukrainian Catholics of Byzantine Rite within the entire region of Oceania The present eparch is Bishop Peter StasiukCSsR. The cathedral is at North Melbourne, Victoria.

[7] Should an Eastern priest baptise a Latin child in extraordinary circumstances, he should not confirm it (respecting the Latin tradition) although if he did the confirmation would be valid.

[8] Reservation of sins has been abolished in the Latin Church.

[9] *The Rite of Marriage* , nn. 33, 49, 65, 119-121.

[10] Marriage before the local ordinary or parish priest or priest or deacon delegated with faculty to bless marriages, and two witnesses.

# കച്ചേരിക്കാര്യങ്ങൾ



## കച്ചേരികാര്യങ്ങൾ

**1. ഓർമിക്കേണ്ട ദിവസങ്ങൾ**

| | | |
|---|---|---|
| ഒക്ടോബർ | 1 : | വി. കൊച്ചുത്രേസ്യ |
| | 2 : | ആദ്യവെള്ളി |
| | : | കാവൽമാലാഖ |
| | 3 : | വി. ഫ്രാൻസിസ് അസ്സീസി |
| | 4 : | **ഏലിയാ സ്ലീവ മൂശ ആറാം ഞായർ** |
| | 11 : | **ഏലിയാ സ്ലീവ മൂശ ഏഴാം ഞായർ** |
| | 15 : | ആവിലായിലെ വി. ത്രേസ്യ |
| | 16 : | വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചൻ |
| | 17 : | അന്ത്യോക്യായിലെ വി. ഇഗ്നേഷ്യസ് |
| | : | വി. ലൂക്കാ സുവിശേഷകൻ |
| | 18 : | **ഏലിയാ സ്ലീവ മൂശ എട്ടാം ഞായർ** മിഷൻ ഞായർ |
| | 25 : | **ഏലിയാ സ്ലീവ മൂശ ഒമ്പതാം ഞായർ** |
| | 28 : | വി. ശിമയോൻ, വി. യൂദാ തദേവൂസ് ശ്ലീഹന്മാർ |
| | 31 : | സകല വിശുദ്ധരുടെയും തിരുനാൾ |

**2. പാസ്റ്ററൽ കൗൺസിൽ അവാർഡ് ദിനം:**

പാസ്റ്ററൽ കൗൺസിൽ അവാർഡ് ദിനം 2015 നവംബർ 14ന് ഉച്ചകഴിഞ്ഞ് 2 മണി മുതൽ ഡി. ബി. സി. എൽ. സി. യിൽ നടത്തുന്നു.

**3. പാസ്റ്ററൽ കൗൺസിൽ യോഗം:**

അടുത്ത പാസ്റ്ററൽ കൗൺസിൽ യോഗം 2015 നവംബർ 14ന് രാവിലെ 9:30 മുതൽ ഉച്ചക്ക് 1 മണി വരെ നടത്തുന്നു. മാർപ്പാപ്പ പ്രഖ്യാപിച്ചതനുസരിച്ച് ഡിസംബർ 8 മുതൽ ആരംഭിക്കുന്ന കാരുണ്യവർഷത്തെ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനാണ് പ്രസ്തുത യോഗം. ബഹു. വികാരിമാർ അംഗങ്ങളെ യോഗത്തിന് പറഞ്ഞുവിടാൻ ശ്രദ്ധിക്കുമല്ലോ.

**4. ഏകദിനജീവിതദർശനസെമിനാറുകൾ:**

8,9 ക്ലാസ്സുകളിൽ പഠിക്കുന്ന ആൺകുട്ടികൾക്കായി യഥാക്രമം നവംബർ 21, 28 എന്നീ തീയതികളിൽ ഏകദിന ജീവിതദർശന സെമിനാറുകൾ നടത്തുന്നു. മഡോണനഗറിലുള്ള സെന്റ് മേരീസ് മൈനർ സെമിനാരിയിൽ വച്ച്

രാവിലെ 9 മുതൽ ഉച്ചതിരിഞ്ഞ് 4 വരെ വരെയായിരിക്കും സെമിനാർ നടക്കുക. താത്പര്യമുള്ള കുട്ടികൾക്ക് സെമിനാറിൽ സംബന്ധിക്കാനാവശ്യമായ സഹായങ്ങൾ ചെയ്തു കൊടുക്കണമെന്ന് ബഹു. വൈദികരോടും സന്യസ്തരോടും മതാധ്യാപകരോടും സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

**5. വൈദികനിയമനം :**

1. ഫാ. ഡെന്നി ചിറയത്ത് - പഠനാവധി മൂന്നുവർഷം; സാധുത 2015 ആഗസ്റ്റ് 15 മുതൽ.
2. ഫാ. റിജോ വിതയത്തിൽ കൊഴുക്കുള്ളിക്കാരൻ - പഠനാവധി രണ്ടു വർഷം; സാധുത 2015 ആഗസ്റ്റ് 17 മുതൽ.
3. ഫാ. ആൻഡ്രൂസ് ആത്തപ്പിള്ളി CMI - സഹായി, മുല്ലശ്ശേരി ഇടവക; സാധുത 2015 ആഗസ്റ്റ് 3 മുതൽ.
4. ഫാ. സിജോ ചെറുവത്തൂർ - പഠനാവധി മൂന്നുവർഷം; സാധുത 2015 സെപ്തംബർ 1 മുതൽ.
5. ഡീ. ബിജു വർഗ്ഗീസ് O.SS.T. - ഡീക്കൻ മിനിസ്ട്രി അരണാട്ടുകര; സാധുത 2015 ആഗസ്റ്റ് 10 മുതൽ 2016 ജനുവരി 10 വരെ.
6. ഡീ. സുബിൻ വലേറിയിൽ MCBS - ഡീക്കൻ മിനിസ്ട്രി പാലക്കൽ; സാധുത 2015 ആഗസ്റ്റ് 8 മുതൽ 2015 നവംബർ 15 വരെ.
7. ഡീ. ആന്റണി പാറത്താഴെ MCBS - ഡീക്കൻ മിനിസ്ട്രി ഏനാമ്മാവ്; സാധുത 2015 ആഗസ്റ്റ് 8 മുതൽ 2015 നവംബർ 15 വരെ.

**6. പ്രത്യേക നിയമനങ്ങൾ**

**1. തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ കുറി കൈക്കാരന്മാർ**

തട്ടിൽ ഉമ്പാവു ജോർജ്ജ് ജീജീ
തറയിൽ കൊച്ചാപ്പു ജിമ്മി
എടത്തിരുത്തിക്കാരൻ ഡേവിസ് വിനോദ്

**2. സോഷ്യൽ സെന്റർ ഹൗസിംഗ്**

**ജനറൽ ബോഡി നോമിനേറ്റഡ് അംഗങ്ങൾ**

മോൺ. ജോർജ്ജ് കോമ്പാറ
ഫാ. ജോയ് മൂക്കൻ
ഫാ. തോമസ് പൂപ്പാടി
ഫാ. ടെഡ്സ് കുന്നപ്പിള്ളി
ശ്രീ. സെബാസ്റ്റ്യൻ മഞ്ഞിയിൽ

ശ്രീ. സി. കെ. പോൾ
ശ്രീ. പി. ജെ. ജോണി

**എക്സിക്യൂട്ടീവ് ബോഡി അംഗങ്ങൾ**

മോൺ. ജോർജ്ജ് കോമ്പാറ
ഫാ. ജോയ് മൂക്കൻ
ഫാ. തോമസ് പൂപ്പാടി
ഫാ. ടെഡ്സ് കുന്നപ്പിള്ളി
ശ്രീ. സെബാസ്റ്റ്യൻ മഞ്ഞിയിൽ
ശ്രീ. സി. കെ. പോൾ
ശ്രീ. പി. ജെ. ജോണി

മാർ റാഫേൽ തട്ടിൽ
തൃശ്ശൂർ അതിരൂപത സഹായമെത്രാൻ




# മെത്രാപ്പോലീത്തായുടെ പരിപാടികൾ

| Date | Day | Time | Programme |
|---|---|---|---|
| 01 | Thu | | Priests' Annual Retreat |
| 02 | Fri | Morning | Priests' Annual Retreat & Priest's Conference |
| | | Evening | KCSL Meeting: Vallarpadam. |
| 03 – 29 | | | Out of Station: **Synod of Bishops at Vatican City.** |
| | | | **XIV Ordinary General Assembly**: The Vocation and Mission of the Family in the Church and the Contemporary World. |
| 29 - 31 | | | Out of Station: **Episcopal Ordination & Installation** of Rev. Msgr Prince Antony Panengadan, |
| | | | the Bishop-elect of the Diocese of Adilabad. |
| 31 | Sat | Morning | Adilabad. |
| | | Evening | Holy Mass at Veluthur |




| DATE | DAY | TIME | PROGRAMME |
|---|---|---|---|
| 01 | THU | Morning | Women's Meet in Lourdes Cathedral |
| | | Evening | Conclusion of Adoration: Elamkulam, Ernakulam |
| 02 | FRI | Morning | Madhya Virudha Samithi Meeting at Basilica |
| | | | Priest Conference at DBCLC |
| | | Evening | Conclusion of Popular Mission Retreat at Tirvilwamala |
| 03 | SAT | Afternoon | Vocationist Sister's First Profession & Vestition at Mannuthy |
| 04 | SUN | Morning | Holy Mass at Calvary Ashram |
| | | Forenoon | Pallan Family Meet at Paravattani |
| | | Afternoon | Thattil Family Meet at Basilica |
| | | Evening | Mariyan Convention at Kottekad |
| 05 - 09 | MON-FRI | | Priest Retreat at Thiruvalla |
| 10 | SAT | Morning | S D Congregation Sister's Vestition at Chittilappilly |
| | | Forenoon | Holy Mass: 1st Death Anniversary of |
| | | | Rev. Fr. Sijo Cheeran at Thandilam |
| | | Afternoon | Holy Mass at Dolour Basilica: Navathy Celebration |
| 11 | SUN | Morning | Holy Mass & Shopping Complex Blessing at Vellattanjur |
| | | Evening | Conclusion of the Retreat at Puranattukara |
| 12 | MON | | Out of Station |
| 13 | TUE | Morning | Holy Mass at Chowannur |
| 14 | WED | | Engaged |
| 15 | THU | | Engaged |
| 16 | FRI | | Office Work |
| 17 | SAT | Morning | Golden Jubilee Celebration of CHF at Olarikara |
| | | Afternoon | Vestition of FCC at Nellikunnu |

| | | | |
|---|---|---|---|
| 18 | SUN | | Episcopal Ordination of Msgr. Antony Kariyil at Mandiya |
| 19 - 21 | | | Mysore |
| 22 | THU | Morning | Religious Year Convention at Kothamangalam |
| | | Afternoon | Holy Mass at L. F Convent School at Mammiyoor |
| 23 | FRI | Afternoon | Holy Mass at Ollur |
| 24 | SAT | Morning | M I Convent Blessing at Thrissur |
| | | Afternoon | Kst Meeting at Emmaus, Kalamassery |
| | | Evening | Marian Convention at Thodupuzha |
| 25 | SUN | Morning | Holy Mass at Puthanpeedika |
| | | Evening | Holy Mass at Kolazhy |
| 26 | MON | Morning | Engaged |
| | | Evening | Christeen: Kottayam – Divine |
| 27 - 31 | | | **Episcopal Ordination & Installation** of Rev. Msgr Prince Antony Panengadan at Adilabad |

# നാളാഗമം

**ആഗസ്റ്റ് 2015**

01. അഭിവന്ദ്യ താഴത്ത് പിതാവ് മേരിമാത മേജർ സെമിനാരിയുടെ Benefactor's Day Meeting-ൽ അധ്യക്ഷത വഹിച്ചു. ഉച്ചതിരിഞ്ഞ് വേലൂപ്പാടം ഇടവക ദൈവാലയത്തിൽ വി. ബലിയർപ്പിച്ച് പിതാപാത ആശീർവദിച്ചു. വൈകിട്ട് പുതുക്കാട് ഫൊറോന മീറ്റിംഗിൽ സംബന്ധിച്ചു. അഭിവന്ദ്യ തട്ടിൽ പിതാവ് ചിയ്യാരം ഇടവകയിൽ വി. ബലിയർപ്പിച്ച് തിരുനാൾ ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്യുകയും പണിതീർത്ത ഷോപ്പിംഗ് കോംപ്ലക്സിന്റെ ആശീർവാദകർമ്മം നടത്തുകയും ചെയ്തു. തുടർന്ന് മരിയാപുരം മിഷൻ ഹോമിൽ ബ്ര. ജോസഫ് MMB, ബ്ര. വിയാനി MMB എന്നിവരുടെ ഒന്നാം ചരമവാർഷികത്തോടനുബന്ധിച്ച് വി. ബലിയർപ്പിച്ചു.

02. അഭിവന്ദ്യ താഴത്ത് പിതാവ് അയ്യന്തോൾ ഇടവകയിൽ നടന്ന കെ. സി. വൈ. എം. സംഘടനയുടെ യോഗത്തിൽ സംബന്ധിച്ചു. ഉച്ചതിരിഞ്ഞ് ബഹു. പോൾ പുളിക്കൻ അച്ചന്റെ പൗരോഹിത്യജൂബിലിയാഘോഷത്തിൽ പങ്കെടുത്തു. അഭിവന്ദ്യ തട്ടിൽ പിതാവ് ഏനാമ്മാവ് ഇടവകയിൽ വി. ബലിയർപ്പിച്ചു. അയ്യന്തോൾ ഇടവകയിൽ നടന്ന കെ. സി. വൈ. എം. ന്റെ ലീഡർഷിപ്പ് മീറ്റിലും ഉച്ചതിരിഞ്ഞ് ഫാ. പോൾ പുളിക്കന്റെ പൗരോഹിത്യ രജതജൂബിലിയാഘോഷത്തിലും പങ്കെടുത്തു.

03. അഭിവന്ദ്യ താഴത്ത് പിതാവ് സെന്റ് പോൾ ഗുരുകുലം സന്ദർശിക്കുകയും ബ്രദേഴ്സിനൊപ്പം വി. ബലിയർപ്പിക്കുകയും ചെയ്തു. ഉച്ചതിരിഞ്ഞ് ലൂർദ്ദ് ഫൊറോന മീറ്റിംഗിലും വിയാനി ഭവനിൽ നടന്ന വിയാനി ഡേ ആഘോഷങ്ങളിലും പങ്കെടുക്കുകയും ചെയ്തു. അഭിവന്ദ്യ തട്ടിൽ പിതാവ് ജൂബിലി മിഷൻ നേഴ്സിംഗ് കോളേജ് അധ്യാപകർക്കു നടന്ന സെമിനാറിൽ പങ്കെടുത്തു. തുടർന്ന് ചേറൂറിൽ വിയാനി ഭവന്റെ ഹോം ഡേ ആഘോഷങ്ങളിൽ പങ്കെടുത്തു.

04–08 അഭിവന്ദ്യ തട്ടിൽ പിതാവ് വിയാനി ഡേയോട് അനുബന്ധിച്ച് രാവിലെ അമലനഗർ ഇടവകയിൽ വി. ബലിയർപ്പിക്കുകയും ഉച്ചതിരിഞ്ഞ് മാന്ദാമംഗലം ഇടവകയിൽ ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു. അഭിവന്ദ്യ പിതാക്കന്മാർ കാക്കനാട് പിതാക്കന്മാരുടെ വാർഷികധ്യാനത്തിൽ പങ്കെടുത്തു.

08. അഭിവന്ദ്യ താഴത്ത് പിതാവ് അങ്കമാലിയിൽ നടന്ന കത്തോലിക്കാ

കോൺഗ്രസ്സ് മോചനയാത്രയുടെ സമാപനസമ്മേളനത്തിൽ മുഖ്യപ്രഭാഷണം നടത്തി.

09 അഭിവന്ദ്യ താഴത്ത് പിതാവ് തിരുവില്ല്വാമല ഇടവകയിൽ ഇടയസന്ദർശനം നടത്തി.

10 അഭിവന്ദ്യ പിതാക്കന്മാർ വൈദിക ഏകദിനസമ്മേളനത്തിൽ പങ്കെടുക്കുകയും തുടർന്ന് അഭയം പാലിയേറ്റീവ് കെയറിന്റെ സെൻട്രൽ ഓഫീസ് ഉദ്ഘാടനം ചെയ്യുകയും ചെയ്തു. അഭിവന്ദ്യ തട്ടിൽ പിതാവ് സെന്റ് തോമസ് കോളേജിൽ നടന്ന മീറ്റിംഗിൽ പങ്കെടുത്തു.

11 അഭിവന്ദ്യ താഴത്ത് പിതാവ് ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ അക്കാദമികവർഷം ഉദ്ഘാടനം ചെയ്തു. ഉച്ചതിരിഞ്ഞ് കാത്തലിക് സെന്ററിൽ അഡ്വക്കേറ്റ് ഫോറത്തിന്റെ Free Legal Aid Centre-ന്റെ ആശീർവാദകർമ്മം നിർവഹിച്ചു. വൈകിട്ട് കൊട്ടേക്കാട് ഫൊറോന യോഗത്തിൽ പങ്കെടുത്തു. അഭിവന്ദ്യ തട്ടിൽ പിതാവ് മേരിമാത മേജർ സെമിനാരിയിൽ വൈദികവിദ്യാർത്ഥികൾക്ക് ക്ലാസ്സെടുത്തു.

12. അഭിവന്ദ്യ താഴത്ത് പിതാവ് പുത്തൂർ ഇടവകയിൽ അഞ്ചാമത്തെ കുഞ്ഞിന്റെ മാമ്മോദീസയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. ആലോചനസമിതിയോഗത്തിൽ പങ്കെടുത്തു. അഭിവന്ദ്യ തട്ടിൽ പിതാവ് മേരിമാത മേജർ സെമിനാരിയിൽ വൈദികവിദ്യാർത്ഥികൾക്ക് ക്ലാസ്സെടുക്കുകയും ഉച്ചതിരിഞ്ഞ് സെന്റ് തോമസ് കോളേജിലെ കോമേഴ്സ് വിഭാഗത്തിന്റെ യോഗത്തിൽ പങ്കെടുക്കുകയും ചെയ്തു. വൈകിട്ട് പീച്ചി ഇടവകയിൽ വി. ബലിയർപ്പിച്ച് സന്ദേശം നൽകി.

13. അഭിവന്ദ്യ താഴത്ത് പിതാവ് ബസിലിക്ക ഫൊറോനയുടെ മീറ്റിംഗിൽ പങ്കെടുത്തു. അഭിവന്ദ്യ തട്ടിൽ പിതാവ് ഫാ. ബിൽജു വാഴപ്പിള്ളിയുടെ അമ്മയുടെ 41–ാം ചരമദിനത്തോടനുബന്ധിച്ച് കടങ്ങോട് ഇടവകയിൽ വി. ബലിയർപ്പിച്ച് പ്രാർത്ഥിച്ചു.

15. അഭിവന്ദ്യ താഴത്ത് പിതാവ് കോലഴി ഇടവകയിൽ വി. ബലിയർപ്പിക്കുകയും ദൈവാലയസമർപ്പണത്തിന് നേതൃത്വം വഹിക്കുകയും ചെയ്തു. സരിതപുരം ഇടവകയിൽ കപ്പേളയും ചിറക്കൽ ഇടവകയിൽ പാരിഷ് ഹാളും ആശീർവദിച്ചു. ഡി. ബി. സി. എൽ. സി. യിൽ നടന്ന മതബോധന സമ്മാനദാന ചടങ്ങിൽ അധ്യക്ഷത വഹിച്ചു. മറ്റം ഇടവകയിലെ സി. എൽ. സി. നവതി ആഘോഷങ്ങളിൽ പങ്കെടുത്തു. അഭിവന്ദ്യ തട്ടിൽ പിതാവ് മണലൂർ പടിഞ്ഞാറ് ഇടവകയിൽ വി. ബലിയർപ്പിച്ച് സെമിത്തേരി ആശീർവാദകർമ്മവും പാരിഷ് ഹാൾ നിർമ്മാണപ്രവർത്തനങ്ങളുടെ തറകല്ലിടൽ കർമ്മവും നിർവഹിച്ചു. അതിനുശേഷം പാറേമ്പാടം ഇടവക തിരുനാൾ കുർബാനക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

ഉച്ചതിരിഞ്ഞ് പാപ്പാ നഗറിൽ ഹോം മിഷൻ ഉദ്ഘാടനം ചെയ്തു.

16. അഭിവന്ദ്യ താഴത്ത് പിതാവ് ചെമ്മണ്ണൂർ ഇടവകയിൽ ഇടയസന്ദർശനം നടത്തി. അഭിവന്ദ്യ തട്ടിൽ പിതാവ് കണ്ണൂരിൽ നടന്ന സമർപ്പിതവർഷാ ചരണത്തിൽ പങ്കെടുത്തു.

17–29 അഭിവന്ദ്യ പിതാക്കന്മാർ കാക്കനാട് നടന്ന പിതാക്കന്മാരുടെ സിനഡിൽ പങ്കെടുത്തു.

22. അഭിവന്ദ്യ താഴത്ത് പിതാവ് ചേതന അവാർഡ് നൈറ്റിൽ പങ്കെടുത്തു.

23. അഭിവന്ദ്യ താഴത്ത് പിതാവ് കൽദായ സുറിയാനി സഭയുടെ തൃശ്ശൂരിലെ മാർത്ത് മറിയം വലിയ പള്ളിയുടെ 200–ാം വാർഷികാഘോഷങ്ങളിൽ പങ്കെടുത്തു. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ വെളുത്തൂർ ഇടവകയിൽ വി. ബലിയർപ്പിച്ചു. ഉച്ചക്ക് സെന്റ് തോമസ് കോളേജിൽ നടന്ന ലോഗോസ് ക്വിസ് ഉദ്ഘാടനം നിർവഹിച്ചു. ഉച്ചതിരിഞ്ഞ് തൃശ്ശൂർ റീജിണൽ തീയ്യറ്ററിൽ നടന്ന ചേതനോത്സവത്തിൽ പങ്കെടുത്തു.

29. അഭിവന്ദ്യ താഴത്ത് പിതാവ് ഒല്ലൂരിൽ വി. എവുപ്രാസ്യാമ്മയുടെ തിരുനാൾ ആഘോഷങ്ങളിൽ പങ്കെടുത്ത് വി. ബലിയർപ്പിച്ചു.

30. അഭിവന്ദ്യ താഴത്ത് പിതാവ് കോടന്നൂർ ഇടവകയിൽ പാരിഷ് ഹാൾ ആശീർവദിച്ചു. ഡി. ബി. സി. എൽ. സി. യിൽ നടന്ന എ. സി. സി. ബിരുദദാന ചടങ്ങിൽ പങ്കെടുത്തു. ഉച്ചതിരിഞ്ഞ് തൃശ്ശൂർ ബസിലിക്കയിൽ പണിതീർത്ത 'ശാന്തിധാര' ഉദ്ഘാടനയോഗത്തിൽ അഭിവന്ദ്യ പിതാക്കന്മാർ സംബന്ധിച്ചു. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ പൊങ്ങണംകാട് ഇടവകയിൽ വി. ബലിയർപ്പിച്ചു. വെള്ളാനിക്കോട് ഇടവകയിൽ എ. സി. സി. അവാർഡ് ദാനചടങ്ങിൽ സംബന്ധിച്ചു.

31. അഭിവന്ദ്യ തട്ടിൽ പിതാവ് കരുമത്ര ഇടവകയിൽ വി. ബലിയർപ്പിച്ച് തിരുനാൾ കൊടികയറ്റത്തിനു നേതൃത്വം വഹിച്ചു.

# പതിനാറാം പാസ്റ്ററൽ കൗൺസിലിന്റെ അഞ്ചാം യോഗറിപ്പോർട്ട്

പതിനാറാം പാസ്റ്ററൽ കൗൺസിലിന്റെ അഞ്ചാം യോഗം 2015 ജൂൺ 15ന് ഡി. ബി. സി. എൽ. സി. യിൽ നടത്തപ്പെട്ടു. റവ. സി. തോമാസിയ സി. എസ്. എസ്. നയിച്ച പ്രാർത്ഥനയോടെ തുടങ്ങിയ യോഗത്തിന് പെ. ബഹു. മോൺ. ജോർജ്ജ് എടക്കുളത്തൂർ സ്വാഗതം ആശംസിച്ചു. തൃശ്ശൂർ അതിരൂപത നേതൃത്വം നൽകുന്ന സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾക്ക് പുതിയ മാനം നൽകാൻ സമയമായി എന്ന ചിന്തയുടെ അടിസ്ഥാനത്തിൽ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷന്റെ (KILA) ആഭിമുഖ്യത്തിൽ തൃശ്ശൂർ അതിരൂപതയിലെ വൈദികർക്ക് 'തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രാധാന്യവും പങ്കാളിത്തവും' എന്ന വിഷയത്തിൽ ഒരു സെമിനാർ നടത്തുകയുണ്ടായി എന്ന് ബഹു. അച്ചൻ അറിയിച്ചു. സാമൂഹിക ആഭിമുഖ്യമുള്ള ഒരു പുതിയ തലമുറയെ വാർത്തെടുക്കാനുള്ള അവസരമായി കരുണയുടെ വർഷം ഉപയോഗപ്പെടുത്തണമെന്ന് അഭിവന്ദ്യപിതാവ് ആഗ്രഹിക്കുന്നു. ഈ സന്ദേശം ഇടവകകളിലേക്ക് എത്തിക്കുന്നതിനുവേണ്ടിയാണ് വൈദികരുമായി പങ്കുവച്ച അതേ വിഷയങ്ങൾ ഈ യോഗത്തിൽ പാസ്റ്ററൽ കൗൺസിൽ അംഗങ്ങളുമായി പങ്കുവയ്ക്കാൻ അഭിവന്ദ്യപിതാവ് നിർദ്ദേശിച്ചത്. ഇടവകവികാരിമാരുമായി കൈകോർത്ത് ഇടവകയിലെ സാമൂഹികക്ഷേമസമിതികൾ സജീവമാക്കാൻ ഈ യോഗചർച്ചകൾ സഹായകമാകട്ടെ എന്ന് ബഹു. ജോർജ്ജച്ചൻ ആശംസിച്ചു.

തുടർന്ന് യോഗ നടപടിക്രമം പാസ്റ്ററൽ കൗൺസിൽ ജനറൽ സെക്രട്ടറി ബഹു. ഫാ. മാത്യു കുറ്റിക്കോട്ടയിൽ വിശദീകരിച്ചു. പ്രാദേശികവികസനം പ്രാദേശികസർക്കാരിലൂടെ എങ്ങനെ നടപ്പിലാക്കണമെന്ന് വിശദീകരിച്ചു കൊണ്ട് 'കില'യിലെ ഫാക്കൽറ്റി മെമ്പറായ ശ്രീ. പി. എം. രാജും, പഞ്ചായത്തീരാജിന്റെ പ്രായോഗികതലങ്ങൾ ചൂണ്ടികാണിച്ചുകൊണ്ട് ശ്രീ. അനിൽ അക്കരയും വിഷയാവതരണം നടത്തുമെന്നും തുടർന്നുള്ള പാനൽ ചർച്ചയിൽ ശ്രീ. ജോഷി വടക്കൻ, ശ്രീമതി ലീലാമ്മ തോമസ് എന്നിവർ മേൽപ്പ

റഞ്ഞ വിഷയങ്ങളിലേക്ക് കൂടുതൽ വെളിച്ചം വീശുമെന്നും ബഹു. അച്ചൻ അറിയിച്ചു.

തദ്ദേശഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് സാമൂഹ്യവികസനത്തിൽ ഇടവകസമൂഹത്തിന് എങ്ങനെ പ്രവർത്തിക്കാനാകും എന്ന വിഷയം ശ്രീ. പീറ്റർ എം. രാജ് വിശദമായി അംഗങ്ങൾക്ക് മനസ്സിലാക്കി കൊടുത്തു. പഞ്ചായത്തീരാജിലൂടെ അധികാരത്തിലുപരി വികസനമാണ് താഴേതട്ടിലേക്ക് കൈമാറ്റം ചെയ്യപ്പെട്ടിരിക്കുന്നത്. സാമൂഹികനീതിയും സമത്വവും ലക്ഷ്യം വയ്ക്കുന്ന ഈ പ്രക്രിയയിൽ പൊതുജനം പങ്കാളികളാകണം. അതിനാൽ തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഭരണപങ്കാളിത്തം ഉത്തരവാദിത്വത്തോടെ നടപ്പിലാക്കുന്ന ഗ്രാമസഭ/വാർഡ്സഭ യോഗങ്ങളിൽ നാം പങ്കെടുക്കണം. ഭരണത്തിന്റെ ഏറ്റവും പ്രധാന വേദിയിൽ നിന്ന് നാം മാറി നിന്നാൽ അർഹതയുള്ളവർക്ക് ആനുകൂല്യങ്ങളുടെ ലഭ്യതയും വഴിമാറിപോകും. പഞ്ചായത്തുകളുടെ വിവിധ വർക്കിംഗ് ഗ്രൂപ്പുകളിൽ പ്രവർത്തിക്കുവാൻ അറിവും പ്രാഗത്ഭ്യവുമുള്ളവർ സ്വമേധയാ മുന്നോട്ടു വരണം. നേതൃത്വത്തിലേക്ക് കടന്നുവരുന്നവർ സ്വാർത്ഥരാകാതെ, എനിക്കുള്ള നേട്ടങ്ങളല്ല, എന്റെ ആളുകൾക്ക് ലഭിക്കേണ്ട സേവനമാണ് പ്രധാനം എന്ന ചിന്തയോടെ, പ്രവർത്തിക്കുവാൻ സന്നദ്ധരാകണം. ഒരു തദ്ദേശഭരണ സ്ഥാപനത്തിന്റെ ഏറ്റവും നല്ല അയൽക്കാരൻ ആയി നമ്മുടെ ഇടവകകൾ മാറണം എന്ന നിർദ്ദേശത്തോടെ ശ്രീ. പീറ്റർ എം. രാജ് തന്റെ അവതരണം സംഗ്രഹിച്ചു.

മഹാത്മാഗാന്ധി വിഭാവനം ചെയ്ത സ്വാശ്രയ ഗ്രാമങ്ങൾ എന്ന സങ്കല്പത്തോട് നമ്മുടെ ഗ്രാമങ്ങളെ താരതമ്യം ചെയ്തുകൊണ്ട് ത്രിതല പഞ്ചായത്ത് സംവിധാനത്തിന്റെ ശ്രേഷ്ഠതകളും ന്യൂനതകളും ശ്രീ. അനിൽ അക്കര അവതരിപ്പിച്ചു. അയൽക്കാരെ സ്നേഹിക്കാനും സംരക്ഷിക്കാനുള്ള പഞ്ചായത്ത് സംവിധാനം അധികാരസ്ഥാനങ്ങളിലേക്കുള്ള എളുപ്പവഴിയായി കാണുന്നവർക്കാണ് പരാജയം സംഭവിക്കുന്നത്. കുടിവെള്ളം, ടാറിട്ട റോഡ്, വഴിവിളക്ക് എന്നീ മൂന്നാവശ്യങ്ങളിലേക്ക് ചുരുങ്ങുന്നു സാധാരണക്കാരന് പഞ്ചായത്തുമായുള്ള ബന്ധം. എന്നാൽ അനവധിയായ പെൻഷൻ ആനുകൂല്യങ്ങൾ, മികച്ച അലോപ്പതി-ആയുർവേദ-ഹോമിയോ ചികിത്സാകേന്ദ്രങ്ങൾ വഴിയുള്ള മികച്ച സേവനങ്ങൾ, കൃഷി-മൃഗപരിപാലന കേന്ദ്രങ്ങളുടെ നടത്തിപ്പ് തുടങ്ങി സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിയന്ത്രണം വരെയുള്ള ബൃഹത്തായ സേവനമേഖലയുടെ ചുക്കാൻ പിടിക്കുന്നത് പ്രാദേശിക ഭരണകേന്ദ്രങ്ങളാണ് എന്ന യാഥാർത്ഥ്യം വിസ്മരിക്കരുത്. ഇവയുടെ സുതാര്യമായ നട

പ്പിലാക്കൽ ഉറപ്പുവരുത്തുന്ന വേദികളായ ഗ്രാമസഭകളിൽ നാം പങ്കാളികളാ കേണ്ടതിന്റെ അനിവാര്യത ശ്രീ. അനിൽ അക്കര ചൂണ്ടിക്കാട്ടി.

ചായയ്ക്ക് ശേഷം നടന്ന ചർച്ചകൾ ഖാദി തൊഴിലാളി ക്ഷേമ ബോർഡ് ചെയർമാൻ ശ്രീ. ജോസഫ് പെരുമ്പിള്ളി നയിച്ചു. ത്രിതല പഞ്ചാ യത്ത് സംവിധാനങ്ങളിലേക്കുള്ള അഞ്ചാമത്തെ തെരഞ്ഞെടുപ്പ് അടുത്തുവ രുന്ന ഈ സാഹചര്യം സുചിന്തിതമായും ആസൂത്രിതമായും കൈകാര്യം ചെയ്യപ്പെടേണ്ടതാണെന്ന് ശ്രീ. ജോഷി വടക്കൻ പറഞ്ഞു. പൊതുരംഗം അന ഭിലഷണീയമായ പ്രവണതകൾ നിറഞ്ഞതാണ് എന്ന കാരണം പറഞ്ഞ് നാം മാറി നില്ക്കരുതെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. കൂടുതൽ അധികാരങ്ങൾ പഞ്ചാ യത്തുകൾക്ക് കൈമാറാനുള്ള ന്യൂനപക്ഷകമ്മീഷൻ ഉൾപ്പെടെയുള്ള വിവിധ ഏജൻസികളുടെ ശിപാർശകൾ നടപ്പിലാക്കുന്ന മുറയ്ക്ക് പഞ്ചായത്ത് ഭര ണസംവിധാനങ്ങളുടെ പ്രാധാന്യം വർദ്ധിച്ചുവരും. അതിനാൽ ഈ സംവി ധാനങ്ങളിൽ നമ്മുടെ പങ്കാളിത്തം ഉറപ്പുവരുത്തേണ്ടതായുണ്ട്.

ശ്രീമതി ലീലാമ്മ തോമസിന്റെ അഭിപ്രായത്തിൽ ഒരു പ്രദേശത്തിന്റെ ആളോഹരി വരുമാനം വർദ്ധിപ്പിക്കുക എന്നതാണ് വികസനത്തിന്റെ പ്രധാ നലക്ഷ്യം. ഇത് ഏറ്റവും ഉത്തമമായി സാധ്യമാകുക സ്ത്രീകളുടെ ശാക്തീക രണം വഴിയാണ്. നേതൃത്വപാടവമുള്ള വനിതകളെ കണ്ടെത്തി സജ്ജരാക്കാൻ ഇടവകയ്ക്കും കത്തോലിക്കാ കോൺഗ്രസ്സ് മുതലായ പ്രസ്ഥാനങ്ങൾക്കും വലിയ പങ്ക് വഹിക്കാനുണ്ട് എന്ന് ടീച്ചർ ഓർമ്മിപ്പിച്ചു.

തുടർന്ന് ഫാ. ജോൺസൻ ഐനിക്കൽ, അഡ്വ. സി. ജെ. ഡെന്നി, ഡോ. ടോണി ജോസഫ്, ശ്രീ. പി. ഐ. ലാസർ, ശ്രീ. ജിന്റോ, ശ്രീ. ആന്റണി എ. എ. എന്നിവർ അനുബന്ധവിഷയങ്ങളിൽ സംശയങ്ങളും അഭിപ്രായങ്ങളും പ്രകടിപ്പിച്ചു. ശ്രീ. അനിൽ അക്കര ഇതിന് മറുപടി പറഞ്ഞു. ഒരു പ്രദേശ ത്തിന്റെ അടിസ്ഥാനപരമായ ആവശ്യം കണ്ടെത്തി പരിഹാരം കാണുന്നതിൽ പ്രകടിപ്പിക്കുന്ന നിശ്ചയദാർഢ്യമാണ് ഒരു ജനപ്രതിനിധിയുടെ വിജയത്തിന്റെ അളവുകോൽ എന്നദ്ദേഹം അഭിപ്രായപ്പെട്ടു. അടാട്ട് പഞ്ചായത്തിനെ ഇന്ത്യ യിലെ മികച്ച പഞ്ചായത്തായി തെരഞ്ഞെടുക്കാനുള്ള കാരണങ്ങളിൽ ഒന്നായ സമ്പൂർണ്ണ ഇൻഷുറൻസ് പദ്ധതിയെ കുറിച്ച് അദ്ദേഹം വിശദീകരിച്ചു. സർക്കാ രിന്റെ ക്ഷേമപദ്ധതികൾ യഥാസമയം ജനങ്ങളിലേക്ക് എത്തിച്ചുകൊടുക്കുക എന്നതാണ് ഒരു ജനപ്രതിനിധിയുടെ പ്രധാന കടമ എന്ന് അദ്ദേഹം ചൂണ്ടി ക്കാട്ടി. ഈ ചർച്ച ഉപസംഹരിച്ച ശ്രീ. ജോസഫ് പെരുമ്പിള്ളി ഇത്തരം ക്ലാസ്സു കൾ ഇടവകകളിലേക്ക് എത്തിക്കേണ്ടത് അത്യാവശ്യമാണെന്ന് അഭിപ്രായ

പ്പെട്ടു. അതിരൂപതയിൽ മേഖല തിരിച്ചെങ്കിലും ഇത്തരം ശില്പശാലകൾ നടത്തണം. ഇടവകപ്രതിനിധികളെ നിർബന്ധമായും ഈ വിഷയത്തിൽ പ്രബുദ്ധരാക്കണമെന്ന് അഭിവന്ദ്യപിതാവിനോട് അദ്ദേഹം അഭ്യർത്ഥിച്ചു.

ശൂന്യവേളയിൽ അംഗങ്ങൾ സജീവമായി പങ്കെടുത്തു. അധികം അംഗങ്ങളും കത്തോലിക്കാകോൺഗ്രസ്സിന്റെ രൂപീകരണം, ശാക്തീകരണം, പ്രവർത്തനം എന്നിവയെ കുറിച്ചാണ് അഭിപ്രായപ്രകടനങ്ങൾ നടത്തിയത്. റവ. ഫാ. ജോൺസൻ ഐനിക്കൽ അഡ്വക്കേറ്റ്സ് ഫോറത്തിന്റെ പ്രവർത്തനങ്ങളെ കുറിച്ച് വിശദീകരിച്ചു. ഇടവകകളിൽ സൗജന്യനിയമസഹായം നൽകാൻ ഫോറം തയ്യാറാണ്. ആവശ്യമുള്ളവർ പാസ്റ്ററൽ സെന്ററിൽ പ്രവർത്തിക്കുന്ന ഓഫീസുമായി ബന്ധപ്പെടണമെന്ന് ബഹു. അച്ചൻ അറിയിച്ചു. വിദ്യാഭ്യാസമേഖലയിലെ പ്രശ്നങ്ങൾ ഗൗരവമായി കാണണമെന്ന അഭിപ്രായവും ഉയർന്നു. 110 ഇടവകകളിൽ ഇതിനോടകം കത്തോലിക്കാകോൺഗ്രസ്സിന്റെ യൂണിറ്റുകൾ രൂപീകരിച്ചു കഴിഞ്ഞതായി ഡയറക്ടർ ബഹു. ജിയോ കടവിയച്ചൻ അറിയിച്ചു.

ഔദ്യോഗിക അറിയിപ്പുകൾക്ക് മുന്നോടിയായി പെ. ബഹു. മോൺ. ജോർജ്ജ് കോമ്പാറ അന്തോണീസ് നാമധാരികൾക്ക് നാമഹേതുക തിരുനാളിന്റെ ആശംസകൾ നേർന്നു. എഴുപതാം പിറന്നാൾ ആഘോഷിക്കുന്ന പീറ്റർ ക്ലേവർ സന്യാസിനീസമൂഹത്തിലെ ബഹു. സി. ആലീസിന് പിറന്നാൾ മംഗളങ്ങൾ ആശംസിച്ചു. അഭിവന്ദ്യ റാഫേൽ തട്ടിൽ പിതാവ് പ്രവാസികളുടെ പ്രശ്നങ്ങളെ കുറിച്ചുള്ള റിപ്പോർട്ട് സമർപ്പിക്കാൻ റോമിലാണെന്നും പിതാവിന്റെ ഉദ്യമങ്ങൾക്ക് വേണ്ടി  പ്രാർത്ഥിക്കണമെന്നും ബഹു. അച്ചൻ അറിയിച്ചു. ഡയാലിസിസ് ഫണ്ടിലേക്ക് അംഗങ്ങളിൽ നിന്ന് 29,500/- രൂപ സംഭാവനയായി ലഭിച്ചത് ജൂബിലി മിഷൻ മെഡിക്കൽ കോളേജിന് കൈമാറിയിട്ടുണ്ട്. കത്തോലിക്കാകോൺഗ്രസ്സിന്റെ ഫൊറോനതല തെരഞ്ഞെടുപ്പ് ജൂൺ 28നും അതിരൂപതാതല തെരഞ്ഞെടുപ്പ് ജൂലൈ 5നും നടത്തപ്പെടുമെന്നും സഭാദിനമായി ആചരിക്കുന്ന ജൂലൈ 3ന് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടക്കുന്ന ആഘോഷപരിപാടികളിൽ അതിരൂപതയിൽ നിന്നുള്ള പ്രതിനിധികൾ സംബന്ധിക്കുമെന്നും വിശ്വാസികളെ വഴിതെറ്റിക്കുന്ന സെക്ടുകളും ഇതര സമുദായങ്ങളിലുള്ളവരും വീടുവീടാന്തരം കയറി ഇറങ്ങുന്നുണ്ടെന്നും ഇത്തരം പ്രവണതകളെ ചെറുക്കാൻ നാം ജാഗ്രത പുലർത്തണമെന്നും ബഹു. അച്ചൻ അംഗങ്ങളെ അറിയിച്ചു. എല്ലാ ഇടവകകളിലും സാമൂഹ്യക്ഷേമസമിതിയുടെ കമ്മറ്റികൾ രൂപീകരിക്കണമെന്നും കഴിയുന്നത്ര

സ്വയംസഹായ സംഘങ്ങളും പാലിയേറ്റീവ് കെയർ യൂണിറ്റുകളും സ്ഥാപിക്കണമെന്നും ബഹു. അച്ചൻ നിർദ്ദേശിച്ചു.

അധ്യക്ഷപ്രസംഗത്തിന്റെ തുടക്കത്തിൽ അഭിവന്ദ്യ ആൻഡ്രൂസ് താഴത്ത് പിതാവ് ഖാദി തൊഴിലാളി ക്ഷേമബോർഡ് ചെയർമാനായി സർക്കാർ നിയമിച്ച പാസ്റ്ററൽ കൗൺസിൽ അംഗം ശ്രീ. ജോസഫ് പെരുമ്പിള്ളിയ്ക്ക് അനുമോദനങ്ങൾ അറിയിച്ചു. ഫ്രാൻസിസ് പാപ്പയുടെ കരുണയുടെ മുഖം എന്ന അപ്പസ്തോലിക പ്രബോധനം ഉദ്ധരിച്ചുകൊണ്ടാണ് അഭിവന്ദ്യ ആൻഡ്രൂസ് താഴത്ത് പിതാവ് അംഗങ്ങളുടെ സംശയങ്ങൾക്കും ചോദ്യങ്ങൾക്കും ഉത്തരം നൽകിയത്. വിവിധ മേഖലകളിൽ നാം നേരിടുന്ന അവഗണനകളെ കുറിച്ച് ആകുലപ്പെടുമ്പോൾ ഇതിനുള്ള കാരണങ്ങളേയും പ്രതിവിധികളേയും കുറിച്ച് കൂടി ചിന്തിക്കണം എന്ന് അഭിവന്ദ്യപിതാവ് ആവശ്യപ്പെട്ടു. എണ്ണത്തിൽ കുറഞ്ഞുകൊണ്ടിരിക്കുന്ന ഒരു സമുദായമാണ് നമ്മുടേത്. നാം പൊതുകാര്യങ്ങളിൽ പങ്കെടുക്കാതെ മാറിനിൽക്കുക കൂടി ചെയ്താൽ അവഗണന വർദ്ധിക്കുകയേയുള്ളൂ. വർഗ്ഗീയ ചിന്തയുടെ അതിപ്രസരം പ്രകടമാകുന്ന ഈ കാലഘട്ടത്തിൽ വർഗ്ഗീയതയും സമുദായബോധവും തമ്മിലുള്ള വ്യത്യാസം കൃത്യതയോടെ മനസ്സിലാക്കുകയും പ്രചരിപ്പിക്കുകയും വേണം. വർഗ്ഗീയത (Communalism) 'എന്റെ മതം' എന്ന സ്വാർത്ഥതയിലൂന്നി മറ്റുള്ളവയെ നിഷേധിക്കലാണ്. എല്ലാവരെയും ഉൾക്കൊണ്ടുകൊണ്ടും ആരെയും നിഷേധിക്കാതെയും എന്നാൽ സ്വന്തം സമുദായാംഗങ്ങളുടെ ക്ഷേമത്തിനുതകുന്നതുമായ സമുദായസ്നേഹമാണ് നമുക്ക് വേണ്ടത്. കത്തോലിക്കാ കോൺഗ്രസ്സും ഇടവകകളിലെ സാമൂഹ്യക്ഷേമസമിതികളും ഈ ലക്ഷ്യത്തിന്റെ സാക്ഷാത്ക്കാരത്തിനായിട്ടാണ് രൂപീകരിച്ചിട്ടുള്ളത്. അതിനാൽ എല്ലാ ഇടവകകളിലും നിർബന്ധമായും ഇവ സജീവമാക്കണം.

ഉപവിയുടെ ഒന്നാം തലമായ നേരിട്ടുള്ള സഹായവും രണ്ടാം തലമായ ശാക്തീകരണവും നാം വേണ്ടുവോളം ചെയ്തുകൊണ്ടിരിക്കുന്നു. ഇനി നമുക്ക് വേണ്ടത് അനവധിയായ സർക്കാർ ക്ഷേമ പദ്ധതികൾ ലഭ്യമായ ഈ കാലഘട്ടത്തിൽ ഇവ അർഹരായവർക്ക് എത്തിച്ചുകൊടുക്കാനുള്ള പ്രവർത്തനമാണ്. വിദ്യാസമ്പന്നരും വിവിധ വകുപ്പുകളിൽ ജോലി നോക്കുന്നവരും വിരമിച്ചവരുമായ നമ്മുടെ വിശ്വാസികൾ ഇതിനായി സഹായിക്കണമെന്ന ആഗ്രഹം പിതാവ് അറിയിച്ചു. പൊതുസമൂഹത്തിലേക്കും കൂടി ഇത്തരം പ്രവർത്തനങ്ങൾ വ്യാപിപ്പിക്കാൻ സാധിച്ചാൽ ഉത്തമ സാമൂഹ്യക്ഷേമപ്രവർത്തകരേയും നേതാക്കന്മാരേയും നമുക്ക് സമൂഹത്തിന് നൽകാൻ സാധിക്കും.

വിഷയാവതാരകരെ അഭിവന്ദ്യപിതാവ് അനുമോദിച്ചും അവർ ചൂണ്ടികാണിച്ച ഗ്രാമസഭകളിലെ പങ്കാളിത്തം ഏറ്റവും പ്രാധാന്യമർഹിക്കുന്നു എന്നും ഇടവ കകളിലെ രൂപതയുടെ ഔദ്യോഗിക പ്രതിനിധിയായ പാസ്റ്ററൽ കൗൺസിൽ അംഗം ഇത്തരം പ്രവർത്തനങ്ങൾക്കൊക്കെ നേതൃത്വം കൊടുക്കണം എന്നും അദ്ദേഹം ആവശ്യപ്പെട്ടു.

ത്രിതല പഞ്ചായത്തുകളിലേക്കുള്ള തെരഞ്ഞെടുപ്പ് അടുത്തുവരുന്ന സാഹചര്യത്തിൽ സർപ്പങ്ങളെപ്പോലെ വിവേകികളും പ്രാവുകളെപ്പോലെ നിഷ്കളങ്കരും ആയിരിക്കണം എന്ന ഉപദേശമാണ് അഭിവന്ദ്യപിതാവ് നൽകി യത്. ദീപിക ദിനപത്രത്തിന് ഓരോ ഇടവകയിലും അഞ്ഞൂറ് വീടുകൾക്ക് ഒരാൾ എന്ന നിലയ്ക്ക് ഒരു കോർഡിനേറ്റർ, പ്രമോട്ടർ, ഡിസ്ട്രിബ്യൂട്ടർ എന്നീ തസ്തികളിലേക്ക് ആളുകളെ ആവശ്യമുണ്ടെന്ന് അറിയിച്ചിട്ടുണ്ടെന്നും പരി ശീലനവും തക്കതായ വേതനവും ലഭിക്കുന്ന ഈ ജോലികളിലേക്ക് താത്പ ര്യമുള്ളവരെ പറഞ്ഞുവിടണമെന്നും അഭിവന്ദ്യപിതാവ് അറിയിച്ചു.

ആരാധനാലയങ്ങളും ശ്മശാനങ്ങളും നിർമ്മിക്കുന്നതിന് ജില്ലാ കള ക്ടറുടെ അനുമതി വേണമെന്ന് നിഷ്കർഷിക്കുന്ന 2005ലെ സർക്കുലർ റദ്ദാക്കി അനുമതി നൽകാനുള്ള അധികാരം അതത് തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങൾക്ക് കൈമാറാൻ സർക്കാരിനോട് ശിപാർശ ചെയ്യുന്ന ന്യൂനപക്ഷകമ്മീ ഷൻ തീരുമാനം എത്രയുംവേഗം നടപ്പിൽ വരുത്താൻ നടപടിയുണ്ടാകണ മെന്ന് സർക്കാരിനോട് അഭ്യർത്ഥിക്കുന്ന പ്രമേയം യോഗം പാസ്സാക്കി. അഭി വന്ദ്യപിതാവ് നയിച്ച പ്രാർത്ഥനയോടെ യോഗം 2 മണിക്ക് അവസാനിച്ചു. സമ്മേളനാനന്തരം കത്തോലിക്കാകോൺഗ്രസ്സിന്റെ നേതൃത്വത്തിൽ മാവിൻതൈകളും സാന്ത്വനത്തിന്റെ വകയായി കറിവേപ്പിൻതൈകളും വിത രണം ചെയ്തു.

ഫാ. മാത്യു കുറ്റിക്കോട്ടയിൽ

ചാൻസലർ & ജനറൽ സെക്രട്ടറി

# സാമ്പത്തിക കാര്യാലയം

## 1. തെരട്ട് സമർപ്പിക്കൽ

നിശ്ചയിക്കപ്പെട്ടിരുന്ന തിയതികളിൽ തെരട്ടുസമർപ്പിക്കാൻ സാധിക്കാതിരുന്ന ഇടവകകൾ, സ്ഥാപനങ്ങൾ, സംഘടനകൾ എത്രയും വേഗം അതിരൂപതാ കാര്യാലയത്തിൽ തെരട്ട് സമർപ്പിക്കണെന്ന് ഓർമ്മപെടുത്തുന്നു.

### വരവ് ചെലവ് കണക്കുകൾ ആഗസ്റ്റ് 31, 2015

| പേര് | സഭാ ദിനം | പ്രത്യേക പിരിവ് | ഞായർ പിരിവ് | സീറോ മലബാർ മിഷൻ ഞായർ |
|---|---|---|---|---|
| 1. അടാട്ട് | 1920 | 2530 | 2760 | – |
| 2. എയ്ഞ്ചൽ നഗർ | 7340 | 8360 | 11400 | – |
| 3. അഞ്ഞൂർ | 2776 | 2805 | 3060 | 3000 |
| 4. അന്തിക്കാട് | 3100 | 3575 | 3900 | 1000 |
| 5. ആറംമ്പിള്ളി | 1904 | 2618 | 2856 | |
| 6. ആർത്താറ്റ് | 1680 | 2112 | 1728 | 500 |
| 7. അത്താണി | 4440 | 5720 | 6240 | |
| 8. ആറ്റുപുറം | 2392 | 2640 | 2880 | 7270 |
| 9. ഭരത | 2186 | 2805 | 2295 | 3000 |
| 10. ബ്രഹ്മകുളം | 4926 | 6182 | 8430 | 2000 |
| 11. ചാഴൂർ | 1880 | 2101 | 1528 | 1000 |
| 12. ചേലക്കര | 1960 | 2772 | 3024 | 800 |
| 13 ചെമ്മണ്ണൂർ | 840 | 1144 | 936 | 5000 |
| 14 ചെങ്ങാലൂർ | 6410 | 8965 | 12225 | |
| 15. ചെറുതുരുത്തി | 504 | 682 | 558 | 1170 |
| 16. ചെവ്വൂർ | 5876 | 7425 | 16875 | 2000 |
| 17. ചിറ്റിലപ്പിള്ളി | 2896 | 3575 | 3900 | |
| 18. ചിറ്റിശ്ശേരി | 6110 | 7205 | 7860 | 1000 |
| 19. ചിയ്യാരം (സേവനാലയം) | 3420 | 4158 | 4536 | 9950 |
| 20. ചിയ്യാരം വിജയമാത | 7000 | 8250 | 15000 | 6750 |
| 21. ചുവന്ന മണ്ണ് | 2210 | 2178 | 1584 | |
| 22.എടക്കളത്തൂർ | 4510 | 4543 | 6195 | |
| 23. എളവള്ളി | 1408 | 2035 | 1665 | |

| | | | | |
|---|---|---|---|---|
| 24.എരനെല്ലൂർ | 5688 | 6787 | 15425 | 5000 |
| 25. ഇരവിമംഗലം | 2334 | 2849 | 3108 | |
| 26. എരുമപ്പെട്ടി | 5324 | 6556 | 17880 | 3000 |
| 27. ഗുരുവായൂർ | 4000 | 3839 | 4188 | |
| 28. കടങ്ങോട് | 780 | 836 | 608 | 500 |
| 29. കല്ലൂർ ഈസ്റ്റ് | 8512 | 11682 | 21240 | 6000 |
| 30. കാഞ്ഞാണി | 2360 | 2915 | 5300 | 3000 |
| 31. കണ്ണാറ | 2992 | 4114 | 4488 | 2000 |
| 32. കാവീട് | 3548 | 4356 | 5940 | 1000 |
| 33. കിരാലൂർ | 1360 | 1870 | 2040 | |
| 34. കോളങ്ങാട്ടുകര | 2548 | 2552 | 2088 | 3830 |
| 35. കോനിക്കര | 1800 | 2200 | 1800 | |
| 36. കൂട്ടാല | 800 | 1100 | 800 | |
| 37. കോട്ടപ്പടി | 7960 | 9790 | 35600 | |
| 38. കൊഴുക്കുള്ളി | 4544 | 6028 | 8220 | 1000 |
| 39. കുട്ടംകുളം | 1238 | 1705 | 1860 | 1000 |
| 40. മഡോണ നഗർ | 4240 | 5830 | 6360 | |
| 41. മണലാടി | 980 | 1089 | 792 | 400 |
| 42. മഞ്ഞക്കുന്ന് | 850 | 1166 | 848 | 1000 |
| 43. മണ്ണംപേട്ട | 6000 | 7975 | 8700 | 4000 |
| 44. മണ്ണുത്തി | 6556 | 8415 | 19125 | 10000 |
| 45. മുളയം | 2370 | 2387 | 1736 | 1800 |
| 46.മുറ്റിച്ചൂർ | 1120 | 1540 | 1120 | |
| 47. നടത്തറ | 9822 | 13211 | 30025 | 5000 |
| 48. നന്തിപുലം നോർത്ത് | 2630 | 3575 | 2925 | 1000 |
| 49. നന്തിപുലം | 1216 | 1529 | 1668 | |
| 50. നിർമ്മലപുരം | 3600 | 4950 | 6750 | |
| 51. ഒല്ലൂർ | 12824 | 17633 | 80150 | |
| 52. പാലയൂർ | | | | 35000 |
| 53. പാലാഴി | 1128 | 1243 | 1017 | 1500 |
| 54. പറക്കാട് | 424 | 583 | 424 | 420 |
| 55. പറപ്പൂർ | 15000 | 15554 | 56560 | 8935 |
| 56. പഴയങ്ങാടി | 1334 | 1683 | 1224 | 5000 |
| 57. പഴുവിൽ | 5420 | 5610 | 15300 | 2800 |

| | | | | |
|---|---|---|---|---|
| 58. പേരാമംഗലം | 13400 | 8646 | 23580 | 60500 |
| 59. പെരുവല്ലൂർ | 576 | 748 | 544 | |
| 60. പൊന്നാനി | 2204 | 770 | 630 | 1000 |
| 61. പോന്നോർ | 4624 | 5005 | 9100 | |
| 62. പൊന്നൂക്കര | 4800 | 6050 | 6600 | |
| 63 പൂച്ചുണ്ണിപ്പാടം | 2150 | 2739 | 3735 | 2000 |
| 64. പൊറത്തൂർ | 1630 | 1925 | 2100 | 1000 |
| 65. പുതുക്കാട് | 16760 | 18436 | 67040 | |
| 66. പുല്ലഴി | 2878 | 3608 | 3936 | 3000 |
| 67. പുറനാട്ടുകര | 8266 | 9955 | 27150 | 5000 |
| 68. പുത്തൻപീടിക | 8170 | 7832 | 10680 | 5000 |
| 69. പുത്തൂർ | 6126 | 8382 | 15240 | 3000 |
| 70 സ്നേഹപുരം | 2360 | 2750 | 3000 | 1500 |
| 71. തലക്കോട്ടുകര | 3424 | 4257 | 4644 | 13340 |
| 72. തണ്ടിലം | 1800 | 2046 | 1674 | |
| 73 തയ്യൂർ | 1600 | 1980 | 2160 | |
| 74. തൊറവ് | 1588 | 2046 | 1488 | |
| 75. തൃക്കൂർ | 1380 | 1925 | 1575 | 1000 |
| 76. തൃപ്രയാർ | 962 | 1276 | 1392 | 4200 |
| 77. വാണിയംപാറ | 1200 | 1496 | 1224 | 1500 |
| 78. വരാക്കര | 3520 | 5060 | 6900 | 8000 |
| 79. വരാക്കര സൗത്ത് | 2710 | 3872 | 3168 | 3500 |
| 80. വരന്തരപ്പിള്ളി ഈസ്റ്റ് | 3740 | 5423 | 4437 | |
| 81. പള്ളിക്കുന്ന് | 12800 | 13849 | 37770 | 12931 |
| 82. വീണ്ടശ്ശേരി | 600 | 770 | 630 | |
| 83. വെള്ളാനിക്കോട് | 2966 | 3575 | 2600 | |
| 84 വെള്ളാറ്റഞ്ഞൂർ | 3200 | 3740 | 5100 | |
| 85.വേലൂർ | 9900 | 10450 | 14250 | 10000 |
| 86. വെണ്ടോർ | 12064 | 11429 | 31170 | 52700 |
| 87.വെട്ടുകാട് | 4940 | 5456 | 5952 | |
| 88. വൈലത്തൂർ | 2840 | 3520 | 4800 | |
| 89. വടക്കാഞ്ചേരി | 9900 | 11814 | 42960 | |
| 90. അസ്സീസി മഠം, തൃശ്ശൂർ | | | 400 | |

| പേര് | ദുഃഖ വെള്ളി | പെസഹാ വ്യാഴം | മിഷൻ ഞായർ |
|---|---|---|---|
| 1. അടാട്ട് | 5813 | | |
| 2. എയ്ഞ്ചൽ ഗർ | 19605 | 65605 | 148920 |
| 3. അഞ്ഞൂർ | 5390 | 17894 | |
| 4. അന്തിക്കാട് | 3460 | | |
| 5. ആത്താറ്റ് | 4520 | | |
| 6. അത്താണി | 10935 | 4865 | |
| 7. ആറ്റുപുറം | 5240 | 21480 | 54296 |
| 8. അയ്യന്തോൾ | 17984 | 55676 | |
| 9. ഭരത | 3465 | 12390 | |
| 10. ബ്രഹ്മകുളം | 3390 | | |
| 11. ചാഴൂർ | 2078 | 4035 | |
| 12. ചേലക്കര | 19521 | 18416 | |
| 13. ചെമ്മണ്ണൂർ | 1210 | | 4804 |
| 14. ചെങ്ങാലൂർ | 5305 | | |
| 15. ചെറുതുരുത്തി | 2191 | 3800 | 6500 |
| 16. ചൊവ്വൂർ | 3413 | 39775 | 37390 |
| 17. ചിറ്റിലപ്പിള്ളി | 3035 | 125 | |
| 18. ചിറ്റിശ്ശേരി | 8634 | 8265 | |
| 19. ചിയ്യാരം സേവനാലയം | 3940 | 31366 | |
| 20. ചിയ്യാരം വിജയമാത | 7562 | 13974 | |
| 21. ചുവന്നമണ്ണ് | 1930 | 1345 | 1500 |
| 22.എടക്കളത്തൂർ | - | - | 10100 |
| 23. എളവള്ളി | 3855 | | |
| 24. എരനെല്ലൂർ | | | 129534 |
| 25. ഇരവിമംഗലം | 10150 | 10499 | |
| 26. എരുമപ്പെട്ടി | - | - | 22255 |
| 27. ഗുരുവായൂർ | 5507.50 | 10000 | 10000 |
| 28. കല്ലൂർ ഈസ്റ്റ് | 18300 | | |
| 29. കാഞ്ഞാണി | 2000 | | 14366 |
| 30. കണ്ണാറ | 6940 | 7547 | 6850 |
| 31. കാവീട് | 12365 | 20875 | 12056 |
| 32.കോളങ്ങാട്ടുകര | - | - | 2335 |

| | | | |
|---|---|---|---|
| 33. കൂട്ടാല | 1868 | | |
| 34. കുട്ടംകുളം | 1060 | 10575 | 12865 |
| 35. മണലാടി | 2062 | | |
| 36 മണ്ണംപേട്ട | 13550 | 20680 | 16021 |
| 37 മണ്ണുത്തി | 16135 | | |
| 38. മുളയം | 1922 | 14460 | 3500 |
| 39. നന്തിപുലം നോർത്ത് | 3080 | 3100 | |
| 40. ഒല്ലൂർ | 25555 | 202222 | 453525 |
| 41. പാലയൂർ | | | 246500 |
| 42. പാലാഴി | 4634 | 11655 | 3500 |
| 43. പറക്കാട് | 3100 | 1990 | 1293 |
| 44. പറപ്പൂർ | 16842 | | |
| 45. പഴയങ്ങാടി | 5034 | 10450 | |
| 46. പഴുവിൽ | 5000 | | |
| 47. പേരാമംഗലം | 5986 | | |
| 48. പൊന്നാനി | 1540 | 32750 | 11150 |
| 49. പൊന്നൂക്കര | 5740 | | |
| 50. പൂച്ചുണ്ണിപാടം | - | - | 17435 |
| 51. പുതുക്കാട് | 17975 | 117170 | 75000 |
| 52. പുതുക്കാട് നോർത്ത് | - | 18000 | |
| 53. പുല്ലഴി | 2313 | 2316 | |
| 54. പുറനാട്ടുകര | 6212 | | |
| 55. പുത്തൻപീടിക | 10140 | 30890 | |
| 56. തലക്കോട്ടുകര | - | - | 8645 |
| 57. തയ്യൂർ | - | - | 23100 |
| 58. തൊറവ് | - | 3828 | |
| 59. തൃക്കൂർ | - | - | 5000 |
| 60. തൃപ്രയാർ | 3099 | - | 25648 |
| 61. വാണിയംപാറ | - | - | 5200 |
| 62. വരാക്കര സൗത്ത് | 9980 | - | 9380 |
| 63. വരന്തരപ്പിള്ളി ഈസ്റ്റ് | 9225 | 9960 | |
| 64. പള്ളിക്കുന്ന് | 19551 | | |
| 65. വെള്ളാനിക്കോട് | 2210 | 1460 | 5993 |

| | | | |
|---|---|---|---|
| 66. വേലൂർ | 5139 | 10446 | 10217 |
| 67. വെണ്ടോർ | 11510 | 69935 | 91730 |
| 68. വെട്ടുകാട് | 4264 | 10000 | |
| 69. വൈലത്തൂർ | 5000 | 3090 | |
| 70 വടക്കാഞ്ചേരി | 3100 | | |

### 7. സാമ്പത്തിക സഹായം സ്വീകരിച്ച പള്ളികൾ

| | | | |
|---|---|---|---|
| 1. തലോർ | 264420 | 2. പുറനാട്ടുകര | 166961 |
| 3. ചെറുതുരുത്തി | 20000 | 4. പാലാഴി | 50000 |
| 5. ചൂണ്ടൽ | 35000 | 6. പോട്ടോർ | 1,00,000 |
| 7. ആമ്പക്കാട് | 1,00000 | | |

### 8. അതിരൂപത സഹായ ഫണ്ട്

1. ഭവന നിർമ്മാണം -34,000
2. വിവാഹം - 98500
3. ചികിത്സ - 69000
4. വിദ്യാഭ്യാസം - 4500

### 9. ഫാ. സെബാസ്റ്റ്യൻ കുന്നത്ത് ട്രസ്റ്റ്

1. ചികിത്സ -10000

**ഫാ. ജോയ് മൂക്കൻ**
ഫിനാൻസ് ഓഫീസർ

# വൈദികർ

## ജന്മദിനങ്ങൾ

| | |
|---|---|
| ഫാ. വിൻസെന്റ് ചെറുവത്തൂർ | 01 |
| ഫാ. ജെൻസ് തട്ടിൽ | 02 |
| ഫാ. ജിക്സൻ താഴത്ത് | 03 |
| മോൺ. ജോർജ്ജ് അക്കര | 03 |
| ഫാ. ജോഷി ആളൂർ | 04 |
| ഫാ. ആന്റോ ചിറയത്ത് | 05 |
| ഫാ. സിജോൺ കുഴിക്കാട്ടുമ്യാലിൽ | 06 |
| ഫാ. ആന്റണി ഐനിക്കൽ | 08 |
| ഫാ. ഷിജോ ചിരിയങ്കണ്ടത്ത് | 08 |
| ഫാ. ജോണി ആന്റണി പാറേക്കാട്ട് | 10 |
| ഫാ. റാഫേൽ ചിറ്റിലപ്പിള്ളി | 10 |
| ഫാ. ഫ്രാൻസിസ് ആലപ്പാട്ട് | 10 |
| ഫാ. ജോൺസൻ അരിമ്പൂർ | 10 |
| ഫാ. ചാക്കോ പാറയിൽ | 11 |
| ഫാ. ദിജോ ഒലക്കേങ്കിൽ | 12 |
| ഫാ. ലൂവീസ് എടക്കളത്തൂർ | 12 |
| ഫാ. റാഫേൽ പുല്ലോക്കാരൻ | 12 |
| ഫാ. ജോയ് കിടങ്ങൻ | 13 |
| ഫാ. ജോൺസൻ ഐനിക്കൽ | 13 |
| ഫാ. ജോസ് ചാലക്കൽ | 17 |
| ഫാ. ഡഗ്ലസ് പീറ്റർ ചെറുവത്തൂർ | 17 |
| മോൺ. ജോർജ്ജ് മാനാടൻ | 18 |
| ഫാ. ജോസ് അറങ്ങാശ്ശേരി | 19 |
| ഫാ. സിജോ പുത്തൂർ | 19 |
| ഫാ. ജിജോ പിടിയത്ത് | 20 |
| ഫാ. ജെയ്സൻ പുലിക്കോട്ടിൽ | 22 |
| ഫാ. ഡിറ്റോ കൂള | 23 |
| ഫാ. ഡെയ്സൻ മുണ്ടോപുറം | 24 |
| ഫാ. ജോൺ പാവറട്ടിക്കാരൻ | 24 |
| ഫാ. ലാസർ താണിക്കൽ | 24 |
| ഫാ. ജോജു പൊറുത്തൂർ | 26 |
| ഫാ. സുനിൽ ചിരിയങ്കണ്ടത്ത് | 27 |
| ഫാ. ബൈജു കാഞ്ഞിരത്തിങ്കൽ | 28 |

## നാമഹേതുകതിരുനാൾ

| | |
|---|---|
| ഫാ. പ്രിൻസൺ കാഞ്ഞിരത്തിങ്കൽ | 04 |
| ഫാ. ഫ്രാൻസിസ് മുട്ടത്ത് | 04 |
| ഫാ. ഫ്രാൻസിസ് നീലങ്കാവിൽ | 04 |
| ഫാ. ഫ്രാൻസിസ് ആളൂർ | 04 |
| ഫാ. ഫ്രാൻസിസ് എടക്കളത്തൂർ | 04 |
| ഫാ. ഫ്രാൻസിസ് സീനിയർ വാഴപ്പിള്ളി | 04 |
| ഫാ. അൽജോ കരേരക്കാട്ടിൽ | 04 |
| ഫാ. ലിജോ ജോസ് ചിരിയങ്കണ്ടത്ത് | 04 |
| ഫാ. സ്റ്റിഷിൻ കുണ്ടുകുളം | 04 |
| ഫാ. ജിബിൻ താഴേക്കാടൻ | 04 |
| ഫാ. ജെയ്സൻ തെക്കുംപുറം | 09 |
| ഫാ. ജോൺ പോൾ ചെമ്മണ്ണൂർ | 22 |
| ഫാ. ജോൺ പോൾ തൈക്കാടൻ | 22 |

**അതിരൂപതയുടെ പ്രാർത്ഥനാശംസകൾ**

## ചരമദിനങ്ങൾ

| | |
|---|---|
| ഫാ. ജേക്കബ് കടവി | 27 - 10 - 1828 |
| ഫാ. ഗീവർഗ്ഗീസ് അറക്കൽ | 13 - 10 - 1895 |
| ഫാ. പിയൂസ് അക്കര | 31 - 10 - 1948 |
| ഫാ. തോമസ് മാളിയേക്കൽ | 18 - 10 - 1950 |
| ഫാ. ജോൺ ഊക്കൻ | 13 - 10 - 1956 |
| ഫാ. തോമസ് ഇരിമ്പൻ | 28 - 10 - 1957 |
| ഫാ. മാത്യു ചെറുനിലം | 13 - 10 - 1965 |
| ഫാ. ജോർജ്ജ് വാലിക്കോടത്ത് | 17 - 10 - 1968 |
| ഫാ. ജോസഫ് ആട്ടോക്കാരൻ | 29 - 10 - 1970 |
| ഫാ. ജോൺ പൊറത്തൂർ | 17 - 10 - 1972 |
| ഫാ. തോമസ് കാളാശ്ശേരി | 05 - 10 - 1977 |
| ഫാ. പീറ്റർ മണ്ടുംപാല | 09 - 10 - 1987 |
| ഫാ. ജോൺ ചെറുവത്തൂർ | 11 - 10 - 1990 |
| ഫാ. ഡേവിസ് കാഞ്ഞിരത്തിങ്കൽ | 04 - 10 - 1991 |
| ഫാ. പോൾ പെല്ലിശ്ശേരി | 02 - 10 - 1997 |
| ഫാ. ജേക്കബ് ചൊവ്വല്ലൂർ | 24 - 10 - 1999 |
| ഫാ. തോമസ് പാലത്തിങ്കൽ | 26 - 10 - 2004 |
| ഫാ. ജോസഫ് തെക്കിനിയത്ത് | 19 - 10 - 2008 |
| മോൺ. ജോസഫ് വിളങ്ങാടൻ | 09 - 10 - 2011 |
| ഫാ. സിജോ ചീരൻ | 13 - 10 - 2014 |

**അതിരൂപതയുടെ സ്മരണാഞ്ജലി**

# സന്യസ്തർ

## സി.ആർ.ഐ വാർത്തകൾ

01.08.2015 എസ്.എ.ബി.എസ്. സമർപ്പിത വർഷാചരണത്തോടനുബന്ധിച്ച് ആരാധനാ സന്യാസിനി സമൂഹം തൃശൂർ നിർമ്മൽ റാണി പ്രോവിൻസിന്റെ നേതൃത്വത്തിൽ കോടന്നൂർ സെന്റ് ആന്റണീസ് ദേവാലയത്തിൽ വച്ച് നടത്തിയ ദിവ്യകാരുണ്യസംഗമത്തിൽ താമരശ്ശേരി രൂപതയിലെ ദിവ്യകാരുണ്യ വിദ്യപീഠം പ്രൊഫസർ റവ. ഡോ. തോമസ് കോഴിമല MCBS 'വിശുദ്ധ കുർബാനയിൽ വിരിയുന്ന കുടുംബം' എന്ന വിഷയത്തെ കുറിച്ച് ക്ലാസ്സ് നയിച്ചു. ചേറ്റുപുഴ, പങ്ങാരപ്പിള്ളി, പടവരാട്, കോടന്നൂർ എന്നീ ഇടവകകളിൽ നിന്നുമായി 1250 പേർ ഈ സംഗമത്തിൽ പങ്കെടുത്തു.

02.08.2015 സി.എം.സി. സുപ്പീരിയേഴ്സ് കോൺഫ്രൻസ് പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തി.

03.08.2015 എസ്.എ.ബി.എസ്. ജൂനിയർ സിസ്റ്റേഴ്സിന്റെ പ്രത്യേക മദ്ധ്യസ്ഥനായ വി. പീറ്റർ ജൂലിയൻ എയ്മാഡിന്റെ തിരുനാൾ ദിനം 'Juniors' Day' ആയി ആഘോഷിച്ചു.

04.08.2015 സി.എച്ച്.എഫ്. പ്രൊവിൻഷ്യൽ സി.മേഴ്സി പോളും സിസ്റ്റേഴ്സും ഒളരിക്കര ഇടവകയിലെ വൈദീകരെ സന്ദർശിച്ച് വിശുദ്ധ ജോമരിയ വിയാനിയുടെ തിരുനാൾ ആശംസകൾ നേർന്നു.

05.08.2015 എസ്.എ.ബി.എസ്. ബ. ജനറാളമ്മ മദർ റോസ് കെയ്റ്റ് , ജനറൽ കൗൺസിലേഴ്സ് എന്നിവർ പ്രൊവിൻഷ്യൽഹൗസിൽ ഔദ്യോഗിക സന്ദർശനം നടത്തി.

08.08.2015 സി.ആർ.ഐ. തൃശ്ശൂർ യൂണിറ്റ്, ഡി.ബി.സി.എൽ.സി. യിൽ സംഘടിപ്പിച്ച സെമിനാറിലും വർക്ക്ഷോപ്പിലും വിവിധ സന്യാസ സമൂഹങ്ങളിൽ നിന്നുമുള്ള ബ. വൈദീകർ, ബ്രദേഴ്സ്, സിസ്റ്റേഴ്സ് എന്നിവർ പങ്കെടുത്തു.

സി.എച്ച്.എഫ്. പ്രൊവിൻഷ്യൽ സി.മേഴ്സി പോളിന്റെ നേതൃത്വത്തിൽ സുപ്പീരിയേഴ്സിന് ഒളരിയിൽ ഒരു ദിവസത്തെ കോഴ്സ് നടത്തി.

എസ്.എ.ബി.എസ്. സെക്കന്റ് നൊവീഷ്യറ്റിലായിരിക്കുന്ന ജൂനിയർ സിസ്റ്റേഴ്സിനേയും ക്ലോയിസ്റ്ററിലായിരിക്കുന്ന സിസ്റ്റേഴ്സിനേയും ബ. മദർ

ലിറ്റിൽ മരിയ തെക്കേക്കര സന്ദർശിച്ചു.

09.08.2015 എസ്.എ.ബി.എസ്. ആതുരശുശ്രൂഷാ രംഗത്ത് പ്രവർത്തിക്കുന്ന സിസ്റ്റേഴ്സിനായി ജോർദ്ദാനിയ ധ്യാനകേന്ദ്രത്തിൽ വച്ച് ഏകദിന സെമിനാർ സംഘടിപ്പിച്ചു.

13.08.2015 സി.എസ്.സി. കൂർക്കഞ്ചേരി മരിയ പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് സുപ്പീരിയേഴ്സ് കോൺഫ്രൻസ് നടന്നു. കേരള കാർഷിക സർവ്വകലാശാല പ്രൊഫസർ ഡോ. ജലജ കൃഷ്ണകുമാർ ക്ലാസ്സെടുത്തു.

എസ്.എ.ബി.എസ്. ഇടവകയിൽ സാമൂഹ്യക്ഷേമനിധിയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി പുത്തൻപള്ളി വ്യാകുലമാതാ ബസിലിക്കയിൽ വച്ച് നടന്ന ഫൊറോന തല മീറ്റിംഗിൽ സി. ജെസ്സി അയിരൂക്കാരൻ പങ്കെടുത്തു.

14.08.2015 എസ്.എ.ബി.എസ്. സമർപ്പിത വർഷം പ്രമാണിച്ച് ജോർദ്ദാനിയ ധ്യാനകേന്ദ്രത്തിൽ ഒരുക്കിയ 'ഉണരൂ, ഉണർത്തൂ' എന്ന സമർപ്പിത സംഗമത്തിൽ 17 സിസ്റ്റേഴ്സ് സംബന്ധിച്ചു.

16.08.2015 എസ്.എൻ.ഡി.എസ്. ഈ വർഷത്തെ രണ്ടാം ബാച്ച് വാർഷികധ്യാനം ആഗസ്റ്റ് 16-ാം തിയതി വൈകിട്ട് ദിവ്യബലിയോടെ ആരംഭിച്ച് 21-ാം തിയതി വൈകിട്ട് 4.00 മണിക്ക് അവസാനിച്ചു.

സി.എം.സി. 1995-96 വർഷങ്ങളിൽ ആദ്യവ്രതം ചെയ്ത സിസ്റ്റേഴ്സിന് സെന്റ് മേരീസ് കോളേജ് ഓഡിറ്റോറിയത്തിൽ വച്ച് നടത്തിയ ഏകദിനസെമിനാറിൽ ഫാ. ആന്റണി മേച്ചേരിപ്പടി ക്ലാസ്സെടുത്തു.

17.08.2015 എസ്.എ.ബി.എസ്. ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് ആസ്പിരൻസ്, പോസ്റ്റുലൻസ്, നോവിസസ് എന്നീ ഡിറക്ട്രസ്സുമാരുടെ മീറ്റിംഗ് നടത്തി. മദർ ലിറ്റിൽ മരിയ തെക്കേക്കര ഇതിന് നേതൃത്വം നൽകി.

22.08.2015 സി.എച്ച്.എഫ്. തൃക്കാക്കര ലിറ്റിൽ ഫ്ളവർ ജനറലേറ്റിലും,തുടർന്ന് കാക്കനാട് സെന്റ് തോമസ് മൗണ്ടിലും നടത്തിയ മേജർ സുപ്പീരിയേഴ്സിന്റെ മീറ്റിങ്ങിൽ പ്രൊവിൻഷ്യൽ സി.മേഴ്സി പോൾ പങ്കെടുത്തു.

എസ്.എൻ.ഡി.എസ്. ബഹു. അമ്മയുടെ നാമഹേതുകത്തിരുനാളും നിർമലദാസി സമർപ്പിതസമൂഹത്തിന്റെ കുടുംബദിനാഘോഷവുംകൂടി ഒരുമിച്ച് ആഗസ്റ്റ് 22 ശനിയാഴ്ച

ആഘോഷിച്ചു. രാവിലെ 11.00 മണിക്ക് ബഹു. ജോർജ് മാനാടന ച്ചന്റെയും ജിക്സൻ താഴത്ത് അച്ചന്റെയും കാർമികത്വത്തിൽ ദിവ്യ ബലിയും അതിനുശേഷം സ്നേഹവിരുന്നും കലാപരിപാടികളും ഉണ്ടായിരുന്നു.

23.08.2015 എസ്.എ.ബി.എസ്. അഡീലാബാദ് രൂപതയുടെ നിയുക്ത മെത്രാൻ റൈറ്റ് റവ. ഡോ. പ്രിൻസ് പാണേങ്ങാടൻ മാതാപിതാക്കളുമൊത്ത് ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസ് സന്ദർശിച്ചു.

24.08.2105 സി.എച്ച്.എഫ്. പ്രൊവിൻഷ്യൽ റിന്യൂവൽ സിനാക്സി സിന്റെ ചാപ്റ്റർ ഷെയറിംഗ് നാലു ബാച്ചുകളിലായി നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ നടത്തി. സിസ്റ്റേഴ്സ് എല്ലാവരും ചാപ്റ്റർ ഷെയറിങ്ങിൽ പങ്കെടുത്തു.

25.08.2015 എസ്.എ.ബി.എസ്. സോഷ്യൽ അപ്പോസ്റ്റൊലേറ്റിന്റെ ഭാഗമായി പ്രൊവിൻസിൽ നിന്നും പഠനസഹായം നൽകുന്ന കുട്ടികൾക്കായി നിർമ്മല മാത സെന്റട്രൽ സ്കൂളിൽ വെച്ച് നടത്തിയ ഏകദിന സെമിനാറിൽ 92 കുട്ടികൾ പങ്കെടുത്തു. Rev. Fr. Ebin O. Carm. സെമിനാർ നയിച്ചു.

26.08.2015 എസ്.എ.ബി.എസ്. സഭാതലത്തിൽ ജൂനിയർ സിസ്റ്റേഴ്സിനായി നട ത്തിയ പരീക്ഷയിൽ എല്ലാ ജൂനിയർ സിസ്റ്റേഴ്സും പങ്കെടുത്തു.

27.08.2015 സി.എം.സി. മേജർ സുപ്പീരിയേഴ്സിന്റെ മീറ്റിങ്ങിൽ പങ്കുകൊള്ളുന്നതിനായി പ്രൊവിൻഷ്യൽ സുപ്പീരിയർ ആലുവ ജനറലേറ്റിലേക്കു പോയി.

28.08.2015 എസ്.എ.ബി.എസ്. കേരള സഹോദയ സ്കൂൾ കോംപ്ലക്സിന്റെ കീഴിലുള്ള CBSC Schools ൽ കേരളത്തിലെ 1259 CBSC Senior Secondary Schools - ൽ വച്ച് 'Best School' എന്ന അവാർഡ് , തൃശൂർ നിർമ്മലമാതാ സെൻട്രൽ സ്കൂളിന് ലഭിച്ചു. തിരുവനന്തപു രത്ത് നടന്ന ചടങ്ങിൽ വച്ച് CBSC Regional Officer Sri. Mahesh Dharmadhikari - യിൽ നിന്ന്, പ്രിൻസിപ്പാൾ സി. മരീന മുണ്ടാടൻ അവാർഡ് ഏറ്റുവാങ്ങി.

29.08.2015 സി.എം.സി. വി.എവുപ്രാസ്യമ്മയുടെ പ്രഥമതിരുനാൾ സാഘോഷം കൊണ്ടാടി. അഭിവന്ദ്യ പിതാക്കന്മാരുടെ മുഖ്യ കാർമ്മികത്വത്തിൽ അർപ്പിച്ച ആഘോഷമായ വി.കുർബ്ബാനയിലും പ്രദക്ഷിണത്തിലും നേർച്ച ഊണിലും ധാരാളം ഭക്തജനങ്ങൾ പങ്കുകൊണ്ട്

ദൈവാനുഗ്രഹം നേടി.

എസ്.എ.ബി.എസ്. പ.അമ്മയുടെ നാമധാരിയായ ബ.പ്രൊവിൻഷ്യാളമ്മ മദർ ലിറ്റിൽ മരിയ തെക്കേക്കരയുടെ നാമഹേതുകതിരുാളും പ.അമ്മയ്ക്ക് പ്രത്യേകം പ്രതിഷ്ഠിതമായിരിക്കുന്ന നിർമ്മൽ റാണി പ്രോവിൻസിന്റെ പ്രൊവിൻസ് ഡേയും സംയുക്തമായി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് ആഘോഷിച്ചു. പ്രൊവിൻഷ്യൽ ഹൗസിന്റ കപ്ലോൻ Rev.Fr. Pius Kandathil O.Carm., Rev. Fr. Shiju O.Carm., Rev.Fr.Ebin O.Carm. എന്നിവർ ചേർന്ന് അർപ്പിച്ച വി. ബലിയിലും തുടർന്ന് നടന്ന സ്നേഹവിരുന്നിലും കലാപരിപാടികളിലും എല്ലാ ഭവനസമൂഹങ്ങളിലും നിന്നും കഴിയുന്നിടത്തോളം സിസ്റ്റേഴ്സ് പങ്കെടുത്തു.

30.08.2015 എസ്.എ.ബി.എസ്. നിർമ്മലമാതാ സ്കൂളിൽ വച്ച് നടത്തിയ 'Fire 2015' എന്ന പ്രാർത്ഥനാ സെമിനാറിൽ 50 സിസ്റ്റേഴ്സ് സംബന്ധിച്ചു. Rev. Fr.Rijo Payyappilly CMI, Sr.Noyal, Bro.Kunjumon, Bro.Sunil എന്നിവരുടെ ക്ലാസ്സും Rev. Fr.Renjith CMI- യുടെ അഭിഷേകപ്രാർത്ഥനയും ഉണ്ടായിരുന്നു. റവ.ഫാ.സിനീഷ് ദിവ്യബലിയർപ്പിച്ച് വചനസന്ദേശം നൽകി.

**ആദരാഞ്ജലികൾ**



13.08.2015 സി.എച്ച്.എഫ്. അയ്യന്തോൾ നിർമ്മല മഠാംഗമായ സി.അലീസിയ നിര്യാതയായി.സംസ്ക്കാര ശുശ്രൂഷ സഹായമെത്രാൻ മാർ റാഫേൽ തട്ടിലിന്റെ മുഖ്യ കാർമ്മികത്വത്തിൽ നടത്തി.



15.08.2015 സി.എച്ച്.എഫ്. ഒളരിക്കര ഹോളി ഫാമലി മഠാംഗമായ സി.മേരി വിജീലിയ നിര്യാതയായി. സംസ്ക്കാര ശുശ്രൂഷ അഭിവന്ദ്യ മാർ പാസ്റ്റർ നീലൻങ്കാവിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടത്തി.



19.08.2015 സി.എച്ച്.എഫ്. ചേലക്കര ലിറ്റിൽ ഫ്ളവർ മഠാംഗമായ സി. ബെനറ്റ് നിര്യാതയായി. സംസ്ക്കാര ശുശ്രൂഷ വികാർ ജനറാൾ മോ. ജോർജ്ജ് കോമ്പാറയുടെ മുഖ്യകാർമ്മികത്വത്തിൽ നടത്തി.



19.08.2015 സി.എച്ച്.എഫ്. ഒളരിക്കര ഹോളി ഫാമലി മഠാംഗമായ സി.എസ്തേർ നിര്യാതയായി. സംസ്ക്കാര ശുശ്രൂഷ വികാർ ജനറാൾ മോ.ജോർജ്ജ് കോമ്പാറയുടെ മുഖ്യകാർമ്മികത്വത്തിൽ നടത്തി.



31.08.2015 സി.എസ്.സി. ആഗസ്റ്റ് 31-ാം തീയതി കൂർക്കഞ്ചേരി മരിയ പ്രൊവിൻഷ്യൽ ഭവനാംഗമായ ബഹു.സി. മരിയ ഗോരെറ്റി നിര്യാതയായി. സെപ്റ്റംബർ 1-ാം തീയതി 11 am ന് തൃശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ കൂർക്കഞ്ചേരി മഠം കപ്പേളയിൽ സംസ്ക്കരിച്ചു.

# സ്ഥാപനങ്ങൾ

Ph : 2320828, 2333245

## മതബോധനകേന്ദ്രം

http://catechismtrichur.blogspot.com|

## മതബോധന വിദ്യാർത്ഥികൾക്ക്
## അഭിവന്ദ്യ മെത്രാപ്പോലീത്ത
## മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ കത്ത്

എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട കുട്ടികളേ,

നിങ്ങൾക്കു സുഖമാണല്ലോ? ഞാൻ എഴുതുന്ന കത്തുകൾ നിങ്ങൾ വായിക്കുന്നുണ്ടെന് അറിയുന്നതിൽ ഞാൻ സന്തോഷിക്കുന്നു. നിങ്ങളിൽ ചിലർ എനിക്കെഴുതുന്ന വ്യക്തിപരമായ കത്തുകൾ അതിനു തെളിവായി ഞാൻ മനസ്സിലാക്കുന്നു. സാധിക്കുന്നതുപോലെ നിങ്ങൾക്ക് മറുപടി അയയ്ക്കുവാൻ ശ്രമിക്കുന്നുണ്ട്. കഴിഞ്ഞ മാസം "മദ്യപാനവും മയക്കുമരുന്നുകളുടെ ഉപയോഗവും" എന്ന ചർച്ചാവിഷയം നിങ്ങളുടെ ക്ലാസ്സിൽ ചർച്ച ചെയ്തെന്ന് പ്രതീക്ഷിക്കുന്നു. ഈ വലിയ വിപത്തിനെ നേരിടുവാൻ നിങ്ങൾ ജാഗരൂകരാകണം. നിങ്ങളെ കുറിച്ച് എനിക്ക് വലിയ അഭിമാനവും പ്രതീക്ഷയുമുണ്ട്.

ഈ വരുന്ന ഒക്ടോബർ 4 മുതൽ 25 വരെ റോമിൽ മെത്രാന്മാരുടെ സിനഡ് നടക്കുകയാണ്. ഫ്രാൻസിസ് മാർപ്പാപ്പ എന്നേയും അതിലേക്ക് ക്ഷണിച്ചിട്ടുണ്ട്. ഒക്ടോബർ 2നാണ് ഞാൻ പോകുന്നത്. അതിന്റെ ചർച്ചാവിഷയം എന്താണെന്ന് നിങ്ങൾക്കറിയാമോ? 2014 ഒക്ടോബറിൽ നടന്ന സിനഡിന്റെ അതേ ചർച്ചാവിഷയമായ കുടുംബത്തെ കുറിച്ചുതന്നെയാണ് ഈ സിനഡിലും ചർച്ച ചെയ്യുന്നത്. ഈ കാലഘട്ടത്തിൽ ഏറ്റവുമധികം പ്രതിസന്ധി നേരിടുന്നത് കുടുംബമാകയാൽ അതെക്കുറിച്ച് അടുത്തടുത്തുള്ള സിനഡുകളിലൂടെ ചർച്ച ചെയ്യാൻ ഫ്രാൻസിസ് പാപ്പാ ആഹ്വാനം ചെയ്തിരിക്കുകയാണ്. സിനഡിൽ വച്ച് മാർപ്പാപ്പയെ കാണുമ്പോൾ നിങ്ങളുടെ ആശംസകൾ നേർന്നുകൊണ്ട് നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമെന്ന് ഞാൻ അദ്ദേഹത്തോട് പറയുന്നതാണ്.

ലോകമെമ്പാടുമുള്ള വിദ്യാർത്ഥിസമൂഹത്തിന് ഏറ്റവും പ്രിയങ്കരനായിരുന്നു മുൻ രാഷ്ട്രപതി എ. പി. ജെ. അബ്ദുൾ കലാം. അദ്ദേഹമാണ് സ്വപ്നം കാണാൻ നമ്മെ പ്രചോദിപ്പിച്ചത്. അദ്ദേഹം പലപ്പോഴും പറയുമായിരുന്നു: നല്ലവരായി വളരാൻ മക്കൾക്കു വേണ്ടത് റോൾ മോഡലുകളാണ്. റോൾ മോഡലുകളായി കുടുംബത്തെ രൂപീകരിക്കുവാൻ എന്താണ് ചെയ്യേണ്ടതെന്ന് ഓർമ്മപ്പെടുത്തുവാനാണ് മാർപ്പാപ്പ സിനഡുകൊണ്ട് ഉദ്ദേശിക്കുന്നത്.

ഈ സിനഡിൽ സംസാരിക്കുവാൻ അവസരം ലഭിക്കുമ്പോൾ ഞാൻ പറയുവാൻ ആഗ്രഹിക്കുന്ന കാര്യം നിങ്ങളുമായി പങ്കുവയ്ക്കട്ടെ. നമ്മുടെ സീറോ മലബാർ സഭയിലെ കുടുംബങ്ങളിൽ കാണുന്ന നല്ല കാര്യങ്ങളും ഈയടുത്ത കാലത്തായി ഉണ്ടായിട്ടുള്ള പ്രതിസന്ധികളും, പ്രത്യേകിച്ച് പ്രവാസികളായി പോകുന്നവരുടെ കുടുംബപ്രശ്നങ്ങളും പറയുവാനാണ് ആഗ്രഹിക്കുന്നത്.

നമ്മുടെ കുടുംബങ്ങളിൽ കാണുന്ന നല്ല ശീലങ്ങൾ എടുത്തു പറയട്ടെ: കുടുംബാംഗങ്ങൾ ഒന്നുചേർന്ന് കുടുംബപ്രാർത്ഥന നടത്തുന്നു, ബൈബിൾ വായിക്കുന്നു, കുട്ടികളെ നമസ്കാരങ്ങൾ പഠിപ്പിക്കുന്നു, കൊച്ചു കുട്ടികളെ കുരിശുവരയ്ക്കാൻ പഠിപ്പിച്ച് വിശ്വാസപരിശീലനം നടത്തുന്നു, രാത്രിയിൽ പ്രാർത്ഥിച്ചതിനുശേഷം ഉറങ്ങുവാനും ഉണരുമ്പോൾ പ്രാർത്ഥിച്ച് എഴുന്നേല്ക്കുവാനും പരിശീലിപ്പിക്കുന്നു തുടങ്ങിയവ. പ്രാർത്ഥന കഴിഞ്ഞ് സ്തുതി പറയുക, മാതാപിതാക്കളെയും ഗുരുഭൂതരെയും ബഹുമാനിക്കുകയും അനുസരിക്കുകയും ചെയ്യുക തുടങ്ങിയ നമ്മുടെ പൈതൃകം നമുക്ക് വലിയ സമ്പത്താണ്. നമ്മെ സ്നേഹിച്ചു പരിപാലിക്കുന്ന മാതാപിതാക്കളെ, കാണപ്പെടുന്ന ദൈവങ്ങളെപ്പോലെ നാം കണക്കാക്കണം. വി. കുർബാനയ്ക്കും മതബോധനത്തിനും മുടങ്ങാതെ പോകുവാൻ പറയുന്ന മാതാപിതാക്കൾ വലിയ നന്മയാണ് നമ്മെ പഠിപ്പിക്കുന്നതെന്ന് നമ്മൾ തിരിച്ചറിയണം. മാതാപിതാക്കളാണ് പ്രഥമ വിശ്വാസപരിശീലകർ.

നല്ല കുടുംബത്തെ കുറിച്ചുള്ള നിങ്ങളുടെ സ്വപ്നമെന്താണ്? തിരുകുടുംബമാണ് നമുക്ക് മാതൃക. 'ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ വളർന്നുവന്ന യേശുവാണ്'(ലൂക്കാ 2:54) നമുക്ക് മാതൃക. മരപ്പണിയിലൂടെ കുടുംബത്തെ പരിപാലിക്കാൻ കഠിനാധ്വാനം ചെയ്ത വി. യൗസേപ്പും 'ഇതാ കർത്താവിന്റെ ദാസി' എന്നു പറഞ്ഞ് ദൈവഹിതം നിറവേറ്റി, യൗസേപ്പിതാവിനെയും ഉണ്ണീശോയെയും ശുശ്രൂഷിച്ച പരി. കന്യകാമറിയവും കുടുംബജീവിതത്തിനു മാതൃകകളാണ്. ഈശോയെ രക്ഷിക്കാൻ ഈജിപ്തിലേക്ക് ഓടിയതും വിശ്വാസത്തിൽ വളർത്തുവാൻ ദൈവാലയത്തിലേക്ക് കൊണ്ടുപോയതും ഈ നല്ല മാതാപിതാക്കളാണ്.

പ്രായാധിക്യത്തിൽ ഗർഭിണിയായ ഏലീശ്വായെ ശുശ്രൂഷിക്കുവാനും കാനായിലെ തകർന്ന കുടുംബത്തെ രക്ഷിക്കുവാനും പരി. അമ്മ കാണിച്ച പരസ്നേഹത്തിന്റെ ചൈതന്യം നമുക്ക് മാതൃകയാണ്.

എന്റെ ആദ്യത്തെ കത്തിൽ വിശദീകരിച്ചതുപോലെ വിശ്വാസപരിശീലനത്തിന്റെ ബാലവാടിയാണ് കുടുംബം. നിങ്ങളുടെ അപ്പച്ചനും അമ്മച്ചിക്കുംവേണ്ടി നിങ്ങൾ അനുദിനവും പ്രാർത്ഥിക്കണം. കുട്ടികളുടെ പ്രാർത്ഥനയാണ് ദൈവത്തിന് ഏറ്റവും ഇഷ്ടമുള്ളത്. ജപമാല മാസമായ ഒക്ടോബറിലേക്കാണ് നമ്മൾ പ്രവേശിച്ചിരിക്കുന്നത്. ചില പ്രത്യേക നിയോഗങ്ങൾക്കുവേണ്ടി ഒക്ടോബർ മാസത്തിൽ ഒരു ദിവസം ഒരു കൊന്തയെങ്കിലും ചൊല്ലുവാൻ ഞാൻ നിങ്ങളോട് ആഹ്വാനം ചെയ്യുകയാണ്. താഴെ പറയുന്നവയ്ക്കുവേണ്ടിയാണ് നിങ്ങൾ പ്രാർത്ഥിക്കേണ്ടത്.

1. റോമിലെ സിനഡിന്റെ വിജയത്തിനുവേണ്ടി,
2. നിങ്ങളുടെ ഓരോരുത്തരുടെയും കുടുംബങ്ങളിൽ സമാധാനവും ഐശ്വര്യവും നിലനില്ക്കുവാൻ വേണ്ടി,
3. നിങ്ങളുടെ ബന്ധത്തിൽപ്പെട്ട കേരളത്തിനു പുറത്ത് പ്രവാസികളായി താമസിക്കുന്ന ഏതെങ്കിലുമൊരു കുടുംബത്തിനുവേണ്ടി,
4. നിങ്ങളുടെ കൂട്ടുകാരുടെ കുടുംബത്തിൽ മദ്യപാനം, രോഗം, കുടുംബവഴക്ക് തുടങ്ങിയ പ്രശ്നങ്ങളിൽ ദുഃഖിക്കുന്നവർക്കുവേണ്ടി,
5. അതിരൂപതയ്ക്കും എനിക്കും വേണ്ടി,

നിങ്ങൾ പ്രാർത്ഥിക്കുന്നുണ്ടെന്ന് ഉറപ്പു നൽകിക്കൊണ്ട് കത്ത് അയയ്ക്കുമല്ലോ. ഒരു സംഭവകഥയോടു കൂടി ഈ കത്ത് അവസാനിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. അമ്മ പഠിപ്പിച്ചതനുസരിച്ച് 5 വയസ്സുകാരൻ ജോസഫ് എന്നും പ്രാർത്ഥിച്ചിട്ടേ കിടക്കാറുള്ളൂ. അവന്റെ അപ്പച്ചൻ മദ്യപാനിയായിരുന്നു. കുടുംബപ്രാർത്ഥനയിൽ സാധാരണ പങ്കെടുക്കാറില്ല. ഒരു ദിവസം കിടക്കയുടെ അടുത്ത് മുട്ടുകുത്തി കുഞ്ഞുജോസഫ് ഇപ്രകാരം ഉറക്കെ പ്രാർത്ഥിച്ചു: "ഈശോയെ എന്റെ അപ്പച്ചനെ അനുഗ്രഹിക്കണമേ. നല്ല ആരോഗ്യം നൽകണമേ. എല്ലാവരേയും സ്നേഹിക്കുകയും എല്ലാവർക്കും നന്മ ചെയ്യുകയും ചെയ്യുന്ന ഒരു വലിയ മനുഷ്യനാക്കണമേ. അപ്പച്ചനെ എല്ലാവരും സ്നേഹിക്കണം. ഈശോയെ നന്ദി, ഈശോയെ ആരാധന". പിന്നെ അവൻ ഉറക്കമായി. പക്ഷേ, അവന്റെ അപ്പച്ചൻ അവൻ ഉറക്കെ ചൊല്ലിയ പ്രാർത്ഥന കേട്ടിരുന്നു. അവന്റെ അപ്പച്ചന് ആത്മശോധനയ്ക്കുള്ള പ്രചോദനമായി ഈ പ്രാർത്ഥന. ഉറങ്ങുന്ന മകന്റെ കിടക്കയ്ക്കരികെ അപ്പച്ചനും മുട്ടുകുത്തി പ്രാർത്ഥിച്ചു: "ദൈവമേ, എന്റെ മകൻ ഞാൻ ആരാകണമെന്ന് ചിന്തിക്കുന്നതുപോലെ എന്നെ നല്ല മനുഷ്യനാക്കണമേ". പിന്നീട് ജോസഫിന്റെ

കുടുംബം ഒരു മാതൃകാ കുടുംബമായി.

പ്രിയ കുട്ടികളേ, നമുക്ക് പരസ്പരം പ്രാർത്ഥിക്കാം. എന്റെ പ്രാർത്ഥനയിൽ എന്നും നിങ്ങളുണ്ട്. നിങ്ങൾ എനിക്കു വേണ്ടിയും പ്രാർത്ഥിക്കുമല്ലോ. നല്ല ദൈവവിളികൾക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണം. കുട്ടികൾ പ്രത്യേകിച്ചും പെൺകുട്ടികൾ കുറഞ്ഞു വരുന്ന ഈ കാലഘട്ടത്തിൽ കുടുംബങ്ങളിൽ കൂടുതൽ നല്ല മക്കളുണ്ടാകാൻ നിങ്ങൾ മുട്ടിപ്പായി അപേക്ഷിക്കണം. പരി. അമ്മയുടെ മധ്യസ്ഥതയിൽ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഞാൻ നിങ്ങളെ ആശീർവദിക്കുന്നു.

സസ്നേഹം നിങ്ങളുടെ വത്സലപിതാവ്,

+ Andrews Thazhath

**മാർ ആൻഡ്രൂസ് താഴത്ത്**

തൃശ്ശൂർ അതിരൂപത മെത്രപ്പോലീത്ത

**ചർച്ചകൾക്കുള്ള ചോദ്യങ്ങൾ:-**

1. റോമിൽ നടക്കുന്ന മെത്രാന്മാരുടെ സിനഡിന്റെ ചർച്ചാവിഷയമെന്ത്?
2. ടി.വി. ഭ്രമം പ്രാർത്ഥനയ്ക്ക് തടസ്സമാകാതിരിക്കാൻ കുട്ടികൾ എന്തുചെയ്യണം?
3. വ്യക്തിപരമായി പ്രാർത്ഥിക്കുന്നതിൽ നേരിടുന്ന പ്രയാസങ്ങൾ ഏവ?
4. കുടുംബ പ്രാർത്ഥന എങ്ങനെ സജീവമാക്കാം?
5. കുട്ടികൾക്കു വേണ്ടി കൂട്ടായ്മകൾ കുടുംബസമ്മേളന അടിസ്ഥാനത്തിൽ സംഘടിപ്പിക്കാൻ സാധിക്കുമോ?
6. പ്രവാസി കുടുംബങ്ങൾ എന്നാലെന്ത്? അവർ നേരിടുന്ന പ്രശ്നങ്ങൾ എന്തെല്ലാം?

**1. ജപമാല മാസാചരണം :**

ജപമാല ചൊല്ലി പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥം പ്രത്യേകമായി അപേക്ഷിക്കുന്ന മാസമാണ് ഒക്ടോബർ മാസം. തന്റെ പ്രിയപുത്രനായ ഈശോയുടെ മുന്നിൽ പരി. അമ്മ മദ്ധ്യസ്ഥയാണ് എന്ന് വെളിവാക്കപ്പെട്ട സംഭവമാണ് കാനായിലെ വിവാഹ വിരുന്ന്. ഈശോ തന്റെ ആദ്യത്തെ അത്ഭുതം അന്ന് പ്രവർത്തിച്ചു. തന്റെ സമയം ആയിട്ടില്ലെങ്കിലും ഈശോ അമ്മയെ അനുസരിച്ചു. ആ മംഗളകർമ്മത്തിന്റെ ശുഭപരിസമാപ്തിക്ക് ഒരുപാടുപേർ സാക്ഷികളായി. പരി. കന്യകാമറിയത്തിലൂടെ ഈശോയിലേക്ക് അടുക്കുവാനും ഈശോയെ അറിയുവാനും അറിയിക്കുവാനും വളരെ ഫലപ്രദമായ മാർഗ്ഗമാണ് ജപമാലപ്രാർത്ഥന. പരി. അമ്മയോട് മുട്ടിപ്പായി പ്രാർത്ഥിക്കാം. ഭക്തിയോടും ശ്രദ്ധയോടും കൂടി ജപമാല ചൊല്ലുന്നതിന് കുട്ടികളെ പരിശീലിപ്പിക്കുന്നതിന് അധ്യാപകർ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. ഇടവകകളിലെ ജപമാല മാസാചരണം ഭക്തിനിർഭരവും അനുഗ്രഹപ്രദവുമാക്കാൻ മതബോധനയൂണിറ്റുകൾ പ്രത്യേക താത്പര്യത്തോടെ സഹകരിക്കുമല്ലോ.

**2. അർദ്ധവാർഷിക പരീക്ഷകൾ :**

അർദ്ധവാർഷിക പരീക്ഷകൾ ഒക്ടോബർ 4,11 തിയതികളിലാണല്ലോ. പരീക്ഷകൾ കൃത്യമായി നടത്തുന്നതിന് എല്ലാവരും സഹകരിക്കുകയും കുട്ടികൾ നന്നായി ഒരുങ്ങി പരീക്ഷയിൽ പങ്കെടുക്കുന്നതിന് അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുമല്ലോ. എല്ലാ വിദ്യാർത്ഥിനീവിദ്യാർത്ഥികൾക്കും പരീക്ഷാവിജയം ആശംസിക്കുന്നു.

**3. Unit Secretary Conference:**

തിയതി : 2015 നവംബർ 1
സമയം : 02.30 PM
സ്ഥലം : മതബോധനകേന്ദ്രം, DBCLC

മതബോധന യൂണിറ്റിലെ സെക്രട്ടറിമാർ ഈ കോൺഫ്രൻസിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ് .

**4. Animation Course for Teachers:**

മതാധ്യാപകർക്കുള്ള Animation Course മൂന്ന് ഞായറാഴ്ചകളിലായി നടത്തപ്പെടുന്നു.

തിയതികൾ : 2015 ഒക്ടോബർ 18, നവംബർ 15, ഡിസംബർ 13
സമയം: 2 PM - 5 PM
സ്ഥലം : മതബോധനകേന്ദ്രം, DBCLC
(വാർഷിക പ്രോഗ്രാം പേജ് 36-37 കാണുക).

## 5. Manuscript Magazine: Last Date: Nov. 8

കയ്യെഴുത്തു മാസിക തയ്യാറാക്കുന്നതിൽ എല്ലാ യൂണിറ്റുകളും പരിശ്രമിക്കേണ്ടതാണ്. നിബന്ധനകൾക്കും കൂടുതൽ വിവരങ്ങൾക്കും വാർഷിക പ്രോഗ്രാം പേജ് 24 കാണുക.

## 6. Text Book (Syllabus III, Part II) for ACC Students

ACC വിദ്യാർത്ഥികൾക്ക് Second Term-ൽ പഠിക്കുവാനുള്ള പുസ്തകം Catechetical Text Book Centre ൽ ലഭ്യമാണ്.

## 7. Service Award

Service Award - ന് അർഹരായവരുടെ പേര് വിവരം ഇതിനോടൊപ്പം ചേർത്തിട്ടുണ്ട്. എന്തെങ്കിലും തിരുത്തലുകളുണ്ടെങ്കിൽ, ഒക്ടോബർ 10-നുമുമ്പ് മതബോധനകേന്ദ്രത്തിൽ അറിയിക്കേണ്ടതാണ്. അതിനുശേഷം വരുന്ന പേരുവിവരങ്ങൾ സ്വീകരിക്കുന്നതല്ല.

## 8. Seminar for Std. XII Students - *Misericordiae Vultus* (The Face of Mercy)

ഒക്ടോബർ, നവംബർ മാസങ്ങളിൽ നടത്തുന്ന സെമിനാറിന് വരേണ്ട ഫൊറോന, തിയ്യതി എന്നിവ അതിരൂപതാബുള്ളറ്റിനിൽ (2015 സെപ്റ്റംബർ, പേജ് 44, 45.) കൊടുത്തിരിക്കുന്നത് ശ്രദ്ധിക്കുക.

സമയം: 9:30 AM - 4 PM
സ്ഥലം : എല്ലാ സെമിനാറുകളും മതബോധനകേന്ദ്രത്തിൽ (DBCLC) വെച്ചാണ് നടത്തുന്നത്.

Std. XII ലെ എല്ലാ കുട്ടികളും 09.30 ന് മുമ്പായി DBCLC -യിൽ എത്തിയിരിക്കേണ്ടതാണ്. കുട്ടികൾക്കുവേണ്ടി ദിവ്യബലി ഉണ്ടായിരിക്കുന്നതാണ്. കുട്ടികൾക്ക് 4 PM വരെ സെമിനാർ ഉണ്ടെന്ന വിവരം കുട്ടികളുടെ മാതാപിതാക്കളെ അറിയിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് കൂടുതൽ വിവരങ്ങൾക്ക് വാർഷിക പ്രോഗ്രാം പേജ് 25-26 കാണുക.

### 9. SMCC Award - Selection Camp for Std. XII Students – Forane Level

XII-ാം ക്ലാസ്സിൽ പഠിക്കുന്ന പ്രതിഭകളായ കുട്ടികളെ കണ്ടെത്തുകയും ആദരിക്കുകയും ചെയ്യുന്നതിനായി നടത്തുന്നതാണ് Syro-Malabar Church Catechetical Commission Award. അതിന്റെ ആദ്യഘട്ടം അതാത് ഫൊറോനാ കേന്ദ്രത്തിൽ വെച്ച് നടത്തുന്നു. യൂണിറ്റിൽ നിന്നും തന്ന ലിസ്റ്റ് പ്രകാരമുള്ള കുട്ടികളെ മാത്രം ഫൊറോനാ കേന്ദ്രത്തിലേക്ക് വികാരിയച്ചന്റെ സാക്ഷ്യപത്രത്തോടുകൂടി പറഞ്ഞയയ്ക്കുക. നാല് കുട്ടികൾക്കും കൂടി ഒരു സാക്ഷ്യപത്രം മതി. കൃത്യം 01.30 PM -ന് ക്ലാസ്സുകൾ ആരംഭിക്കും. 01.15 -ന് കുട്ടികൾ ഹാജരാകണം. നടത്തപ്പെടുന്ന തിയ്യതിയും സ്ഥലവും ഫൊറോനയും അതിരൂപതാബുള്ളറ്റിനിൽ (2015 സെപ്റ്റംബർ, പേജ് 45-46.) കൊടുത്തിരിക്കുന്നത് ശ്രദ്ധിക്കുക.

**ജപമാലരാജ്ഞി, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ !**

സസ്നേഹം,

Fr. Tens Kunnappilly
Fr. Jijo Kappilamnirappel
(Asst. Directors)

Fr. Raphael Akkamattathil
Director

## ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജി

### Correspondence Theology Course:

കറസ്പോണ്ടൻസ് തിയോളജിയുടെ അടുത്ത ക്ലാസ്സ് ഒക്ടോബർ 11, 25 തിയതികളിൽ ഉച്ചകഴിഞ്ഞ് 2 മണി മുതൽ 5 മണി വരെയായിരിക്കും.

ആശംസകളോടെ,

**ഫാ. റാഫേൽ ആക്കാമറ്റത്തിൽ**
ഡയറക്ടർ

# List of Sunday Catechism Teachers Eligible for Service Award as on 31st March 2015
# (Award Day: 26th January 2016)

## 15 Years

| Sl. No. | Name | Parish/Unit |
|---|---|---|
| 1. | Davis Kokken | Aranattukara |
| 2. | Roy N. T. | Aranattukara |
| 3. | Soffy Thomas | Aranattukara |
| 4. | Joby E. A. | Kuriachira |
| 5. | Merlin Francis | Kuriachira |
| 6. | Reetha Francis | Kuriachira |
| 7. | Sr. Starly CMC | Kuriachira |
| 8. | Mary K. A. | Kuriachira |
| 9. | Blaicy Joseph | Nirmalapuram |
| 10. | Thomas C. K. | Olarikkara |
| 11. | Wishi Patrick | West Fort |
| 12. | Francis Maliakal | Cathedral |
| 13. | Sr. Resmy CSS | Mannuthy |
| 14. | Raphy E. V. | Mariapuram |
| 15. | David K. John | Mariapuram |
| 16. | Rani John | Mariapuram |
| 17. | Joju Thermadam | Nadathara |
| 18. | Thomas M. L. | Nadathara |
| 19. | Sunny A. P. | Nadathara |
| 20. | Wilson Pallipuram | Nadathara |
| 21. | Varghese Vadakkan | Nellankara |
| 22. | Joseph Pulicken | Nellangara |
| 23. | Sr. Phinsa Joseph FCC | Nellikkunnu |
| 24. | Jessy Simon | Nellikkunnu |
| 25. | Leena Antony | Nellikkunnu |
| 26. | Varghese Antony | Paravattani |
| 27. | Anitha Johnson | Killimangalam |
| 28. | Gracy George | Killimangalam |
| 29. | Benny Padikal | Killimangalam |
| 30. | Jomy Joseph | Killimangalam |

| | | |
|---|---|---|
| 31. | Alice Georgekutty | Manalady |
| 32. | Marykutty P. J. | Mayannur |
| 33. | Mary Paul | Pazhayannur |
| 34. | Sr. Sumana CSC | Chowannur |
| 35. | Reena Paul | Chowannur |
| 36. | Licy Joy | Chowannur |
| 37. | Vinitha Xavier | Vellarakad |
| 38. | Tressy Antony | Enamakkal |
| 39. | Biju Jose K. | Enamakkal |
| 40. | Prince Davis C. | Enamakkal |
| 41. | Tessy Sunny | Eravu |
| 42. | Reeja Sunny | Karamuck N. |
| 43. | Babu K. G. | Mullassery |
| 44. | Lissy Vilson | Mullassery |
| 45. | Sr.Seno CSC | Thoyakkavu |
| 46. | Moly Baby | Vatanappilly |
| 47. | Freddy K. A. | Vatanappilly |
| 48. | Annie Raphael | Kuttur |
| 49. | James Babu A. T. | Kuttur |
| 50. | Paul M. A. | Kuttur |
| 51. | Baby Varghese | Peramangalam |
| 52. | Peter C. Paul | Chittattukara |
| 53. | Sr. Francy Maria FCC | Chittattukara |
| 54. | Mary Jacob | Elavally |
| 55. | Fancy Wilson | Koonammoochi |
| 56. | Alphons M. K. | Koonammoochi |
| 57. | Lonappan T. L. | Mattom |
| 58. | Rosy George | Vaka |
| 59. | Devassy A. M. | Ammadam |
| 60. | Tessy Varghese Thuluvath | Ammadam |
| 61. | Sr. Justy CMC | Chiyyaram |
| 62. | Lizy Poulose | Kodannur |
| 63. | Sr. Clereesa SABS | Kodannur |
| 64. | Sr. Savidha CMC | Palakkal |
| 65. | Sr. Elsa Antony CMC | Palakkal |
| 66. | Lissy Jenrose | Palakkal |
| 67. | Jose V. R. | Pootharakkal |
| 68. | Biju K. J. | Pulakkattukara |
| 69. | Johnson P. A. | Thalore |
| 70. | Davis Kuttikkatt | Thalore |

| | | |
|---|---|---|
| 71. | Alice C. D. | Venginissery |
| 72. | Simon Jose | Brahmakulam |
| 73. | Jolly Thomas | Guruvayur |
| 74. | Jolly Joseph | Kaveed |
| 75. | Shainy Jose | Pavaratty |
| 76. | Kochuthressia T. K. | Pavaratty |
| 77. | Jaisy Mathew | Pavaratty |
| 78. | Jalaja Roy | Pavaratty |
| 79. | Sr. Marylit CMC | Parappur |
| 80. | Mini Francis | Peruvallur |
| 81. | Joby Joshy | Peruvallur |
| 82. | Biju Peter | Ponnore |
| 83. | Joji K. T. | Ponnore |
| 84. | Jeny Joseph | Chirakkakode |
| 85. | Petsy Jose | Chirakkakode |
| 86. | Jessy Abraham | Chirakkakode |
| 87. | Annie Jose | Koottala |
| 88. | Jinson P. P. | Mulayam |
| 89. | Shali Jose | Vaniampara |
| 90. | Sheela Poulose | Anthikad |
| 91. | Rani Vincent | Chevoor |
| 92. | Rosy Varghese | Peringottukara |
| 93. | Leesa Anto | Porathur |
| 94. | Leena Belson | Valapad |
| 95. | Sr. Neena Maria CMC | Valapad |
| 96. | Lissy George | Kallur E. |
| 97. | Mancy George | Kallur E. |
| 98. | Lijo Vattakuzhy | Kallur W. |
| 99. | Johnson T. P. | Mannampetta |
| 100. | Varghese Paul | Mannampetta |
| 101. | Shiny Pious | Nandipulam N. |
| 102. | Antoo P. V. | Nandipulam N. |
| 103. | Ansa Paulson | Palazhi |
| 104. | Jancy Joy | Palazhi |
| 105. | Sony Paul | Pallikkunnu |
| 106. | Sebastian K. J. | Pallikkunnu |
| 107. | Shiji P. D. | Pudukad |
| 108. | Sr. Nisha Paul SKD | Pudukad |
| 109. | Sr. Guna Jose CMC | Velupadam |
| 110. | Joseph Kannampadathil | Velupadam |

111. Sr. Rexy Valloor DSS ........................... Baratha
112. Sijo K. V. ............................................ Eravimangalam
113. Thomas C. C. ....................................... Mannamangalam
114. Susamma Ouseph ................................ Mannamangalam
115. Shinto Mathew .................................... Ponnukkara
116. Lissy Francis ........................................ Ponnukkara
117. Shaju C. L. .......................................... Vettukad
118. Sijo S. Vadakkan ................................. Kurumal
119. Shency Joe ........................................... Parannur
120. Sicily Francis ....................................... Thalakottukara
121. Philomina Jose ..................................... Thalakottukara
122. Jacob P. M. .......................................... Vellattanjoor
123. Baby Johny .......................................... Vellattanjoor
124. Joseph P. F. .......................................... Velur
125. Lissy Francis ........................................ Kundannur
126. Joseph T. J. .......................................... Sarithapuram
127. Jaison George ...................................... Sarithapuram
128. Jessy Baby ........................................... Sarithapuram

## 25 Years

1 Raju Chiramel ................................................. Aranattukara
2 Mary Francis .................................................. Kannamkulangara
3 Molly Thomas ................................................ Kuriachira
4 Graizcy N. C. .................................................. Olarikkara
5 Baby Jose ........................................................ Madona Nagar
6 Saji George ..................................................... Mariapuram
7 Thomas Menachery ......................................... Mariapuram
8 Anitha Jose ..................................................... Nadathara
9 Mary Jose ....................................................... Punkunnam
10 Sr. Maria Clare FCC ....................................... Mayannur
11 Sr. Karlet Eluvathingal FCC .......................... Mayannur
12 Lissy K. I. ....................................................... Eyyal
13 Ouseph A. L. .................................................. Mangad
14 Sunny C. A. .................................................... Puthuruthy
15 Celine E. A. .................................................... Manalur E.
16 Francis Nellissery .......................................... Vatanappilly
17 Joy K. Poulose ................................................ Peramangalam
18 Francis O. M. .................................................. Varadiam
19 Maggie Babu .................................................. Viyyur
20 Reena Thomas ................................................ Chiyyaram

| | | |
|---|---|---|
| 21 | Reena Sebastian | Chiyyaram |
| 22 | Sr. Saly Joseph SKD | Arthat |
| 23 | Peius C. A. | Brahmakulam |
| 24 | Licy Raphael | Brahmakulam |
| 25 | Francis K. O. | Chemmannur |
| 26 | Mathew C. L. | Kaveed |
| 27 | Mary Thomas | Orumanayur |
| 28 | Mary C. L. | Pavaratty |
| 29 | Money Johny | Pavaratty |
| 30 | Elsy Davis | Pavaratty |
| 31 | Vincent P. D. | Parappur |
| 32 | Mathews P. D. | Parappur |
| 33 | Joseph C. A. | Parappur |
| 34 | John Mathew | Parappur |
| 35 | George K. A. | Anthikad |
| 36 | Alice Vincent | Pazhuvil |
| 37 | Iyyunni M. A. | Puthenpeedika |
| 38 | Antony A. A. | Valapad |
| 39 | Alphonsa Rappai | Kallur E. |
| 40 | Byju T. O. | Mannampetta |
| 41 | Poulose T. L. | Nandipulam |
| 42 | Babu Jose Thattil | Pallikkunnu |
| 43 | Valsa K. J. | Pallikkunnu |
| 44 | Sr. Sannidya CMC | Velupadam |
| 45 | Jojo Zachariah | Baratha |
| 46 | Sr. Jyothis Maria CSM | Ponnukara |
| 47 | Gracy Francis | Kiralur |
| 48 | Yesudas A. P. | Mundathikode |
| 49 | Joseph T. L. | Parannur |
| 50 | Santha Jacob | Thalakkottukara |
| 51 | George M. P. | Thandilam |
| 52 | Kochuthressia Kuriakose | Thandilam |
| 53 | Lucy M. L. | Thayyur |
| 54 | Elsy Ouseph | Vellattanjoor |
| 55 | Ouseph T. V. | Thiroor |
| 56 | Reena P. L. | Thiroor |
| 57 | Paul P. T. | Thiroor |
| 58 | Joju Cheruvathur | Thiruthiparambu |
| 59 | Sunny Palayoor | Wadakkanchery |
| 60 | Mercy Jose | Wadakkanchery |

## 35 Years

| | | |
|---|---|---|
| 1 | Francis K. D. | Basilica |
| 2 | Sr. Cicily MSMI | Nedupuzha |
| 3 | Babu K. J. | Olarikkara |
| 4 | Sebastian E. E. | Eyyal |
| 5 | Davis C. A. | Manalur E. |
| 6 | Alphonsa M. P. | Manalur E. |
| 7 | Renny P. V. | Mullassery |
| 8 | Solamon C. A. | Vatanappilly |
| 9 | Thomas C. D. | Valappaya |
| 10 | Paul T. A. | Pudussery |
| 11 | Jacob J. Thattil | Thalore |
| 12 | Antony K. M. | Thalore |
| 13 | Clara T. C. | Vallachira |
| 14 | Joy M. F. | Kaveed |
| 15 | Jain C. U. | Kottapadi |
| 16 | Paul V. J. | Edakkalathur |
| 17 | Chacko K. P. | Puthenpeedika |
| 18 | Cicily Kunjuvareed | Nandipulam |
| 19 | Mariyama P. P. | Pudukad |
| 20 | Charly K. A. | Pudukad |
| 21 | Paulson M. A. | Pudukad |

## 45 Years

| | | |
|---|---|---|
| 1 | Jose P. Iyinikkal | Aranattukara |
| 2 | Rosy M. L. | Paravattani |
| 3 | Jose K. A. | Anthikad |
| 4 | Francis E. D. | Chevoor |

## 50 Years

| | | |
|---|---|---|
| 1 | John K. P. | Olarikkara |
| 2 | Sr. Donald FCC | Peringottukara |

PH : 2420891

# സെന്റ് മേരീസ് മൈനർ സെമിനാരി

**പുതിയ ടേം**

ഈ അദ്ധ്യയന വർഷത്തിലെ രണ്ടാമത്തെ ടേം ഓണാവധിക്കുശേഷം സെപ്തംബർ 5-ാം തയിതി സമാരംഭിച്ചു.

**അഭിവന്ദ്യപിതാക്കന്മാരുമൊത്ത് ദിവ്യബലിയർപ്പണം**

സെപ്തംബർ 7, 11, 17 എന്നി ദിവസങ്ങളിൽ യഥാക്രമം മാർ റാഫേൽ തട്ടിൽപിതാവും മാർ ആൻഡ്രൂസ് താഴത്ത് പിതാവും മാർ ജേക്കബ് തൂങ്കുഴി പിതാവും സെമിനാരി കുടുംബത്തോടൊപ്പം വിശുദ്ധ കുർബ്ബാനയർപ്പിച്ച് തിരുവചനസന്ദേശം നൽകി.

**മാസധ്യാനം**

ഈ ടേമിലെ ആദ്യത്തെ മാസധ്യാനം സെപ്തംബർ 11, 12 എന്നീ ദിവസങ്ങളിൽ നടന്നു. മൈനർ സെമിനാരിക്കാർക്ക് ബഹു. വിത്സൺ കണ്ണനായ്ക്കലച്ചനും ബിരുദ വിദ്യാർത്ഥികൾക്കും റീജൻസിക്കാർക്കും ബഹു. സൈജോ തൈക്കാട്ടിലച്ചനുമാണ് ധ്യാനചിന്തകൾ നൽകിയത്.

**ആതുരാലയസന്ദർശനം**

സമൂഹത്തിലെ നിരാലംബരായവരുടെ ജീവിതാവസ്ഥ നേരിട്ടറിയുന്നതിനും തദ്വാര കരുണയുടെ അജപാലന ദർശനങ്ങൾക്ക് വിത്തുപാകപ്പെടാനും ഉദ്ദേശിച്ച് സെമിനാരി കുടുംബം സെപ്തംബർ 19-ാം തിയതി ചെന്നായ്പാറയിലുള്ള ദിവ്യഹൃദയാശ്രമം സന്ദർശിച്ചു.

**ബേഴ്സ് സ്ഥാപിച്ചവർ**

1. ശ്രീ. സി.എ. ലാസർ, ചുങ്കത്ത് ഹൗസ്, പാവറട്ടി,
2. റവ. ഫാ. ഫ്രാങ്ക്ളിൻ കണ്ണനായ്ക്കൽ, തൃശ്ശൂർ അതിരൂപത
3. ശ്രീമതി സെലീന വാറുണ്ണി, അരിമ്പൂർ ഹൗസ്, ലൂർദ്ദ് പുരം
4. ശ്രീ. പി.എ. അഗസ്റ്റിൻ, പുതിയാക്കുന്നേൽ ഹൗസ്, കല്ലൂർ ഈസ്റ്റ്
5. ശ്രീ. ജോൺസൺ എൻ. ഒ. നായങ്കര ഹൗസ്, നെല്ലങ്കര
6. ശ്രീ. സജി ജോസ് ഇ. എലുവത്തിങ്കൽ മുട്ടിക്കൽ ഹോസ്, കാരമുക്ക് നോർത്ത്

ഈശോയുടെ പാത പിൻതുടർന്ന് ഇടയധർമ്മം ഏറ്റെടുക്കാനൊരുങ്ങുന്ന വൈദികവിദ്യാർത്ഥികളെ അകമഴിഞ്ഞ് സഹായിക്കുന്ന എല്ലാവരേയും അവിടുന്ന് ആശീർവദിച്ചനുഗ്രഹിക്കട്ടെ.

**ഫാ. ജെയ്സൺ കൂനംപ്ലാക്കൽ**
(റെക്ടർ)

# കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസി

**1. ഓർമ്മിക്കാൻ... ആചരിക്കാൻ (2015 ഒക്ടോബർ)**

01. വ്യാഴം - വി. കൊച്ചുത്രേസ്യ
02. വെള്ളി - ഗാന്ധിജയന്തി, ആദ്യവെള്ളി
04. ഞായർ - വി. ഫ്രാൻസീസ് അസ്സീസി
09. വെള്ളി - തപാൽദിനം
17. ശനി - ദാരിദ്ര്യനിർമ്മാർജന ദിനം
22. വ്യാഴം - മഹാനവമി
24. ശനി - യു. എൻ. ദിനം, മുഹറം
27. ചൊവ്വ - വാല്മീക ജയന്തി
31. - ശനി - ഇന്ദിരഗാന്ധിചരമദിനം

**2. അദ്ധ്യാപക ദിനാശംസകൾ**

കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള എല്ലാ വിദ്യാലയങ്ങളിലും സെപ്തംബർ 5ന് അദ്ധ്യാപക ദിനം സമുചിതമായി കൊണ്ടാടി. ഒക്ടോബർ 5 തിങ്കളാഴ്ച ലോക അദ്ധ്യാപക ദിനമാണ്. ഈ സാഹചര്യത്തിൽ എല്ലാ അദ്ധ്യാപകർക്കും ഒരിക്കൽ കൂടി അദ്ധ്യാപദിനത്തിന്റെ മംഗളങ്ങളും പ്രാർത്ഥനകളും നേരുന്നു.

**ജപമാല മാസം**

ഒക്ടോബർ മാസം ജപമാല മാസമായി നാം ആചരിക്കുകയാണല്ലോ. ജപമാല ഭക്തിയിൽ വളരുവാൻ നമ്മുടെ വിദ്യാർത്ഥികൾക്ക് എല്ലാവിധ പ്രോത്സാഹനങ്ങളും നൽകുക. അതിനുതകുന്ന പരിപാടികൾ വിദ്യാലയങ്ങളിൽ ആസൂത്രണം ചെയ്യുക.

**4. മാനേജർമാരുടെ സംഗമം (HSS)**

അതിരൂപതയിലെ ഹയർ സെക്കണ്ടറി വിദ്യാലയങ്ങളുടെ മാനേജർമാരുടെ ഒരു യോഗം സെപ്തംബർ 3ന് വ്യാഴാഴ്ച മെത്രാസന മന്ദിരത്തിൽ വെച്ചുകൂടി. അഭിവന്ദ്യ താഴത്ത് പിതാവ് അദ്ധ്യക്ഷനായിരുന്നു. പ്ലസ് ടു അദ്ധ്യാപക നിയമനങ്ങൾ, അദ്ധ്യാപക സ്ഥലമാറ്റങ്ങൾ,വിദ്യാലയ ഇൻസ്പെക്ഷനുകൾ എന്നിവയെപ്പറ്റി വിശദമായി ചർച്ച ചെയ്തു. അതിരൂപത "വിദ്യാഭ്യാസപ്രേഷിതത്വ"ത്തിലെ നിയമങ്ങൾ നടപ്പിലാക്കാൻ എല്ലാവിധ സഹകരണവും അഭിവന്ദ്യ പിതാവ് ആവശ്യപ്പെട്ടു.

### 5. കോർപ്പറേറ്റ് മനേജർമാരുടെ സംഗമം

തൃശ്ശൂർ അതിരൂപതയിൽ പ്രവർത്തിക്കുന്ന വിദ്യാലയങ്ങളുടെ കോർപ്പറേറ്റ് മാനേജർമാരുടെ ഒരു യോഗം സെപ്തംബർ 3ന് വ്യാഴാഴ്ച മെത്രാസന മന്ദിരത്തിൽ വെച്ച് കൂടുകയുണ്ടായി. ഏറെ നാളുകളായി കേരളത്തിലെ വിദ്യാഭ്യാസ രംഗത്ത് നിലനിൽക്കുന്ന അസ്വസ്ഥതകളെപ്പറ്റി അഭിവന്ദ്യ ആൻഡ്രൂസ് താഴത്ത് പിതാവ് വിശദീകരിച്ചു. പൊതു വിദ്യാഭ്യാസ രംഗവും ഉന്നതവിദ്യാഭ്യാസരംഗവും കുറ്റമറ്റരീതിയിൽ പ്രവർത്തിക്കാനാവശ്യമായ സത്വര നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകേണ്ടതാണെന്ന് യോഗം വിലയിരുത്തി.

**ഫാ. ആന്റണി ചെമ്പകശ്ശേരി**
കോർപ്പറേറ്റ് മാനേജർ

## ഫാമിലി അപ്പസ്തോലേറ്റ്

### 1. വിവാഹ രജത – സുവർണ്ണ ജൂബിലിയാഘോഷം

കുടുംബങ്ങളെക്കുറിച്ചുള്ള സാർവ്വത്രിക സഭയുടെ സിനഡ് നടക്കുന്ന ഈ കൊല്ലത്തിൽ വിവാഹജീവിതത്തിന്റെ 25, 50 വർഷങ്ങൾ പിന്നിടുന്ന രജത-സുവർണ്ണ ജൂബിലിയാഘോഷിക്കുന്ന ദമ്പതിമാരെ ഫാമിലി അപ്പൊസ്റ്റോലേറ്റ് വിളിച്ചുകൂട്ടി ആദരിക്കുന്നു. ഒരുമിച്ച് ബലിയർപ്പിക്കാനും, പ്രാർത്ഥനാശംസകൾ നേരാനും വേണ്ടി 1965ലും 1990ലും വിവാഹിതരായവരെയാണ് ഈ ജൂബിലിയാഘോഷങ്ങൾക്ക് ക്ഷണിക്കുന്നത്. ഭാര്യയും ഭർത്താവും ഒരുമിച്ച് പങ്കെടുക്കാൻ സ്നേഹപൂർവ്വം ക്ഷണിക്കുന്നു. രജത ജൂബിലിയാഘോഷം 2015 ഡിസംബർ 5-ാം തിയതി ശനി 9 am സുവർണ്ണ ജൂബിലിയാഘോഷം 2015 ഡിസംബർ 13-ാം തിയതി ഞായർ 9 am ന് മാർ ആൻഡ്രൂസ് താഴത്ത് പിതാവ് സംബന്ധിക്കാമെന്നും അനുഗ്രഹപത്രിക നൽകി ദമ്പതിമാരെ ആശീർവദിക്കാമെന്നും ഏറ്റിട്ടുണ്ട്. ബഹു. അച്ചന്മാർ ഇക്കാര്യം ഞായറാഴ്ചകളിലെ അറിയിപ്പുകളിൽ ഉൾപ്പെടുത്തി പങ്കെടുക്കാനുള്ളവരുടെ പേരും വ്യക്തമായ മേൽവിലാസവും ഫോൺ നമ്പറും 2015 നവംബർ 10നു മുമ്പായി ഫാമിലി അപ്പൊസ്റ്റോലേറ്റ് സെന്ററിലേക്ക് എത്തിക്കുമല്ലോ. പിന്നീട് ഈ വ്യക്തികളെ നേരിട്ട് ഇവിടെ നിന്ന് ക്ഷണിക്കുന്നതാണ്.

### വിവാഹത്തിനൊരുക്കമായ ക്ലാസ്സ്

2015 ഒക്ടോബർ മാസത്തിലെ അവസാനത്തെ ആഴ്ചയിലെ 28, 29, 30 (ബുധൻ, വ്യാഴം, വെള്ളി) ക്ലാസ്സുകൾ ഉണ്ടായിരിക്കുന്നതല്ല.

2015 ഡിസംബർ മാസത്തിലെ വിവാഹത്തിനൊരുക്കമായ ക്ലാസ് 2015 ഡിസംബർ 21, 22, 23 (തിങ്കൾ, ചൊവ്വ, ബുധൻ) എന്നി ദിവസങ്ങളിലായിരിക്കും.

**ഫാ. ലോറൻസ് തൈക്കാട്ടിൽ**
**ഡയറക്ടർ**

## മഹാജൂബിലി ട്രെയിനിംഗ് കോളേജ്, മുള്ളൂർക്കര

**അഖില കേരള പ്രബനധ മത്സര വിജയികൾ**

ദേവകിയമ്മ മെമ്മോറിയൽ ട്രസ്റ്റ് സംഘടിപ്പിക്കുന്ന അഖില കേരള പ്രബ സ്ധമത്സരത്തിൽ ഒന്നും രണ്ടും സ്ഥാനത്തിന് മഹാജൂബിലി ട്രെയ്നിംഗ് കോളേ ജിലെ വിദ്യാർത്ഥികളായ ഫാ. ജോൺ പോൾ ജോസും, ജീനയും അർഹയായി.

**വി. കുർബ്ബാന അർപ്പിച്ചു**

മഹാജൂബിലി കോളേജ് അസി. ബർസാർ ഫാ. ഡിറ്റോ കൂളയുടെ കാർമ്മികത്വത്തിൽ ഓഗസ്റ്റ് 7-ാം തീയതി വി.കുർബ്ബാനയും കുർബ്ബാന മദ്ധ്യേ First Year B.Ed.ന്റെ കാഴ്ചസമർപ്പണവും ഉണ്ടായിരുന്നു.

**ഹിരോഷിമ, നാഗസാക്കി ദിനം ആചരിച്ചു.**

ഓഗസ്റ്റ് 10-ാം തിയതി മഹാജൂബിലി കോളേജിൽ ഫിസിക്കൽ സയൻസ് ഓപ്ഷന്റെ നേതൃത്വത്തിൽ ആഗസ്റ്റ് 6, 9 - ഹിരോഷിമ, നാഗസാക്കി ദിനാചരണത്തോട് അനുബന്ധിച്ച് വീഡിയോ സ്മരണം ഉണ്ടായിരുന്നു.

**മത്സരങ്ങൾ സംഘടിപ്പിച്ചു**

ആഗസ്റ്റ് - 12, 9 തീയതികളിലായി മഹാത്മാ ഗ്രൂപ്പിന്റേയും ടാഗോർ ഗ്രൂപ്പിന്റേയും നേതൃത്വത്തിൽ ദേശഭക്തി ഗാനം, മലയാളം പ്രസംഗമത്സരം, തിരുവാതിരക്കളി, ക്ലാസിക്കൽ മ്യൂസിക്, ഇംഗ്ലീഷ് പ്രസംഗമത്സരം, മാർഗ്ഗംകളി എന്നീ മത്സരങ്ങൾ സംഘടിപ്പിച്ചു.

**ചിങ്ങപുലരി ആഘോഷിച്ചു**

ഓഗസ്റ്റ് 17-ാം തീയതി ചിങ്ങം ഒന്നിനോട് അനുബന്ധിച്ച് മലയാള വിഭാഗത്തിന്റെ നേതൃത്വത്തിൽ ചിങ്ങപുലരി ആഘോഷവും സ്ലൈഡ് പ്രദർശനവും ഉണ്ടായിരുന്നു.

**മത്സരവിജയികളെ പ്രഖ്യാപിച്ചു**

ഓഗസ്റ്റ് 18, 20 തീയതികളിലായി മത്സരവിജയികളെ പ്രഖ്യാപിച്ചു. ഹിന്ദി റെസിറ്റേഷൻ മത്സത്തിൽ താര ഒന്നാം സ്ഥാനത്തിന് അർഹയായി. നീതു,

ദീപ എന്നിവർ രണ്ടും മൂന്നും സ്ഥാനങ്ങൾക്ക് അർഹരായി. ദേശഭക്തി ഗാന മത്സരത്തിൽ രാധാകൃഷ്ണ ഗ്രൂപ്പ് ഒന്നാം സ്ഥാനത്തിന് അർഹമായി. രണ്ടാം സ്ഥാനത്തിന് ടാഗോർ ഗ്രൂപ്പും മൂന്നാം സ്ഥാനത്തിന് വിവേകാനന്ദ ഗ്രൂപ്പും അർഹമായി. മലയാളം പ്രസംഗമത്സരത്തിൽ ഒന്നാം സ്ഥാനത്തിന് ജീനയും രണ്ടാം സ്ഥാനത്തിന് ജെസ്നയും മൂന്നാം സ്ഥാനത്തിന് ജിൻസിയും അർഹ രായി. തിരുവാതിരക്കളി മത്സരത്തിൽ ടാഗോർ ഗ്രൂപ്പ് ഒന്നാം സ്ഥാത്തിനും മഹാത്മാ ഗ്രൂപ്പ് രണ്ടാം സ്ഥാനത്തിനും അർഹമായി. വിവേകാനന്ദഗ്രൂപ്പും, രാധാകൃഷ്ണ ഗ്രൂപ്പും മൂന്നാം സ്ഥാനത്തിന് അർഹരായി.

ക്ലാസ്സിക്കൽ മ്യൂസിക് മത്സരത്തിൽ ദിവ്യ, ഗോപാൽ എന്നിർ ഒന്നാം സ്ഥാനം കരസ്ഥമാക്കി.അഖില, ശ്രീലേഖ എന്നിവർ യഥാക്രമം രണ്ടും മൂന്നും സ്ഥാനം കരസ്ഥമാക്കി. മാർഗ്ഗം കളിയിൽ ഒന്നാം സ്ഥാനം ടാഗോർ ഗ്രൂപ്പിനും രണ്ടാം സ്ഥാനം മഹാത്മാ ഗ്രൂപ്പിനും ലഭിച്ചു. മൂന്നാം സ്ഥാനം വിവേകാനന്ദ ഗ്രൂപ്പിന് ലഭിച്ചു. ഇംഗ്ലീഷ് പ്രസംഗമത്സരത്തിൽ ശ്രീലേഖ ഒന്നാം സ്ഥാനം കരസ്ഥമാക്കി. ഫാ. ജോൺ പോൾ, അനീഷ എന്നിവർ രണ്ടാം സ്ഥാനത്തിന് അർഹരായി. സി. പ്രീതി മൂന്നാം സ്ഥാനം കരസ്ഥമാക്കി.

**ഓണാവധിക്കുശേഷം ക്ലാസ്സുകൾ പുനരാരംഭിച്ചു.**

ആഗസ്റ്റ് 21 മുതൽ 31 വരെയുള്ള ഓണാവധിക്കുശേഷം സെപ്തംബർ 1ന് B.Ed., M.Ed, B.Com . ക്ലാസ്സുകൾ പുനരാരംഭിച്ചു.

**അദ്ധ്യാപകദിനം കൊണ്ടാടി.**

സെപ്തംബർ 5 അദ്ധ്യാപകദിനത്തോട് അനുബന്ധിച്ച് സെപ്തംബർ 4ന് മഹാജൂബിലി കോളേജിൽ അദ്ധ്യാപകരെ ആദരിക്കുന്ന ചടങ്ങ് സംഘടിപ്പി ച്ചു. അന്നേദിനം അദ്ധ്യാപനത്തിന്റെ മഹത്വത്തെക്കുറിച്ചും അദ്ധ്യാപകരുടെ കടമയെക്കുറിച്ചും പ്രതിപാദിക്കുന്ന പരിപാടികൾ വിദ്യാർത്ഥികളുടെ നേതൃ ത്വത്തിൽ സംഘടിപ്പിച്ചു.

**Teaching Practice ആരംഭിച്ചു.**

ബി. എഡ്. വിദ്യാർത്ഥികളുടെ അദ്ധ്യാപന പരിശീലനം വിവിധ സ്കൂളു കളിലായി സെപ്തംബർ 16ന് ആരംഭിച്ചു.

**ഡാറ്റ കളക്ഷൻ ആരംഭിച്ചു.**

എം.എഡ്. പഠനത്തിന്റെ ഭാഗമായി വിവിധ വിഷയങ്ങളെ ആസ്പദമാക്കി യിട്ടുള്ള പഠനത്തിനുവേണ്ടി എം.എഡ് വിദ്യാർത്ഥികള് സെപ്തംബർ 15 മുതൽ ഒരു മാസത്തേയ്ക്ക് ഡാറ്റ കളക്ഷനുവേണ്ടി പോയി.

**ഫാ. ചാക്കോ ചിറമ്മൽ** — പി.ആർ.ഒ.

**ഫാ.ഡിറ്റോ കൂള** — അസി. ബർസാർ

# സെന്റ് തോമസ് കോളേജ്

**സെന്റ് തോമസ് കോളേജിൽ യൂണിയൻ ഉദ്ഘാടനവും, ഫൈൻ ആർട്സ് ഫെസ്റ്റും (07.09.2015)**

സെന്റ് തോമസ് കോളേജിൽ 2015-16 അദ്ധ്യയന വർത്തെ വിദ്യാർത്ഥി യൂണിയൻ പ്രവർത്തനോദ്ഘാടനവും ഫൈൻ ആർട്സ് ഫെസ്റ്റിന്റെ ഉദ്ഘാടനവും നടന്നു. കോളേജ് യൂണിയൻ ഉദ്ഘാടനം ചെയ്ത പ്രശക്ത സംഗീത സംവിധായകനും കോളേജിലെ പൂർവ്വവിദ്യാർത്ഥിയുമായ ഡോ. ശ്രീവത്സൻ ജെ. മേനോൻ നിർവ്വഹിച്ചു. കോളേജ് പ്രിൻസിപ്പാൾ ഡോ. ജെൻസൺ പി.ഒ. അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ സിനി ആർട്ടിസ്റ്റ് ലിയോണ ലിഷോയ് ഫൈൻ ആർട്സ് ഫെസ്റ്റ് ഉദ്ഘാടനം ചെയ്തു. കോളേജ് ചെയർമാൻ ലിയോ രാജന്റെ നേതൃത്വത്തിലുള്ള യൂണിയൻ ഭാരവാഹികൾ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. തദവസരത്തിൽ കോളേജ് മാനുവലിന്റെ പ്രകാശനം സ്റ്റാഫ് കൗൺസിൽ സെക്രട്ടറി പ്രഫ. ജേക്കബ് അബ്രഹാം പുളിക്കൽ നിർവ്വഹിച്ചു.

**സെന്റ് തോമസിൽ സഹപാഠിക്കൊരു വീടിന്റേയും വിവിധക്ലബ്ബുകളുടേയും ഉദ്ഘാടനവും:**

തൃശ്ശൂർ സെന്റ് തോമസ് കോളേജിൽ ഈ വർഷം ആരംഭിച്ച സഹപാഠിക്കൊരു വീട് എന്ന പദ്ധിയുടേയും 21 വിവിധ ക്ലബ്ബുകളുടേയും ഉദ്ഘാടനം, മിസ് കേരളയും സിനി ആർട്ടിസ്റ്റുമായ ഗായത്രി സുരേഷ് നിർവ്വഹിച്ചു. ഈ കലാലയത്തിൽ പഠിക്കുന്ന 3 സെന്റ് സ്ഥലമെങ്കിലും സ്വന്തമായുള്ള എന്നാൽ വീടില്ലാത്ത ഒരു വിദ്യാർത്ഥിക്ക് വീട് നല്കുക എന്നതാണ് . സഹപാഠിക്കൊരു വീട് പദ്ധതി. എല്ലാ വെള്ളിയാഴ്ചകളിലും ക്ലാസ് തലത്തിൽ വിദ്യാർത്ഥികളിൽ നിന്നും അദ്ധ്യാപകരിൽ നിന്നും നടത്തുന്ന ധനസമാഹരണത്തിലൂടെയാണ് പദ്ധതിക്കാവശ്യമായ തുക കണ്ടെത്തുക. വിദ്യാർത്ഥികളുടെ സർഗ്ഗാത്മകവും ബൗദ്ധികവും കായികവുമായ കഴിവുകളെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് 21 അദ്ധ്യാപകർ കോഡിനേറ്റർമാരായി വിവിധ ക്ലബ്ബുകൾ ആരംഭിച്ചിരിക്കുന്നത്.

**സുവോളജി ഡിപ്പാർട്ടുമെന്റിന്റെ നേതൃത്വത്തിൽ ദ്വിദിന സെമിനാർ**

തൃശ്ശൂർ സെന്റ്തോമസ് കോളേജ് (ഓട്ടോണമസ്) ജന്തുശാസ്ത്ര വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ യൂണിവേഴ്സിറ്റി ഗ്രാൻസ് കമ്മീഷൻ, കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പ്, കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ, കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡ് എന്നിവയുടെ

ധനസഹായത്തോടെ സംഘടിപ്പിക്കുന്ന ദ്വിദിന സെമിനാർ കോളേജ് മാനേജർ മാർ റാഫേൽ തട്ടിൽ ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പാൾ ഡോ. ജെൻസൺ പി.ഒ. അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ജന്തു ശാസ്ത്ര വിഭാഗം മേധാവി ഡോ. ഫ്രാൻസി കാക്കശ്ശേരി സ്വാഗതം ആശംസിച്ചു.

ജീവജാലങ്ങളുടെ തന്മാത്രപരമായ വർഗ്ഗീകരണവും നൂതന പ്രവണതകളും എന്നതായിരുന്നു മുഖ്യപ്രമേയം പ്രമുഖ പരിസ്ഥിതി ശാസ്ത്രജ്ഞനും പശ്ചിമഘട്ട മലനിരകളിൽ നിന്ന് നാസിക ബട്രാക്ക്സ് സഹ്യാർദ്രിൻസിസ് എന്ന തവളയെ ശാസ്ത്രലോകത്തിന് പരിചയപ്പെടുത്തിയ പ്രമുഖ ഉഭയ ജീവി ശാസ്ത്ര ഗവേഷകനും ഡൽഹി സർവ്വകലാശാല പ്രഫസറുമായ ഡോ. എസ്. ഡി. ബിജു മുഖ്യപ്രഭാഷണം നടത്തി. തേവര സേക്രഡ് ഹാർട്ട് കോളേജ് അസിസ്റ്റന്റ് പ്രഫസർ ഡോ. മാത്യു എം.ജെ. ബാർകോഡിംഗ് ഉപയോഗിച്ചുള്ള ചിലന്തികളുടെ വർഗീകരണത്തെക്കുറിച്ച് ക്ലാസ്സുകൾ നയിച്ചു. രണ്ടു ദിവസങ്ങളിലായി നടക്കുന്ന സെമിനാറിൽ പ്രമുഖ യുവശാസ്ത്രജ്ഞർ ഗവേഷണ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

**ഫിസിക്സ് ഡിപ്പാർട്ടുമെന്റിന്റെ നേതൃത്വത്തിൽ ജാം കോച്ചിംഗ്**

സെൻട്രൽ യൂണിവേഴ്സിറ്റികളിൽ ബിരുദാനന്തര ബിരുദ കോഴ്സുകളിലേക്കുള്ള പ്രവേശന പരീക്ഷയ്ക്ക് ഫികിക്സ് ഡിപ്പാർട്ടുമെന്റ് പരിശീലനം എർപ്പെടുത്തിയിട്ടുണ്ട്. സെപ്തംബർ 6 മുതൽ ഫെബ്രുവരി വരെയുള്ള ശനിയാഴ്ചകളിൽ രാവിലെ 9.30 മുതൽ വൈകീട്ട് 4 മണിവരെയാണ് പരിശീലന ക്ലാസ്സ് താല്പര്യമുള്ള ഡിപ്പാർട്ടുമെന്റുകൾ ബന്ധപ്പെടേണ്ടതാണ്.

**വിവിധ വിഷയങ്ങളിൽ നെറ്റ് കോച്ചിംഗ്**

കോളേജിലെ വിവിധ ഡിപ്പാർട്ടുമെന്റുകളുടെ നേതൃത്വത്തിൽ കോളേജ് അദ്ധ്യാപക പരീക്ഷയായ നെറ്റ് പരിശീലന ക്ലാസ്സുകൾ ആരംഭിച്ചു. അവധി ദിവസങ്ങളിലാണ് ക്ലാസ്സുകൾ ക്രമീകരിച്ചിരിക്കുന്നത്. അവസാന വർഷ ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്കും ബിരുദാനന്തര ബിരുദം പൂർത്തിയാക്കിയവർക്കും പങ്കെടുക്കാവുന്നതാണ്. താൽപര്യമുള്ളവർ അതാതു ഡിപ്പാർട്ടുമെന്റുകളുമായി ബന്ധപ്പെടണം.

**ഡോ. ഡെയ്സൺ പാണേങ്ങാടൻ** — **റവ. ഡോ. മാർട്ടിൻ കൊളമ്പ്രത്ത്**

പി.ആർ.ഒ. — ബർസാർ

## ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസെർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

ബിഷപ്പ് ആലപ്പാട്ട് റോഡ്, ജൂബിലി മിഷൻ പി. ഒ., തൃശ്ശൂർ ഈസ്റ്റ് - 680005

**സെപ്റ്റംബർ – 2015**

**റിസേർച്ച് സെന്റർ ശില്പശാല (07.08.2015)**

ജൂബിലി സെന്റർ ഫോർ മെഡിക്കൽ റിസേർച്ച് പി. ജി. വിദ്യാർത്ഥികൾക്ക് ഗവേഷണ പ്രബന്ധം തയ്യാറാക്കുന്ന സാങ്കേതിക വശങ്ങളെക്കുറിച്ച് ഒരു ഏകദിന സെമിനാർ നടത്തി. റിസേർച്ച് ഡയറക്ടർ ഡോ. പി. എം. വാസുദേവൻ, ഡോ. പത്മകുമാർ കെ. (ഫോറൻസിക് മെഡിസിൻ വിഭാഗം), ഡോ. വി. സി. മനോജ് (നിയോനാറ്റോളജി വിഭാഗം), ഡോ. അണ്ണാമലൈ പി. ടി. (ബയോകെമിസ്ട്രി വിഭാഗം), ഡോ. അലക്സ് പി. ചാണ്ടി (വെറ്റിനറി കോളേജ്, മണ്ണുത്തി) എന്നിവർ ശില്പശാലയ്ക്ക് നേതൃത്വം നൽകി. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ ഡോ. വി. കെ. രാമൻകുട്ടി ആമുഖ പ്രസംഗവും, റിസേർച്ച് കോർഡിനേറ്റർ ഡോ. പി. എം. വർഗ്ഗീസ് നന്ദിയും പറഞ്ഞു

**കലാമിന്റെ പ്രതിജ്ഞയെടുത്ത് മെഡിക്കൽ വിദ്യാർത്ഥികൾ (11.08.2015)**

ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ 13-ാം ബാച്ച് മെഡിക്കൽ വിദ്യാർത്ഥികൾ വിദ്യാരംഭം കുറിച്ചത് അബ്ദുൾ കലാമിന്റെ പ്രതിജ്ഞയെടുത്താണ്. 2008-ൽ അബ്ദുൾ കലാം ജൂബിലി സന്ദർശിച്ചപ്പോൾ മെഡിക്കൽ വിദ്യാർത്ഥികൾക്ക് ചൊല്ലിക്കൊടുത്ത പ്രതിജ്ഞയാണിത്. ആതുരസേവനത്തിന്റെ പ്രാധാന്യം, പാവപ്പെട്ട രോഗികളോടുള്ള സഹാനുഭൂതി, ആതുര സേവനമേഖലയിൽ പുലർത്തേണ്ട മൂല്യബോധങ്ങൾ എന്നിവയാണ് പ്രതിജ്ഞയിൽ പ്രതിപാദിക്കുന്നത്. ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് ചടങ്ങ് ഉദ്ഘാടനം ചെയ്തു. പ്രൊഫ. പി. സി. തോമസ് മുഖ്യപ്രഭാഷണം നടത്തിയ ചടങ്ങിൽ ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് അദ്ധ്യക്ഷത വഹിച്ചു. വിദ്യാർത്ഥികളും രക്ഷിതാക്കളും സംബന്ധിച്ച ചടങ്ങിൽ ഫാ. സുനിൽ ചിരിയങ്കണ്ടത്ത്, ഡോ. വി. കെ. രാമൻകുട്ടി, ഡോ. സി. വി. ആൻഡ്രൂസ്, ഡോ. ബെന്നി ജോസഫ് എന്നിവർ സംസാരിച്ചു. ഡോ. അലക്സ് ജോസഫ്, ഡോ. അശ്വത്ത് കുമാർ, ഡോ. രഞ്ജിത്ത്, പി.ടി.എ. പ്രസിഡണ്ട് രവി കൃഷ്ണ, സനിത്ത് കെ. ആർ. എന്നിവർ ചടങ്ങിന് നേതൃത്വം കൊടുത്തു.

## സ്വാതന്ത്രദിനം ആഘോഷിച്ചു (15.08.2014)

ഭാരത സ്വാതന്ത്ര്യദിനത്തിൽ തൃശ്ശൂർ അതിരൂപത ചാൻസലർ വെരി. റവ. ഫാ. മാത്യു കുറ്റിക്കോട്ടയിൽ ദേശീയ പതാക ഉയർത്തി സന്ദേശം നൽകി. നേഴ്സിങ്ങ് സ്കൂൾ കുട്ടികളുടെ നേതൃത്വത്തിൽ നടന്ന സ്വാതന്ത്ര്യദിനപരേഡ് ഏറെ ഹൃദ്യമായിരുന്നു.

## ഫോക്കസ് - പരിശീലന പരിപാടി

ഗൈനക്കോളജി വിഭാഗം, ബിരുദാനന്തരബിരുദ വിദ്യാർത്ഥികൾക്കായി അഖിലേന്ത്യാതലത്തിൽ വർഷംതോറും ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ സംഘടിപ്പിക്കുന്ന ശിൽപശാല 'ഫോക്കസ്' ആഗസ്റ്റ് 17 മുതൽ 21 വരെ നടന്നു. ഇന്ത്യയിൽ നിന്നുള്ള അഞ്ഞൂറ്റിഅമ്പതോളം ഡോക്ടർമാർ പങ്കെടുത്ത ഈ പഞ്ചദിന പരിപാടി നടത്തിയത്. ഡോ. വി. പി പൈലി, ഡോ. സറീന ഗിൽവാസ് എന്നിവർ നേതൃത്വം നൽകുന്ന ജൂബിലി മിഷനിലെ ഗൈനക്കോളജി വിഭാഗമാണ്. ഡൽഹി, ചെന്നൈ, അഹമ്മദാബാദ്, ബാംഗ്ലൂർ, വെല്ലൂർ, ജിപ്മർ എന്നിവടങ്ങളിലെ പ്രഗത്ഭരായ പ്രൊഫസർമാർക്കൊപ്പം കേരളത്തിലെ മെഡിക്കൽ കോളേജുകളിലെ ഗൈനക്കോളജി വിഭാഗം മേധാവികളും കൂടി അണിനിരന്ന ഈ ശിൽപശാല, രോഗലക്ഷണങ്ങൾ, ചികിത്സാ രീതികൾ എന്നിവയിലെ പരമ്പരാഗതവും നൂതനവുമായ എല്ലാ പ്രവണതകളേയും വിശകലനം ചെയ്യുന്നതായിരുന്നു. ലിസ്സി ഹോസ്പ്റ്റിലിലെ പ്രഗത്ഭ ഇന്റർവെൻഷണൽ കാർഡിയോളജിസ്റ്റ് ഡോ. ജോസ് ചാക്കോ പെരിയപുറം പരിപാടി ഉദ്ഘാടനം ചെയ്തു.

## ബി. എസ്. സി. നഴ്സിങ്ങ് 13-ാം ബാച്ച് (20/08/2015)

ജൂബിലി മിഷൻ കോളേജ് ഓഫ് നഴ്സിങ്ങിലെ 13-ാം ബാച്ചിന്റെ അധ്യയന വർഷ ഉദ്ഘാടനം അതിരൂപത വികാരി ജനറൽ മോൺ. ജോർജ്ജ് കോമ്പാറ നിർവ്വഹിച്ചു.

## തിരുവോണം പാവപ്പെട്ട രോഗികളോടൊത്ത് (28.08.2015)

ഓണത്തോടനുബന്ധിച്ച് ജൂബിലി മിഷനിൽ ചികിത്സയിൽ കഴിയുന്ന പാവപ്പെട്ട രോഗികൾക്കും കൂടെ നിൽക്കുന്നവർക്കും സൗജന്യ ഓണസദ്യ നൽകി. അന്നേദിവസം സാധാരണ പ്രസവത്തിലൂടെ ജൂബിലിയിൽ ജനിച്ച കുഞ്ഞിന് സ്വർണ്ണപതക്കം സമ്മാനിച്ചു. തൃശ്ശൂർ കോർപ്പറേഷൻ മേയർ ശ്രീ. രാജൻ പല്ലൻ മുഖ്യാതിഥിയായിരുന്നു.

**ജൂബിലി : വിഷൻ & മിഷൻ – 2020 (07.09.2015)**

ജൂബിലി മിഷൻ മെഡിക്കൽ കോളേജിന്റെയും അനുബന്ധസ്ഥാപനങ്ങളുടെയും പ്രവർത്തനം വിലയിരുത്തുന്നതിനായി ക്രിസ്ത്യൻ മെഡിക്കൽ കോളേജ്, വെല്ലൂർ ഡയറക്ടർ ഡോ. സുനിൽ ചാണ്ടി നേതൃത്വം നൽകിയ ശില്പശാല ഏറെ ഹൃദ്യമായിരുന്നു.

**അഭിനന്ദനങ്ങൾ .... ആശംസകൾ ....**

- അനസ്തേഷ്യ ടെക്നീഷ്യൻ ഡിപ്ലോമ കോഴ്സിൽ ഷാഹിന വി. എ. ഒന്നാം റാങ്കും, ഷെർലിൻ തോമസ് മൂന്നാം റാങ്കും നേടി.
- നാഷണൽ നിയോനാറ്റോളജി ഫോറം നടത്തിയ നിയോനാറ്റോളജി പി. ജി. ക്വിസ് മത്സരത്തിൽ (നോർത്ത് കേരള സോൺ) ഡോ ആനന്ദ്, ഡോ. ജോബിൻ ഒന്നാം സമ്മാനം കരസ്ഥമാക്കി.
- ഇന്ത്യൻ സൈക്യാട്രി സൊസൈറ്റി നടത്തിയ സംസ്ഥാനതല അണ്ടർ ഗ്രാജ്വേറ്റ് സൈക്യാട്രി ക്വിസ് മത്സരത്തിൽ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഹൗസ് സർജൻമാരായ അന്ന റോസ് വർഗ്ഗീസും, സ്നേഹ സൂസൻ വർക്ഷീസും ഒന്നാം സ്ഥാനം കരസ്ഥമാക്കി.

**ഡയാലിസിസിന് സംഭാവന നൽകിയവർ**

- ശ്രീ. എഡിസൺ ജോർജ്ജ് (40 ഡയാലിസിസ്)
- സേക്രട്ട് ഹാർട്ട് ലാറ്റിൻ ചർച്ച്, തൃശ്ശൂർ (400 ഡയാലിസിസ്)
- ശ്രീ. റപ്പായി സി. എൽ, ചേറുശ്ശേരി ഹൗസ്, ചേർപ്പ്, തൃശ്ശൂർ ( 50 ഡയാലിസിസ്)
- ശ്രീ. സി. ജെ. പോൾ, പ്രസിഡന്റ്, ചിയ്യാരം (30 ഡയാലിസിസ്)
- മില്ലേനിയം ഗോൾഡ്, എറണാകുളം (80 ഡയാലിസിസ്)
- ക്രൈസ്റ്റ് വിഷൻ സൊസൈറ്റി, പുതുക്കാടൻ ബിൽഡിങ്ങ്, അരിയങ്ങാടി, തൃശ്ശൂർ<br>(31 ഡയാലിസിസ്)
- ശ്രീ. വർഗ്ഗീസ് & ശ്രീമതി ലിസി, ചാലക്കൽ ഹൗസ്, വെങ്കിടങ്ങ്, തൃശ്ശൂർ<br>(20 ഡയാലിസിസ്)

- ശ്രീ. വിവിൻ വിൻസെന്റ്, ഇരിങ്ങാലക്കുടക്കാരൻ ഹൗസ്, അവിണിശ്ശേരി, തൃശ്ശൂർ (20 ഡയാലിസിസ്)

**അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

- ശ്രീ. മോഹൻദാസ് റിജ്‌വാണി
- ശ്രീമതി തങ്കം തോമസ്, കുരിയിച്ചിറ, തൃശ്ശൂർ
- ശ്രീ. ഫ്രാൻസിസ്, തോട്ടത്തിൽ ലെയിൻ, തൃശ്ശൂർ
- ഋഷികേശ് എം നമ്പൂതിരിപ്പാട്, മേക്കാട്ട് ഇല്ലം, കോഴിക്കോട്
- ഹെൽത്ത് കെയർ സൊസൈറ്റി, ഡോളേഴ്സ് ബസിലിക്ക, തൃശ്ശൂർ

**കൺമണിക്കൊരു കരുതലിലേക്ക് സംഭാവന നൽകിയവർ**

- ശ്രീ. ജേക്കബ് & ശ്രീമതി മേരി, ചെമ്പൂക്കാവ്, തൃശ്ശൂർ

**ഹൃദയനിധിയിലേക്ക് സംഭാവന നൽകിയവർ**

- ശ്രീ. ഫ്രാൻസിസ് സെബാസ്റ്റ്യൻ, മുക്കാട്ടുകര, തൃശ്ശൂർ
- ശ്രീമതി ഷീന പ്രിൻസ്, കവലക്കാട്ട് ഹൗസ്, തൃശ്ശൂർ
- ശ്രീ. അഹമ്മദ് ഹസ്സൻ, അവന്യൂ റോഡ്, മുണ്ടുപാലം, തൃശ്ശൂർ

**ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്**

ഡയറക്ടർ

# ബൈബിൾ അപ്പസ്തോലേറ്റ്

## ലോഗോസ് മഹോത്സവം - 2015

തൃശ്ശൂർ അതിരൂപതയിലെ ബൈബിൾ അപ്പസ്തോലേറ്റിന്റെ നേതൃത്വത്തിലുള്ള ലോഗോസ് ക്വിസ് മഹോത്സവത്തിനു മതബോധന അദ്ധ്യാപക ലോഗോസ് പരീക്ഷയിലൂടെ തുടക്കം കുറിച്ചു. വചനമെഴുത്ത്, ഫാമിലി, സിസ്റ്റേഴ്സ്, യുവജനങ്ങൾ, മതബോധന വിദ്യാർത്ഥികൾ എന്നിവർക്കുള്ള ലോഗോസ് ഇതര മത്സര പരീക്ഷകൾ ഓരോ ഞായാറാഴ്ചകളിലുമായി നടന്നുകൊണ്ടിരിക്കുന്നു. അഖിലകേരളാടിസ്ഥാനത്തിൽ നടത്തപ്പെടുന്ന ലോഗോസ് മത്സരങ്ങൾക്ക് മുന്നൊരുക്കമായുള്ള ഈ വചനമഹോത്സവത്തിലേക്കു ഡയറക്ടർ ഫാ. ഫ്രാൻസീസ് കൂത്തൂർ ഏവരെയും സ്വാഗതം ചെയ്തു.

ബൈബിൾ വർണ്ണങ്ങൾ, ബൈബിൾ ക്ലാസ്സുകൾ, വിശുദ്ധനാട് തീർത്ഥാടനം തുടങ്ങിയ കർമ്മപരിപാടികളും വചനാധിഷ്ഠിത പരമ്പരയ്ക്ക് മാറ്റു കൂട്ടാൻ ബൈബിൾ അപ്പസ്തോലേറ്റ് വരും നാളുകളിൽ ഒരുക്കിയിരിക്കുന്നു.

## മതബോധന അദ്ധ്യാപക ലോഗോസ് ക്വിസ്

ലോഗോസ് ക്വിസ് മഹോത്സവത്തിലെ മതബോധന അദ്ധ്യാപകർക്കുള്ള മത്സരപരീക്ഷ, വായിൽ തേനിനേക്കാൾ മാധുര്യം പകരുന്ന വചനത്തിന് എസക്കിയേൽ പ്രവാചകനെ പോലെ ജീവനുള്ള സാക്ഷ്യം പകരുവാൻ ആഹ്വാനം ചെയ്തുകൊണ്ട് സെന്റ് തോമാസ് കോളേജിൽ വികാരി ജനറാൾ വെരി. റവ. മോൺ. ജോർജ്ജ് കോമ്പാറ ഭദ്രദീപം കൊളുത്തി ഉദ്ഘാടനം നിർവ്വഹിച്ചു. ജർമ്മനിയിലെ ഡോർട്ട്മുണ്ട് യൂണിവേഴ്സിറ്റിയിലെ പ്രൊഫ. ബെയാത്ത കൊവാൽസ്കി ലോഗോസ് ഉദ്ഘാടനവേദിയിൽ വചനാധിഷ്ഠിത ജീവിതത്തിന് ഒരു വചനമെങ്കിലും സഹായിക്കട്ടെയെന്ന് ആശംസിച്ചു. സെന്റ് തോമാസ് കോളേജ് ബർസാർ റവ. ഫാ. മാർട്ടിൻ കൊളമ്പ്രത്ത് ആശംസകളർപ്പിച്ചു.

## വചനമെഴുത്ത് മത്സരം

ലോഗോസ് മത്സരങ്ങളുടെ 2-ാം ഘട്ടം വചനമെഴുത്ത് മത്സരം സെന്റ് തോമാസ് കോളേജിൽ നടന്നു. 1000ൽ പരം മത്സരാർത്ഥികൾ വചനത്തിനു സാക്ഷ്യമേകി. ഹൃദിസ്ഥമാക്കിയ വചനം ജീവിതത്തിൽ അനുഭവവും, അനുഭവം പ്രഘോഷണവുമായി മാറുന്ന അത്ഭുതത്തിനു സാക്ഷ്യമായി മാറുകയാണ് നാം ഓരോരുത്തരും എന്ന് ഓർമ്മപ്പെടുത്തികൊണ്ട് മാർ റാഫേൽ

തട്ടിൽ വചനമെഴുത്ത് മത്സരം ഉദ്ഘാടനം ചെയ്തു. സെന്റ് തോമാസ് കോളേജ് ബർസാർ ഫാ. മാർട്ടിൻ കൊളമ്പ്രത്ത് വചനം ജീവിതത്തിൽ നിറ ഫലങ്ങളായി മാറട്ടെയെന്നും ആശംസിച്ചു.

## ഫാമിലി ലോഗോസ് ക്വിസ്

ലോഗോസ് ക്വിസ് മത്സരങ്ങളുടെ മൂന്നാം ഘട്ടം കുടുംബങ്ങൾക്കു വേണ്ടിയുള്ള ലോഗോസ് ക്വിസ് തൃശ്ശൂർ സെന്റ് തോമാസ് കോളേജിൽ നടന്നു. കൂടുമ്പോൾ ഇമ്പമുള്ള കുടുംബങ്ങൾ നിറമാർന്ന വസന്തം കാഴ്ചവെച്ച ഭൂത കാലം, ക്രൈസ്തവകുടുംബങ്ങളിലേക്ക് ഇനിയും തിരിച്ചുവരട്ടെയെന്ന അനുഗ്രഹാശംസകളോടെ ബൈബിൾ അപ്പസ്തോലേറ്റ് രക്ഷാധികാരിയും അതിരൂപത അദ്ധ്യക്ഷനുമായ മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം നിർവ്വഹിച്ചു. മത്സരാർത്ഥികളുടെ കുടുംബങ്ങളിൽ ഏറ്റവും കൂടുതൽ മക്കളുള്ള കുടുംബത്തെ വേദിയിലേക്ക് ക്ഷണിച്ചു ഭദ്രദീപം കൊളുത്തി, അഭിനന്ദനങ്ങൾ അർപ്പിച്ചു. ഒരു മേശയ്ക്കു ചുറ്റും ഇരുന്നു ഭക്ഷിച്ചും വചനം പങ്കുവെച്ചും പഠിച്ചും പ്രാർത്ഥിച്ചും ഒരുങ്ങിയ കുടുംബങ്ങൾ ഇനിയും അതിരൂപതയ്ക്കു മുതൽകൂട്ടായി മാറട്ടെയെന്ന് അഭിവന്ദ്യ പിതാവ് ഉദ്ഘാടനപ്രസംഗത്തിൽ ഉദ്ബോധിപ്പിച്ചു. വചനം വെളിച്ചം നിറയ്ക്കുന്ന ജീവിതാനുഭവങ്ങളാൽ സമൃദ്ധമായ 200 ഓളം കുടുംബങ്ങൾ വചനസദ്യയിൽ പങ്കുചേർന്നു.

## സിസ്റ്റേഴ്സ് ലോഗോസ് ക്വിസ്

ലോഗോസ് ക്വിസ് പരമ്പരയിൽ സമർപ്പിതർക്കുവേണ്ടിയുള്ള മത്സരം സെന്റ് തോമാസ് കോളേജിൽ അഭിവന്ദ്യ മാർ ജേക്കബ്ബ് തൂങ്കുഴി പിതാവ് ഉദ്ഘാടനം ചെയ്തു. വചനം ജീവനും ജീവിതവുമായി മാറുന്ന അത്ഭുതനിമിഷങ്ങൾ നമുക്കിടയിൽ സംജാതമാക്കാൻ, വചനബന്ധിയായ ജീവിതത്തിന് സാക്ഷ്യമേകാൻ, സമർപ്പിതരായ നിങ്ങൾക്ക് സാധിക്കട്ടെയെന്ന് ഉദ്ഘാടനസന്ദേശത്തിൽ അഭിവന്ദ്യ പിതാവ് ഓർമ്മപ്പെടുത്തി. ബൈബിൾ അപ്പസ്തോലേറ്റ് ഡയറക്ടർ ഫാ. ഫ്രാൻസീസ് കൂത്തൂർ സമർപ്പിതവർഷത്തിന്റെ അനുമോദനങ്ങൾ അർപ്പിച്ചുകൊണ്ട് സിസ്റ്റേഴ്സ് ലോഗോസിലേക്ക് ഏവരെയും സ്വാഗതം ചെയ്തു.

## യൂത്ത് ലോഗോസ് ക്വിസ്

ലോഗോസ് മത്സരങ്ങളുടെ 5-ാം ഘട്ടം യുവജനങ്ങൾക്കായുള്ള പ്രഥമ ലോഗോസ് ക്വിസ് തൃശ്ശൂർ സെന്റ് തോമാസ് കോളേജിൽ മേരിമാതാ മേജർ

സെമിനാരി റെക്ടർ റവ. ഫാ. ബാബു പാണാട്ടുപറമ്പിൽ ഉദ്ഘാടനം ചെയ്തു. നിരന്തരമായ ബൈബിൾ വായനയിലൂടെ ഭാഷാസാഹിത്യത്തിലെ അനശ്വര കൃതികൾക്ക് ജീവൻ പകർന്ന കെ. പി. അപ്പന്റെ ജീവിതത്തെ തുറന്നുവെച്ച് ബൈബിൾ പഠനം പ്രായോഗികമാക്കി തീർക്കേണ്ടത് ഇന്നിന്റെ ആവശ്യമാണെന്ന് ഓർമ്മപ്പെടുത്തിക്കൊണ്ട് യുവജന ലോഗോസ് ക്വിസിന്റെ പ്രഥമ മത്സരാർത്ഥികൾക്ക് അനുമോദനങ്ങളർപ്പിച്ചു. 300-ഓളം യുവതിയുവാക്കൾ മത്സരത്തിൽ പങ്കെടുത്തു.

## കാറ്റിക്കിസം ലോഗോസ് ക്വിസ്

ലോഗോസ് മത്സരങ്ങളുടെ അവസാനഘട്ടം മതബോധന വിദ്യാർത്ഥികൾക്കുള്ള മത്സരം സെപ്റ്റംബർ 20-ാം തിയ്യതി ഉച്ചതിരിഞ്ഞ് 2 മണിക്ക് സെന്റ് തോമാസ് കോളേജിൽ വെച്ച് നടത്തുന്നു. 500 ഓളം കുട്ടികൾ പങ്കെടുക്കുന്ന ഈ മത്സരത്തോടെ അഖിലകേരള ലോഗോസ് മത്സരത്തിനൊരുക്കമായി ജീവിതത്തിന്റെ വിവിധ തലങ്ങളിലുള്ളവർക്കായി അതിരൂപത ബൈബിൾ അപ്പസ്തോലേറ്റ് നടത്തിയ മുന്നൊരുക്കത്തിന് തിരശ്ശീല വീഴുകയായി.

## ലോഗോസ് ഉപാസന 2015

അഖില കേരളാടിസ്ഥാനത്തിൽ എല്ലാവർഷവും നടത്തി വരുന്ന ലോഗോസ് ഉപാസന ഈ വർഷം സെപ്റ്റംബർ 27ന് വിവിധ കേന്ദ്രങ്ങളിലായി ഒരുങ്ങുന്നു. അതിരൂപതയിലെ 250ഓളം സെന്ററുകളിലായി 60,000ത്തോളം പേർ പങ്കെടുക്കുന്നു. വചനോപസാനയ്ക്കായ് ജീവിതത്തിലെ വിലയേറിയ സമയം മാറ്റിവെയ്ക്കുന്ന എല്ലാ മത്സരാർത്ഥികൾക്കും, ഇതിനു പിന്നിൽ നിസ്വാർത്ഥമായി സേവനം ചെയ്യുന്ന എല്ലാവർക്കും അതിരൂപത ബൈബിൾ അപ്പസ്തോലേറ്റിന്റെ ഹൃദയം നിറഞ്ഞ നന്ദിയും സ്നേഹവും പ്രാർത്ഥനകളും..........

## വിശുദ്ധനാട് തീർത്ഥാടനം

ദൈവപുത്രന്റെ ജീവിതത്തിന് സാക്ഷ്യം വഹിച്ച വിശുദ്ധ നാടുകളിലൂടെ.... വചനത്തെ തൊട്ടറിഞ്ഞുകൊണ്ടുള്ള തീർത്ഥാടനത്തിന് ബൈബിൾ അപ്പസ്തോലേറ്റ് വേദിയൊരുക്കുന്നു. നവംബർ 10-20 വരെയും ഡിസംബർ 26-ജനുവരി 5 വരെയും പത്തു ദിവസത്തെ വിശുദ്ധനാട് തീർത്ഥാടനത്തിന് ആഗ്രഹിക്കുന്നവർക്ക് ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്...

## ബൈബിൾ വർണ്ണങ്ങൾ 2015

ബൈബിൾ വർണ്ണങ്ങൾ 2015 ചിത്രരചനനാമത്സരത്തിന്റെ ഒന്നാം ഘട്ടം 2015 നവംബർ 1 മുതൽ 15 വരെയുള്ള തിയ്യതികളിൽ ഏതെങ്കിലും സൗകര്യ പ്രദമായ ദിവസം LP, UP, HS, HSS എന്നീ നാലു വിഭാഗങ്ങളിലായി അതാതു സ്ക്കൂളുകളിലും രണ്ടാം ഘട്ടം ഓരോ സ്ക്കൂളുകളിലേയും 1,2,3 സ്ഥാനവും പ്രോത്സാഹന സമ്മാനവും ലഭിച്ചവർക്കായി അതിരൂപതതലത്തിലും നടത്തു ന്നു. ഈ സദുദ്യമത്തിൽ കഴിഞ്ഞവർഷത്തെ പോലെ കഴിയുന്നത്ര കുട്ടി കളെ പങ്കെടുപ്പിക്കാൻ അദ്ധ്യാപകർ ശ്രദ്ധിക്കുമല്ലോ.....

**നിർദ്ദേശങ്ങൾ:**

1. ജാതിമതഭേദമന്യേ ആർക്കും പങ്കെടുക്കാം.
2. സ്ക്കൂൾ തലത്തിൽ മത്സരത്തിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് 5 രൂപ രജിസ്ട്രേഷൻ നൽകേണ്ടതാണ്.
3. പെയിന്റിങ്ങിനും പെൻസിൽ ഡ്രോയിങ്ങിനും വ്യത്യസ്ഥമായി മത്സരം നടത്തും.
4. ഒരു കുട്ടിക്ക് ഒരു ഇനത്തിൽ മാത്രമേ മത്സരിക്കാൻ അർഹതയു ള്ളു.
5. ബൈബിൾ രംഗങ്ങൾ മാത്രമേ ചിത്രങ്ങൾക്ക് വിഷയമാക്കാവൂ.
6. ഓഫീസിൽ നിന്നും ലഭിക്കുന്ന പേപ്പറിൽ ആയിരിക്കണം ചിത്രങ്ങൾ വരയ്ക്കേണ്ടത്.
7. പങ്കെടുക്കുന്ന കുട്ടികളുടെ വിവരങ്ങൾ നിശ്ചിത ഫോമിൽ എഴുതി രജിസ്ട്രേഷൻ ഫീസടക്കം ഓഫീസിൽ നൽകേണ്ടതാണ്.
8. മത്സരത്തിലെ കലാസൃഷ്ടികളുടെ പൂർണ്ണ അവകാശം തൃശ്ശൂർ ബൈബിൾ അപ്പസ്തോലേറ്റിനായിരിക്കും.
9. മത്സരത്തെ സംബന്ധിച്ചുള്ള ജൂറിയുടെ തീരുമാനം അന്തിമമായിരി ക്കും.

കൂടുതൽ വിവരങ്ങൾക്ക് ബൈബിൾ അപ്പസ്തോലേറ്റുമായി ബന്ധപ്പെ ടുക.

**ഫാ. ഫ്രാൻസീസ് കൂത്തൂർ**
ഡയറക്ടർ

# ജ്യോതി എഞ്ചിനീയറിംഗ് കോളേജ്

- **ഓണാഘോഷം** : ഓണത്തോടനുബന്ധിച്ച് കോളേജിൽ ആഗസ്റ്റ് 21, 22 തിയ്യതികളിലായി വിവിധ പരിപാടികൾ സംഘടിപ്പിച്ചു. മത്സരവിജയികൾക്ക് സമ്മാനദാനവും നടത്തി. കൂടാതെ 31 പൂക്കളങ്ങളും ഒന്നിനൊന്ന് മികച്ചതായിരുന്നു. ഓണാവധിക്കുശേഷം സെപ്തംബർ 1 ന് കോളേജ് പുനരാരംഭിച്ചു.
- കോളേജിലെ എൻ.എസ്.എസ്. യൂണിയന്റെ നേതൃത്വത്തിൽ എൻ.എസ്.എസ്. വളണ്ടിയർമാർക്കായി ഓണാവധിക്കാലത്ത് പാഞ്ഞാൾ ഗവ. ഹൈസ്ക്കൂളിൽ വെച്ച് സപ്തദിന ക്യാമ്പ് സംഘടിപ്പിച്ചു. 100 ലധികം വളണ്ടിയർമാർ പങ്കെടുത്ത ക്യാമ്പിന്റെ ഉദ്ഘാടനം ആഗസ്റ്റ് 22 ന് തൃശൂർ ജില്ലാ പഞ്ചായത്ത് പ്രസിന്റ് ശ്രീ. സി. സി. ശ്രീകുമാർ നിർവ്വഹിച്ചു. ശ്രീ. അനൂപ് (എൻ.ആക്ട് മെമ്പർ) ശ്രീ. മധുസൂതനൻ, ശ്രീ. രാജീവ് കുമാർ ( പാഞ്ഞാൾ പ്രൈമറി ഹെൽത്ത് സെന്റർ) തുടങ്ങിയവർ വിവിധ വിഷയങ്ങളിലായി ക്ലാസുകൾക്ക് നേതൃത്വം നല്കി. വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ പാഞ്ഞാൾ ഹൈസ്ക്കൂൾ, പാഞ്ഞാൾ പ്രൈമറി ഹെൽത്ത് സെന്റർ എന്നിവിടങ്ങളിൽ നവീകരണ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തി.
- **AEEE – സ്റ്റുഡന്റ്സ് അസോസിയേഷൻ ഉദ്ഘാടനം** : ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് എഞ്ചിനിയറിംഗ് സ്റ്റുഡന്റ്സ് അസോസിയേഷയന്റെ ഈ വർഷത്തെ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം കേരള ഇലക്ട്രിസിറ്റി ചീഫ് എഞ്ചിനിയർ ശ്രീ. രാജൻ നിർവ്വഹിച്ചു. കോളേജ് എക്സിക്യൂട്ടീവ് മാനേജൽ ഫാ. ജോസ് പുന്നോലിപ്പറമ്പിൽ, പ്രിൻസിപ്പൽ ഡോ. കെ.കെ. ബാബു, അഡ്മിനിസ്ട്രേറ്റർമാരായ തോമസ് മാത്യു, ബോബി പീറ്റർ, വകുപ്പുമേധാവി പ്രൊഫ. രത്നൻ പി. എന്നിവർ സംസാരിച്ചു.
- **9 – ാമത് ബിരുദ ദാന ചടങ്ങ്** : കോളേജിലെ 9 ാമത് ബി.ടെക്. ബാച്ചിന്റെ ( 2010–14) ബിരുദദാന ചടങ്ങ് സെപ്തംബർ 12 ന് നടക്കും. പത്മശ്രീ. ഡോ. ഇ.ഡി. ജെമ്മിസ് ചടങ്ങ് ഉദ്ഘാടനം ചെയ്യും. മാർ. ജേക്കബ്ബ് തൂങ്കുഴി അദ്ധ്യക്ഷത വഹിക്കും. യൂണിവേഴ്സിറ്റി പരീക്ഷകളിൽ റാങ്കുകൾ കരസ്ഥമാക്കിയവർക്കും, ഡിപ്പാർട്ട്മെന്റ് ടോപ്പേഴ്സിനും ഗോൾഡ്മെഡലും, ക്യാഷ് അവാർഡുകളും നല്കി ആദരിക്കും. ചടങ്ങിൽ കോളേജിന്റെ എക്സിക്യൂട്ടീവ് മാനേജർ ഫാ. ജോസ് പുന്നോലിപ്പറമ്പിൽ സ്വാഗതവും പ്രിൻസിപ്പൽ ഡോ.കെ.കെ.ബാബു വാർഷിക റിപ്പോർട്ടും അവതരിപ്പിക്കും.

- **നവീകരിച്ച കമ്പ്യൂട്ടർ സെന്ററിന്റെ ആശീർവ്വാദം** : ഏറ്റവും ആധുനിക രീതിയിൽ നവീകരിച്ച കമ്പ്യൂട്ടർ സെന്ററിന്റെ ആശീർവ്വാദവും ഉദ്ഘാടനവും സെപ്റ്റംബർ 9 ാം തിയ്യതി നിർവ്വഹിക്കപ്പെട്ടു . നവീകരിച്ച C.C.T.V യുടെയും പബ്ലിക് അഡ്രസ്സിങ്ങ് സിസ്റ്റത്തിന്റെയും ഉദ്ഘാടനവും അന്നേ ദിവസം നിർവ്വഹിക്കപ്പെട്ടു.
- **സെപ്റ്റംബർ 5 – അധ്യാപക ദിനം** : വിദ്യാർത്ഥിനീ വിദ്യാർത്ഥികൾ തങ്ങളുടെ അദ്ധ്യാപകർക്ക് ബൊക്കെ നൽകി ആദരിച്ചു ; തലേന്നാൾ ആശംസകൾ നേർന്നു.
- **CESA ഉദ്ഘാടനം** : കമ്പ്യൂട്ടർ എഞ്ചിനിയേഴ്സ് സ്റ്റുഡന്റ്സ് അസോസിയേഷൻ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം TCS വൈസ് പ്രസിഡന്റ് ശ്രീ. സതീഷ് വർമ്മ നിർവ്വഹിച്ചു. കമ്പ്യൂട്ടർ എഞ്ചിനിയർ എന്ന നിലയിൽ വിദ്യാർത്ഥികൾ ഏറ്റെടുക്കേണ്ട വെല്ലുവിളികളെക്കുറിച്ചും അവസരങ്ങളെക്കുറിച്ചും അദ്ദേഹം സംസാരിച്ചു.
- **ടെക്നിക്കൽ കമ്മിറ്റി** : എഞ്ചിനിയർ. എൻ. ഐ. വർഗ്ഗീസ്, ആർക്കിടെക്റ്റ് രാജേഷ് ആന്റണി, ഡോ. കെ.കെ. ബാബു (പ്രിൻസിപ്പൾ), എഞ്ചിനിയർ രതീഷ് (Civil HOD) എന്നിവരെക്കൂടി ഉൾപ്പെടുത്തികൊണ്ട് ടെക്നിക്കൽ കമ്മിറ്റി പുന:സംഘടിപ്പിച്ചു. യോഗത്തിൽ ഭാവി പരിപാടികൾ ആസുത്രണം ചെയ്തു.
- **ജ്യോതിയുടെ പ്രോജക്ടുകൾ എക്സിബിഷനിലേക്ക്** : തൃശൂർ ജില്ലാ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ തൃശൂരിൽ ആരംഭിച്ച സയൻസ് & ടെക്നോളജിക്കൽ മ്യൂസിയത്തിലേക്ക് സ്ഥിരം പ്രദർശനത്തിനായി ജ്യോതി എഞ്ചിനിയറിങ്ങ് കോളേജിന്റെ രണ്ട് പ്രോജക്ടുകൾ തെരഞ്ഞെടുത്തു. മെക്കാനിക്കൽ എഞ്ചിനിയറിങ്ങ് വിഭാഗത്തിന്റേതായി തെരഞ്ഞെടുക്കപ്പെട്ട രണ്ട് പ്രോജക്ടുകളും മ്യൂസിയത്തിലേക്ക് സമർപ്പിച്ചു.
- **ജ്യോത്സന ആശീർവ്വദിച്ചു** : കാന്റീനിന്റെ എക്സ്റ്റൻഷൻ കൗണ്ടറായി കാപ്പിയും, സ്നാക്സും മറ്റും നല്കുന്നതിനുവേണ്ടി മനോഹരമായി നിർമ്മിച്ച കഫറ്റീരിയ കൗണ്ടർ ‘ ജ്യോത്സന’ ആശീർവ്വദിച്ച് ഉദ്ഘാടനം ചെയ്തു.
- **എഞ്ചിനിയേഴ്സ് ഡെ** : അഖിലേന്ത്യാ തലത്തിൽ സെപ്റ്റംബർ 15 ന് ആചരിക്കുന്ന ‘ എഞ്ചിനിയേഴ്സ് ഡെ’ ജ്യോതിയിൽ വിവിധ പരിപാടികളോടെ ആഘോഷിച്ചു. ലേഖന മത്സരം, എഞ്ചിനിയറിങ്ങ് സ്കിൽ ടെസ്റ്റ്, പ്രഭാഷണം എന്നിവയും ഉണ്ടായിരുന്നു.

**ഫാ. റോയ് ജോസഫ് വടക്കൻ**
**പി.ആർ.ഒ**

**ഫാ. ജോസ് പുന്നോലിപ്പറമ്പിൽ**
**എക്സിക്യൂട്ടീവ് മാനേജർ**

# സാന്ത്വനം

(സെക്രട്ടറിയേറ്റ് ഓഫ് സോഷ്യൽ അപ്പൊസ്റ്റൊലേറ്റ് ഓഫ് ദി ആർച്ച്ഡയോസിസ് ഓഫ് ട്രിച്ചൂർ)
പേപ്പൽ ടവ്വർ, ശക്തൻ തമ്പുരാൻ നഗർ, തൃശൂർ – 680 001, ഫോൺ 0487 2445580, 2424981
E-mail: santhwanamtcr@gmail.com, website: www.santhwanamtcr.org

**കേരള സോഷ്യൽ സർവ്വീസ് ഫോറം – റീജിയണൽ മീറ്റിംഗ്**

കേരള സോഷ്യൽ സർവ്വീസ് ഫോറത്തിന്റെ റീജിയണൽ മീറ്റിംഗ് തൃശ്ശൂർ അതിരൂപത കേന്ദ്രത്തിൽ കൂടുകയുണ്ടായി. അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ മീറ്റിംഗ് ഉദ്ഘാടനം ചെയ്തു. പാലക്കാട്, സുൽത്താൻപേട്ട, ഇരിങ്ങാലക്കുട, കോട്ടപ്പുറം, തൃശ്ശൂർ എന്നീ രൂപതകളിലെ ഡയറക്ടറച്ചൻമാരും, പ്രോഗ്രാം ഓഫീസേഴ്സും പ്രസ്തുത മീറ്റിംഗിൽ പങ്കെടുത്തു.. കേരള സോഷ്യൽ സർവ്വീസ് ഫോറം ഡയറക്ടർ ഫാ. മാത്യു വെട്ടിക്കാട്ടിരിയും ടീമംഗങ്ങളും തെമാറ്റിക് പൊസിഷൻ പേപ്പറിന്റെ കരട് രൂപം അവതരിപ്പിക്കുകയും ചർച്ച കൾ നയിക്കുകയും ചെയ്തു.

**സോഷ്യൽ വർക്ക് വിദ്യാർത്ഥികൾ സാന്ത്വനം സന്ദർശിച്ചു.**

പരിശീലനത്തിന്റെ ഭാഗമായി സെന്റ്. തോമസ് കോളേജ് സോഷ്യൽ വർക്ക് ഡിപ്പാർട്ട്മെന്റിലെ അദ്ധ്യാപകരും വിദ്യാർത്ഥികളും സാന്ത്വനം സന്ദർശിച്ചു. സാമൂഹ്യ വികസന രംഗത്ത് സാന്ത്വനം നടത്തുന്ന ഇടപെടലുകളെയും, പദ്ധതികളെയുംക്കുറിച്ച് പഠിക്കുക എന്നതായിരുന്നു സന്ദർശനത്തിന്റ ലക്ഷ്യം. ഡയറക്ടർ സാന്ത്വനത്തിന്റെ പ്രവർത്തനമേഖലകളെ പരിചയപ്പെടുത്തുകയും, വിവിധ പദ്ധതികൾ വിശദീകരിച്ച് കൊടുക്കുകയും ചെയ്തു.

**വർക്ക്ഷോപ്പ് സംഘടിപ്പിച്ചു**

സമന്വയ പ്രോജക്റ്റിന്റെ ഭാഗമായി സദ്ഭരണം,വിവരാവകാശ നിയമം, ഗ്രാമ സഭകൾ എന്നീ വിഷയങ്ങളെ അധികരിച്ച് വർക്ക്ഷോപ്പ് സംഘടിപ്പിച്ചു.ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ വച്ച് നടത്തിയ വർക്ക്ഷോപ്പിൽ അതിരൂപതയിലെ സംഘടനകൾ,സ്യാസഭവനങ്ങൾ,പ്രസ്ഥാനങ്ങൾ എന്നിവയുടെ പ്രതിനിധികൾ സംബന്ധിച്ചു. കില എക്സറ്റൻഷൻ ഫാക്കൽറ്റി ശ്രീ.രേണുകുമാർ വിഷയം അവതരിപ്പിക്കുകയും ചർച്ചകൾക്ക് നേതൃത്വം വഹിക്കുകയും ചെയ്തു.

**ഓണാഘോഷം**

മലയാളികളുടെ ഉൽസവമായ ഓണം സാന്ത്വനം കുടുംബം ആഘോഷിച്ചു. ഗവേണിംഗ് ബോഡി അംഗങ്ങൾ, സ്റ്റാഫ് അംഗങ്ങൾ, ഗുണകാംക്ഷികൾ എന്നിവർ ഒത്തൊരുമിച്ച് പുക്കളമിട്ടും ബാല്യകാലനുഭവങ്ങൾ പങ്കുവെച്ചും,

ഓണസദ്യയുണ്ടും ഓണാഘോഷങ്ങളിൽ പങ്ക്ചേർന്നു. മോ. ജോർജ്ജ് കോമ്പാറ ഓണസന്ദേശം നൽകികൊണ്ട് സംസാരിച്ചു.

**വിനോദയാത്ര സംഘടിപ്പിച്ചു**

'പ്രകൃതിയെ അറിയുക, സ്നേഹിക്കുക' എന്ന ലക്ഷ്യവുമായി സ്നേഹ നിധിയുടെ നേതൃത്വത്തിൽ വിനോദയാത്ര സംഘടിപ്പിച്ചു ആഗസ്റ്റ് -4-ാംതിയതി രാവിലെ ആരംഭിച്ച യാത്രയിൽ അതിരൂപത സ്നേഹനിധി ഭാര വാഹികളും ഫൊറോനകളിൽ നിന്നുള്ള പ്രസിഡന്റ്മാരും, ഡയറക്ടറച്ചനും പങ്കെടുത്തു.അതിരപ്പിള്ളി,വാഴച്ചാൽ,തുമ്പൂർമുഴി എന്നി സ്ഥലങ്ങൾ സന്ദർശ്ശിച്ച് വൈകീട്ട് 7 ന് സംഘം തിരിച്ചെത്തി.

**മേഖലാ സംഗമങ്ങളും ഫൊറോന തിരഞ്ഞെടുപ്പും നടത്തി**

ആഗസ്റ്റ്-10,11,12,14 തിയതികളിൽ ലൂർദ്ദ്, ഒല്ലൂർ, വടക്കാഞ്ചേരി,പാലയൂർ മേഖലകളുടെ സംഗമം യഥാക്രമം ലൂർദ്ദ്, പനംകുറ്റിചിറ, അത്താണി, പാവർട്ടി എന്നീ പള്ളികളിൽവച്ച് സംഘടിപ്പിച്ചു. ഫാ.തോമസ് വടക്കേത്തല,ഫാ. ആന്റണി തോട്ടാൻ,ഫാ.പ്രിൻസ് നായങ്കര,ഫാ.ജോസ അരിമ്പൂർ, ഫാ.ജോ അയ്യങ്കാനായിൽ അതിരൂപതാ ഭാരവാഹികൾ,ഓരോ യൂണിറ്റുകളിൽ നിുള്ള പ്രതിനിധികൾ, എന്നിവർ സംഗമത്തിൽ പങ്കെടുത്തു. തദവസരത്തിൽ 16 ഫൊറോനകളിലേക്കുള്ള സ്നേഹനിധി ഭാരവാഹികളെ തിരഞ്ഞെടുകുകയും ചെയ്തു.

**വാർഷിക പൊതുയോഗങ്ങൾ-**

ആഗസ്റ്റ്-30ന് ആമ്പക്കാട് സ്നേഹനിധിയുടെ വാർഷിക പൊതുയോഗം നടന്നു.വികാരി ഫാ.വിൻസെന്റ് ചെറുവത്തൂർ അധ്യക്ഷതവഹിക്കുകയും. ഡയറക്ടർ ഫാ.തോമസ് പൂപ്പാടി യോഗം ഉദ്ഘാടനം ചെയ്യുകയും ചെയ്തു. മിസ് ലീമ പോൾസ (ഗോഡ്സ് ഓ ഫാമിലി കോഡിനേറ്റർ)ക്ലാസ് നയിച്ചു. തദവസരത്തിൽ സ്നേഹനിധിയുടെ ലാഭവിഹിതം ദേവാലനിർമ്മാണ ഫണ്ടി ലേക്ക് സംഭാവനയായി ഭാരവാഹികൾ എല്ലാവരുടെയും അനുവാദത്തോടെ വികാരിയച്ചനെ ഏല്പ്പിച്ചു.

**ഓണാഘോഷവും,അതിരൂപതാ തിരഞ്ഞെടുപ്പും നടത്തി.**

ഓണാഘോഷവും,അതിരൂപതാ സ്നേഹനിധി എക്സിക്യുിവ് തിരഞ്ഞെ ടുപ്പും ആഗസ്റ്റ്-24ന് 9.30 മുതൽ 3 മണി വരെ നടത്തി. മോ. ജോർജ്ജ് കോമ്പാ റയച്ചൻ അധ്യക്ഷപ്രസംഗം ചെയ്തുകൊണ്ട് ഓണാഘോഷം ഉദ്ഘാടനം ചെയ്തു. ഡയറക്ടർ ഫാ. തോമസ് പൂപ്പാടി സ്നേഹനിധിയുടെ പുതിയ എക്സിക്യുിവ് ഭാരവാഹികളെ തിരഞ്ഞെടുക്കേണ്ട ആവശ്യകതയും പ്രവർത്തനവും വിശദീകരിച്ചു. പ്രൊഫ.എലിസബത്ത് മാത്യു സ്വാഗതവും,

ശ്രീമതി.മിനി സെബാസ്റ്റ്യൻ (മാവേലി) ഓണസന്ദേശവും നൽകി. തദവസരത്തിൽ 'കർഷകശ്രീ' അവാർഡ് നേടിയ മുണ്ടൂർ ഇടവകയിലെ സ്നേഹനിധി അംഗമായ ആനി ജോർജ്ജിനെ സദസ്സിൽ സമ്മാനം നൽകികൊണ്ട് ആദരിച്ചു. സ്നേഹനിധി ഓഡിറ്റർ ശ്രീമതി.പ്രിൻസി റോയ് ആശംസയും, കോഡിനേറ്റർ ബീന വർഗ്ഗീസ് നന്ദി പറയുകയും ചെയ്തു. ഫൊറോനകളിൽ നിുള്ള കലാപരിപാടികളും ഓണസദ്യയും പരിപാടിക്ക് കൊഴുപ്പേകി.പ്രസ്തുത യോഗത്തിൽവെച്ച് 2015-2018 വർഷത്തേക്കുള്ള അതിരൂപതാ സ്നേഹനിധി ഭാരവാഹികളെ തിരഞ്ഞെടുത്തു.

അതിരൂപതാ സ്നേഹനിധി എക്സിക്യുട്ടീവ് കമ്മിറ്റി-2015-2018

| | |
|---|---|
| പ്രൊഫ.എലിസബത്ത് മാത്യു - | പ്രസിഡന്റ് |
| ശ്രീമതി ജിന്നി ജോയ്- | വൈസ് പ്രസിഡന്റ് |
| ശ്രീമതി ലിസ്സി വർഗ്ഗീസ് - | സെക്രട്ടറി |
| ശ്രീമതി ലില്ലി ഫ്രാൻസീസ്- | ജോ. സെക്രട്ടറി |
| ശ്രീമതി റെജീന ഡേവീസ് - | ട്രഷറർ |
| ശ്രീമതി റോസമ്മ അലക്സ് | കമ്മറ്റിയംഗം |
| ശ്രീമതി ഓമന സണ്ണി | കമ്മറ്റിയംഗം |
| ശ്രീമതി ആൻസി തോമാസ് | കമ്മറ്റിയംഗം |
| ശ്രീമതി ഓമന റാഫേൽ | കമ്മറ്റിയംഗം |

കഴിഞ്ഞ 3 വർഷക്കാലം നല്ല രീതിയിൽ പ്രവർത്തിച്ച എല്ലാ സ്നേഹനിധി എക്സിക്യുിവ് ഭാരവാഹികൾക്കും നന്ദിയുടെ നറുമലരുകളും അതോടൊപ്പം പുതിയ എക്സിക്യുിവ് ഭാരവാഹികൾക്ക് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

**മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു.**

സ്പെഡ് III പ്രോജക്റ്റിന്റെ ഭാഗമായി ചേലക്കര പഞ്ചായത്തിൽ തോന്നൂർക്കരയിൽ വച്ച് ഹോമിയോ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. ഡയറക്ടർ ഫാ. തോമസ് പൂപ്പാടി മെഡിക്കൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ഡോ. അമ്പിളി,ഡോ.ഹരീഷ്,ഡോ.ഗ്രീഷ്മ ബാബു,ഡോ.ദിവ്യ എൻ എസ് എന്നിവർ മെഡിക്കൽ ക്യാമ്പിന് നേതൃത്വം നൽകി 200 പേർ മെഡിക്കൽ ക്യാമ്പിൽ പങ്കെടുത്തു. തദവസരത്തിൽ ഹോമിയോപതിയുടെ ഗുണഗണങ്ങളെ കുറിച്ച് ഡോക്ടർമാർ ബോധവത്കരണം നൽകുകയും ചെയ്തു.

**വായനശാലകൾ ഉദ്ഘാടനം ചെയ്തു.**

ചേലക്കര പഞ്ചായത്തിൽ മണ്ണാത്തിപാറ,വെങ്ങാനെല്ലൂർ എന്നീ സ്ഥലങ്ങളിൽ അവിടെയുള്ള ജനങ്ങളുടെ സഹകരണത്തോടെ ആരംഭിച്ച വായനശാലകൾ ഉദ്ഘാടനം ചെയ്തു. ഡയറക്ടർ ഫാ. തോമസ് പൂപ്പാടി, ചേലക്കര പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി.ലിസ്സി തോമസ്, ശ്രീ.സന്തോഷ്കുമാർ(സർക്കിൾ ഇൻസ്പെക്ടർ, ചേലക്കര) ശ്രീ.ജിബു(സബ്ബ് ഇൻസ്പെക്ടർ, ചേലക്കര)എന്നിവർ സിഹിതരായിരുന്നു. സ്പെഡ് III യുടെ നേതൃത്വത്തിൽ വായനശാലക്ക് ആവശ്യമായ ഫർണ്ണീച്ചറുകളും പുസ്തകങ്ങളും വിതരണം ചെയ്തു. കോർഡിനേറ്റർ ശ്രീമതി ബിനിത രതീഷ്, ആനിമേറ്റർമാരായ സുമി കെ എസ്,ആഗനസ്, വാറ്റ് മെബർമാർ എന്നിവർ പരിപാടികൾക്ക് നേതൃത്വം വഹിച്ചു. വായനശാല ഉദ്ഘാടനം ചെയ്തതുവഴി അറിവും, ഒത്തൊരുമയും വർദ്ധിക്കുവാനും പാഴായി പോകുന്ന സമയം ഫലപ്രദമായ രീതിയിൽ ഉപയോഗിക്കുവാനും കഴിയുന്നതാണെ് ചടങ്ങിൽ സംബന്ധിച്ച മുൻ ഡെപ്യൂട്ടി കളക്ടർ ശ്രീ.പി.കെ.ഗോപാലൻ പറഞ്ഞു.

**സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.**

ചേലക്കര പഞ്ചായത്തിൽ സ്പെഡ് III പ്രോജക്റ്റിന്റെ ഭാഗമായി നടത്തിയ സ്വയം തൊഴിൽ പരിശീലന പരിപാടിയിൽ പങ്കെടുത്ത വിവിധ സ്വയം തൊഴിൽ യൂണീറ്റുകളിലെ മെബർമാർക്ക് സർട്ടിഫിക്കറ്റുകൾ ഡയറക്ടർ ഫാ. തോമസ് പൂപ്പാടി വിതരണം ചെയ്തു. സോപ്പ്/ സോപ്പ്പൊടി നിർമ്മാണം,മെഴുകുതിരി നിർമ്മാണം,ഉപയോഗ ശൂന്യമായ പ്ലാസ്റ്റിക് കവർകൊണ്ട് വസ്തുകൾ ഉണ്ടാക്കൽ, തുണിസഞ്ചി നിർമ്മാണം,ഫിനോയിൽ നിർമ്മാണം എന്നിവ വിജയകരമായി പൂർത്തികരിച്ചവർക്കാണ് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തത്. തദവസരത്തിൽ പരിശീലനം സിദ്ധിച്ചവർ നിർമ്മിച്ച വസ്തുക്കളുടെ പ്രദർശനവും ഉണ്ടായിരുന്നു.

**തെരുവു നാടകം സംഘടിപ്പിച്ചു.**

ചേലക്കര, മുള്ളൂർക്കര എന്നീ ഗ്രാമപഞ്ചായത്തുകളിൽ സ്പെഡ് III പ്രോജക്റ്റും തൃശ്ശൂർ സെന്റ്. തോമസ് കോളേജ് സാമൂഹ്യ പ്രവർത്തക വിഭാഗവും സംയുക്തമായി ജീവിതശൈലി രോഗങ്ങളെക്കുറിച്ചുള്ള ബോധവത്കണത്തിന്റെ ഭാഗമായി തെരുവുനാടകം സംഘടിപ്പിച്ചു. ചേലക്കര ബസ്സ്റ്റാന്റിലും,മുള്ളൂർക്കര സെന്ററിലു വെച്ച് നടത്തിയ തെരുവുനാടകം വീക്ഷിക്കാൻ ധാരാളം പേർ സിഹിതരായിരുന്നു. ഇതുവഴി അവിടെയുള്ള ജനങ്ങൾക്ക് ജീവിതശൈലി രോഗങ്ങളെക്കുറിച്ച് കൂടുതൽ മനസ്സിലാകുവാൻ സാധിച്ചു.

**ട്രൈനിംഗിൽ പങ്കെടുത്തു.**

'റിസോഴ്സ് മൊബിലൈസേഷൻ എന്റ് വളണ്ടറീസം" എന്ന വിഷയത്തെ കുറിച്ച് കോർഡിനേറ്റർമാർക്കും ആനിമേറ്റേഴ്സിനും വേണ്ടി ഐശ്വര്യഗ്രാമിൽ നടത്തിയ ട്രൈനിംഗിൽ കോർഡിനേറ്റർ ശ്രീമതി ബിനിത രതീഷ്, ആനിമേറ്റർമാരായ ശ്രീമതി സുമി കെ എസ്, ശ്രീമതി ആഗനസ്, ശ്രീമതി പ്രമീള എന്നിവർ പങ്കെടുത്തു. റീജിയണൽ പ്രോഗ്രാം ഓഫീസർമാരായ ശ്രീ. സെമിച്ചൻ, ശ്രീമതി അനു മാത്യു എന്നിവർ നയിച്ച ക്ലാസ്സുകളിലൂടെ ഫണ്ട് ശേഖരണത്തിനുവേണ്ടിയുള്ള നൂതന മാർഗ്ഗങ്ങൾ മനസിലാക്കുവാൻ സാധിച്ചു.

**K S S ഫോറത്തിൽ എകദിന സെമിനാർ**

കേരള സോഷ്യൽ സർവ്വീസ്സ് ഫോറത്തിന്റെ നേതൃത്വത്തിൽ കോട്ടയം ചൈതന്യ ഓഡിറ്റോറിയത്തിൽ "LOCAL RESOURCE MOBILISATION and CSR FUNDING" എന്ന വിഷയത്തിൽ നടന്ന എകദിന സെമിനാറിൽ സാന്ത്വനത്തെ പ്രതിനിധികരിച്ച് അഡ്മിനിസ്ട്രേറ്റർ ശ്രീ.S K മഞ്ഞിയിൽ, കോർഡിനേറ്റർ ശ്രീ.സി.പി.ജോർജ്ജ് എന്നിവർ പങ്കെടുത്തു. രൂപത സോഷ്യൽ സർവ്വീസ്സ് സൊസൈറ്റികൾക്ക് സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങൾക്ക് ഫണ്ട് കണ്ടെത്തുതിന് വിവിധ മേഖലകളെ സംബന്ധിച്ചും ഫണ്ട് മൊബിലൈസേഷൻ സാധ്യതകളെ കുറിച്ചും വിശദമായ ചർച്ചകൾ നടന്നു. കേരള സോഷ്യൽ സർവ്വീസ്സ് ഫോറം ഡയറക്ടർ ഫാ. ജോർജ്ജ് വെട്ടിക്കാട്ടിൽ അധ്യക്ഷതവഹിച്ച സെമിനാറിൽ മുവാറ്റുപ്പുഴ രൂപത ബിഷപ്പ് അബ്രഹാം മാർ ജൂലിയോസ് ഉദ്ഘാടനം ചെയ്തു.

**സെന്ററൽ മീറ്റിംഗ്**

ഗോഡ്സ് ഓൺ ഫാമിലി പദ്ധതിയുടെ ഗുണഭോക്തൃ കുടുംബങ്ങളുടെ സെന്ററൽ മീറ്റിംഗുകൾ നടത്തിവരുന്നു. പറപ്പൂർ,ലൂർദ്ദ്,വില്ലടം,അരിമ്പൂർ,ഒല്ലൂർ,തലോർ,വീണ്ടശ്ശേരി എന്നീ സെന്ററുകളിൽ മീറ്റിംഗുകൾ നടന്നു. 'പുതുവർഷത്തിലെ വിദ്യാഭ്യാസം' എന്ന വിഷയത്തെ കുറിച്ച് ആനിമേറ്റർ ക്ലാസെടുത്തു.

**ഫണ്ട് മൊബിലൈസിംഗ് പോഗ്രാം**

ഗോഡ്സ് ഓൺ ഫാമിലി പദ്ധതിയിലേക്കുള്ള ഫണ്ട് ശേഖരണാർത്ഥം സെന്റ് സെബാസ്റ്റ്യൻ ചർച്ച് നെല്ലങ്കര , സെന്റ് ജോസഫ് ചർച്ച് ഒല്ലൂക്കര, സെന്റ് മാത്യൂസ് ചർച്ച് പാലക്കൽ എന്നിവിടങ്ങളിൽ ഫണ്ട് മൊബിലൈസിംഗ് പോഗ്രാം നടത്തുകയുണ്ടായി.പദ്ധതിയോട് സഹകരിച്ച വികാരിയച്ചൻമാർക്കും, കൈക്കാരൻമാർക്കും നല്ലവരായ ഇടവകകാർക്കും നന്ദി അറി

ക്കുന്നു.

**ഇതുവരെ ലഭിച്ച സംഭാവന**

1) സെന്റ് സെബാസ്റ്റ്യൻ ചർച്ച് നെല്ലങ്കര-143026/- 2) സെന്റ് ജോസഫ് ചർച്ച് ഒല്ലൂക്കര- 154557/-

3) സെന്റ് മാത്യൂസ് ചർച്ച് പാലക്കൽ - 347943/

**ബെനഫാക്ടേഴ്സ്**

1. സജി ജോർജ്ജ്, നെല്ലങ്കര 2. ഡോ. ജിമിൽ ഫ്രാൻസീസ് ,നെല്ലങ്കര 3. മേരി ഡേവിസ്, നെല്ലങ്കര

4. ഡേവിസ് സി. ജെ ,നെല്ലങ്കര 5. ടോണി ഡി. പോൾ ,പാലക്കൽ

ഗോഡ്സ് ഓൺ ഫാമിലി പദ്ധതി മുഖേന സാമ്പത്തിക സഹായം ലഭിച്ച ഇടവകകൾ

ചേലക്കര- 9460/-, അരിമ്പൂർ- 9000/-, വീണ്ടശ്ശേരി- 10000/-, ലൂർദ്ദ് - 5000/-

ആഗസ്റ്റ് മാസം എഫ്.ഡി.പി. മുഖേന സഹായം ലഭിച്ച ഇടവകകളും സംഖ്യയും താഴെ ചേർക്കുന്നു.

| | | | | | |
|---|---|---|---|---|---|
| മുളയം | - | 25000/- | വില്ലടം | - | 29000/- |
| ചേറൂർ | - | 19500/- | അടാട്ട് | - | 27000/- |
| ചെവ്വൂർ | - | 64500/- | അരിമ്പൂർ | - | 18000/- |
| മുല്ലക്കര | - | 21000/- | അത്താണി | - | 37000/- |
| വെട്ടുക്കാട് | - | 8000/- | മനക്കൊടി | - | 10000/- |
| വലക്കാവ് | - | 5000/- | കൂനമൂച്ചി | - | 5000/- |

**ബോധവത്കരണ ക്ലാസ്സ് സംഘടിപ്പിച്ചു.**

'മഴവെള്ളം സംരക്ഷിക്കുക, ജലവിനിയോഗം നിയന്ത്രിക്കുക'എന്ന ലക്ഷ്യവുമായി മഴനിറവ് സെമിനാർ ആമ്പക്കാട് സെന്റ് മേരിസ് ഇടവകയിൽ നടത്തുകയുണ്ടായി. മഴവെള്ളശേഖരണത്തിന് സ്വീകരിക്കേണ്ട മാർഗ്ഗങ്ങളെക്കുറിച്ച് ക്ലാസ് നയിച്ച മിസ്. ലീമ പോൾസൺ വിശദീകരിക്കുകയും സംശയങ്ങൾക്ക് മറുപടി നൽകുകയും ചെയ്തു. 100 ഓളം പേർ പങ്കെടുത്ത ക്ലാസിന് വികാരി ഫാ. വിൻസെന്റ് ചെറുവത്തൂർ സിഹിതനായിരുന്നു.

# സ്ലം സർവ്വീസ് സെന്റർ, കുരിയച്ചിറ

ബുള്ളറ്റിൻ വാർത്ത

സ്ലം സർവ്വീസ് സെന്ററിന്റെ ജനറൽബോഡിയോഗം 22-08-2015ൽ കൂടി. 2014-2015 വർഷത്തെ ആഡിറ്റുചെയ്ത കണക്കുകൾ അവതരിപ്പിക്കുകയും പാസ്സാക്കുകയും ചെയ്തു.

സ്ലം സർവ്വീസ് സെന്ററിന്റെ കീഴിൽ പ്രവർത്തിക്കുന്ന അയൽക്കൂട്ടങ്ങളുടെ ഓണാഘോഷം 25-08-2015ൽ കുരിയച്ചിറ സെന്റ് ജോസഫ്സ് ചർച്ച് ഫാ. ജോസഫ് വടക്കൻ സ്മാരക ഹാളിൽ വെച്ച് നടത്തി. മോൺ. ജോർജ്ജ് കോമ്പാറ ഓണാഘോഷം ഉദ്ഘാടനം ചെയ്തു. ഡയറക്ടർ ഫാ. തോമാസ് പൂപ്പാടി അദ്ധ്യക്ഷ പ്രസംഗം നടത്തി. അയൽക്കൂട്ടം അംഗങ്ങളുടെ മക്കളിൽ ഏറ്റവും കൂടുതൽ മാർക്കു നേടിയ +2, SSLC കുട്ടികൾക്ക് കാഷ് അവാർഡും, മെമെന്റോയും നൽകി. മുൻ ഡയറക്ടർ ഫാ. ജോസ് ഫ്രാങ്ക് CMI, ഫാ. റിജൊ SDV, സി. എൽസി, ശ്രീ. C.J. ജെയിംസ് എന്നിവർ ആശംസകൾ അർപ്പിച്ചു. ശ്രീ. V.S. ജോസ് നന്ദി പറഞ്ഞു. അയൽക്കൂട്ടം അംഗങ്ങൾ അവതരിപ്പിച്ച വിവിധ കലാപരിപാടികളും, ഓണസദ്യയും ഉണ്ടായിരുന്നു.

**ഫാ. തോമാസ് പൂപ്പാടി**

ഡയറക്ടർ

# സംഘടനകൾ / പ്രസ്ഥാനങ്ങൾ

## ഫ്രാൻസിസ്കൻ അത്മായസഭ

**സമാധാനവും സൗഭാഗ്യവും**

തൃശ്ശൂർ അതിരൂപത ഫ്രാൻസിസ്കൻ അൽമായ സഭയുടെ പ്രവർത്തക മീറ്റിംഗ് 06.09.2015 ഞായറാഴ്ച കാൽവരി ആശ്രമത്തിൽ വെച്ച് പി.ഐ. സൈമൺമാസ്റ്ററുടെ അദ്ധ്യക്ഷതയിൽകൂടി പ്രവർത്തനങ്ങൾ വിലയിരുത്തി. ഫാ. പോൾ അടമ്പുകുളം, ഫാ. ഫ്രാങ്കോ വടക്കേൽ, ഫാ. നിക്സൺ, സി.റോസ്‌ലിൻ, സി. അർച്ചന, വി. സി. സണ്ണി,തോമസ് ഡൊമനിക് എന്നിവർ പ്രസംഗിച്ചു. ഡോ. ജെറി ജോസഫ് സ്വാഗതവും ടി.എ. ഫ്രാൻസീസ് നന്ദിയും പറഞ്ഞു.

സെപ്തംബർ 14ന് വി. കുരിശിന്റെ പുകഴ്ചയുടെയും പഞ്ചക്ഷതത്തിന്റേയും സംയുക്ത തിരുനാൾ വടക്കാഞ്ചേരി എ. ആർ. സി.യിൽ വെച്ച് നടത്തുവാൻ തീരുമാനിച്ചു.

ഒക്ടോബർ 4 വി. ഫ്രാൻസീസ് അസ്സീസിയുടെ തിരുനാൾ ഭക്തിപൂർവ്വം എല്ലാ യൂണിറ്റുകളിലും നടത്തുവാൻ തീരുമാനിച്ചു. റീജിയൻ ഇലക്ഷൻ ഒക്ടോബർ ആദ്യം നടത്തുവാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്യാൻ യോഗം ബന്ധപ്പെട്ടവരെ ചുമതലപ്പെടുത്തി.

യേശുവിൽ എളിയ സഹോദരൻ,

**വി.സി. സണ്ണി,**
സെക്രട്ടറി

## കാത്തലിക് ടീച്ചേഴ്സ് ഗിൽഡ്

**സെപ്തംബർ 5 : അദ്ധ്യാപകരുടെ സംസ്ഥാനതല പ്രതിഷേധ സംഗമം തൃശ്ശൂരിൽ**

അദ്ധ്യാപകരുടെ തസ്തിക നിർണ്ണയ നടപടികളിലെ അനിശ്ചിതത്വം അവസാനിപ്പിക്കണമെന്നാവശ്യപ്പെട്ട് ടീച്ചേഴ്സ് ഗിൽഡ് സംസ്ഥാന സമിതിയുടെ ആഭിമുഖ്യത്തിൽ അദ്ധ്യാപകരുടെ പ്രതിഷേധ സംഗമം സംഘടിപ്പിച്ചു. കെ. സി.ബി. സി. വിദ്യാഭ്യാസകമ്മീഷൻ ചെയർമാൻ മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് ജോഷി വടക്കൻ അദ്ധ്യക്ഷത വഹിച്ചു. റവ. ഫാ. ജേക്കബ്ബ് പാലക്കാപ്പിള്ളി, റവ. ഫാ. ആന്റണി ചെമ്പകശ്ശേരി, റവ. ഫാ. മാത്യു വാരുവേലിൽ, സാലു പതാലിൽ, പി.ഡി.വിൻസെന്റ്, എം. എൽ. സേവ്യർ എന്നിവർ പ്രസംഗിച്ചു. ഇടുക്കി രൂപത കോർപ്പറേറ്റ് മാനേജർ റവ. ഫാ. ജോസ് കരിവേലിക്കൽ മുഖ്യപ്രഭാഷണം നടത്തി.

**മേഖല സമ്മേളനം സംഘടിപ്പിച്ചു.**

വടക്കാഞ്ചേരി- വേലൂർ- ചേലക്കര-എരുമപ്പെട്ടി മേഖലയിലെ അദ്ധ്യാപകരുടെ കൺവെൻഷൻ ആഗസ്റ്റ് 14-ാം തിയതി തിരൂർ സെന്റ് തോമസ് ഹയർ സെക്കണ്ടറി സ്കൂളിൽ വെച്ച് സംഘടിപ്പിച്ചു. റവ. ഫാ. ആന്റണി ചെമ്പകശ്ശേരി ഉദ്ഘാടനം ചെയ്തു. റവ. ഫാ. ജെയിംസ് വടക്കൂട്ട് അദ്ധ്യക്ഷത വഹിച്ചു. ജോഷി വടക്കൻ, പി. സി. ആനീസ്, ബിജു ആന്റണി എന്നിവർ പ്രസംഗിച്ചു. റവ. ഫാ. സ്റ്റാർസൺ കള്ളിക്കാടൻ, ക്ലാസ്സ് നയിച്ചു.

സെപ്തംബർ 21, 24 തിയതികളിൽ മേഖലസംമ്മേളനം. പഴുവിൽ - കണ്ടശ്ശാംകടവ് മേഖലസമ്മേളനം സെപ്തംബർ 21-ാം തിയതിയും ലൂർദ്ദ് പട്ടിക്കാട്-പുത്തൂർ മേഖല സമ്മേളനം സെപ്തംബർ 24-ാം തിയതിയും സംഘടിപ്പിക്കുന്നു.

| | | |
|---|---|---|
| **ഫാ. ആന്റണി ചെമ്പകശ്ശേരി** | **ജോഷി വടക്കൻ** | **പി.ഡി. വിൻസെന്റ്** |
| ഡയറക്ടർ | പ്രസിഡണ്ട് | ജന. സെക്രട്ടറി |

# കത്തോലിക്ക കരിസ്മാറ്റിക് നവീകരണ മുന്നേറ്റം

**1. മിനിസ്ട്രി സർവ്വീസ് ടീമുകളുടെ പരിശീലന പരിപാടി**

തൃശ്ശൂർ അതിരൂപത കരിസ്മാറ്റിക നവീകരണ മുന്നേറ്റത്തിന്റെ സെൻട്രൽ മിനിസ്ട്രികളുടെ സർവ്വീസ് ടീം അംഗങ്ങളുടെ പരിശീലന പരിപാടി സെപ്തംബർ 4, 5 തിയതികളിൽ ആബാ ധ്യാനകേന്ദ്രത്തിൽ വച്ചു നടത്തി. പാരീഷ്, മധ്യസ്ഥ പ്രാർത്ഥന, ലോർഡ്സ് കപ്പിൾസ്, മരിയൻ സിംഗിൾസ്, തുവാനിസ എന്നീ മിനിസ്ട്രികളുടെ സർവ്വീസ് ടീം അംഗങ്ങളായ 50 ഓളം പേർ പരിശീലനത്തിൽ പങ്കെടുത്തു.

കരിസ്മാറ്റിക് നവീകരണത്തിന്റെ ആദ്ധ്യാത്മികത, വിളിയും ദൗത്യവും, മിനിസ്ട്രികളുടെ ഉത്തരവാദിത്വങ്ങൾ തുടങ്ങിയ വിഷയങ്ങളെ അധികരിച്ച് ഡയറക്ടർ റവ. ഫാ. ഷാജൻ തേർമഠം, സോണൽ കോ-ഓർഡിനേർ സാബു എം. വർഗ്ഗീസ്, കാഞ്ഞിരപ്പിള്ളി സോൺ കോ-ഓർഡിനേറ്റർ സെബാസ്റ്റ്യൻ താണിക്കൽ എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. വി. കുർബ്ബാന, ദിവ്യ കാരുണ്യാരാധന, അഭിഷേക പ്രാർത്ഥന എന്നിവയും ഉണ്ടായിരുന്നു. പവർ പോയിന്റ് പ്രസന്റേഷൻ, ഗ്രൂപ്പ് ചർച്ച, പാനൽ ചർച്ച എന്നിവയും പരിശീലനത്തിന്റെ ഭാഗമായി നടന്നു. സോണൽ സെക്രട്ടറി സി. ടി. സെബാസ്റ്റ്യൻ, സർവ്വീസ് ടീം അംഗങ്ങളായ വിജു. ഷെവ. സണ്ണി, ജോൺസൺ വി.സി. റീന റാഫേൽ, ബീന ജോളി, അൽഫോൺസ അബ്രാഹാം എന്നിവർ നേതൃത്വം നൽകി.

### 2. ടൗൺ പ്രാർത്ഥന ഗ്രൂപ്പുകളുടെ കോർ ടീം അംഗങ്ങളുടെ പരിശീലനം

തൃശ്ശൂർ നഗരത്തിലെ അതിരൂപത കരിസ്മാറ്റിക് നവീകരണത്തിന്റെ അംഗീകാരമുള്ള പ്രത്യേക പ്രാർത്ഥനാ ഗ്രൂപ്പുകളുടെ കോർ ടീം അംഗങ്ങളുടെ പരിശീലനം സെപ്തംബർ 11, 12 തിയതികളിൽ നടന്നു. പരിപാടിക്ക് റവ. ഫാ. ഷാജൻ തേർമഠം, സെബാസ്റ്റ്യൻ കാഞ്ഞിരപ്പിള്ളി, സാബു എം. വർഗ്ഗീസ്, സി. ടി. സെബാസ്റ്റ്യൻ എന്നിവർ നേതൃത്വം നൽകി. പഠന ക്ലാസ്സുകൾ, ഗ്രൂപ്പ് ഷെയറിംഗ്, പാനൽ ചർച്ച, പവർ പോയിന്റ് പ്രസന്റേഷൻ, ദിവ്യബലി, അഭിഷേക പ്രാർത്ഥന, ദിവ്യകാരുണ്യാരാധന എന്നിവയും ഉണ്ടായിരുന്നു. ദൈവശബ്ദം, സിറ്റി ഇവാഞ്ചലൈസേഷൻ, നിർമല മാതാ, ഹല്ലേലൂയ, അസ്സീസി, വോയ്സ് ഓഫ് ജീസസ് എന്നിവയുടെ കോർടീം അംഗങ്ങളാണ് പങ്കെടുത്തത്.

### 3. ഫൊറോന (സബ്–സോൺ) കൂട്ടായ്മകൾ

ബെത്സയ്ദ: മറ്റം : ഫൊറോനയിലെ പ്രാർത്ഥനാ കൂട്ടായ്മകൾക്കുവേണ്ടിയുള്ള പരിശീലന പരിപാടി 'ബെത്സെയ്ദാ 2015' ആഗസ്റ്റ് 6, 7, 8 തിയതികളിൽ മറ്റം നിത്യ സഹായമാതാവിന്റെ തീർത്ഥകേന്ദ്രത്തിൽ നടത്തി. ഫൊറോന വികാരി റവ. ഫാ. ഡേവീസ് പനംകുളം ഉദ്ഘാടന സന്ദേശം നൽകി. തൃശ്ശൂർ അതിരൂപത കരിസ്മാറ്റിക് ഡയറക്ടർ റവ. ഫാ. ഷാജൻ തേർമഠം, കാഞ്ഞിരപ്പിള്ളി സോൺ കോ-ഓർഡിനേറ്റർ സെബാസ്റ്റ്യൻ താണിക്കൽ, തൃശ്ശൂർ സോൺ കോ-ഓർഡിനേറ്റർ സാബു എം. വർഗ്ഗീസ്, ബാബു എം. എ, വിജു. പൊന്നൂക്കര, വി. വി. ജോസ് എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. 80ഓളം പേർ പങ്കെടുത്ത പരിശീലനപരിപാടികൾക്ക് ഫൊറോന ആനിമേറ്റർമാർ ഫാ. ക്രിസ്റ്റോൺ പെരുമാട്ടിൽ സോണൽ സെക്രട്ടറി സി.ടി. സെബാസ്റ്റ്യൻ, സബ്സോൺ കോ-ഓർഡിനേറ്റർ ബൈജു ചിറ്റാട്ടുകര, സബ്സോൺ സർവ്വീസ് ടീമംഗങ്ങൾ എന്നിവർ നേതൃത്വം നൽകി.

കൊട്ടേക്കാട്: ഫൊറോനതല കൂട്ടായ്മ (സബ്സോൺ കൂട്ടായ്മ) ആഗസ്റ്റ് 22 ശനിയാഴ്ച രാവിലെ 10 മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ കൊട്ടേക്കാട് ഫൊറോന ദൈവാലയത്തിൽ നടന്നു. റവ. ഫാ. സനോജ് അറങ്ങാശ്ശേരി പ്രാരംഭപ്രാർത്ഥന നടത്തി. സോൺ കോ-ഓർഡിനേറ്റർ സാബു എം. വർഗ്ഗീസ് പ്രാർത്ഥന കൂട്ടായ്മയുടെ പ്രാധാന്യം എന്ന വിഷയത്തെക്കുറിച്ച് പ്രഭാഷണം നടത്തി. സോൺ സെക്രട്ടറി സി.ടി. സെബാസ്റ്റ്യൻ പ്രാർത്ഥന ശുശ്രൂഷകൾ നയിച്ചു. വർഗ്ഗീസ് പേരാമംഗലം ദിവ്യകാരുണ്യ ആരാധന നയിച്ചു. പരിപാടികൽക്ക് കോ-ഓർഡിനേറ്റർ മേജോ, സെക്രട്ടറി ഇ.ടി. ജോൺസൺ എന്നിവരും കൊട്ടേക്കാട് പ്രാർത്ഥനാഗ്രൂപ്പും നേതൃത്വം നൽകി.

**കണ്ടാശ്ശാംകടവ്** : ഫൊറോനയിലെ പ്രാർത്ഥനാ കൂട്ടായ്മകളിലെ അംഗ

ങ്ങളുടെ ഒത്തുചേരൽ ഏനാമാവ് സെന്റ് മേരീസ് ദൈവാലയത്തിൽ ആഗസ്റ്റ് 23 ഞായറാഴ്ച 2.30 മുതൽ നടത്തി. സോൺ കോ-ഓർഡിനേറ്റർ സാബു എം. വർഗ്ഗീസ് പ്രാർത്ഥനാ കൂട്ടായ്മകളിലെ പരിശുദ്ധാത്മാവിന്റെ പ്രവർത്തനം എന്ന വിഷയത്തെക്കുറിച്ച് ക്ലാസ്സെടുത്തു. സോണൽ ട്രഷറർ വിൻസെന്റ് ചിറ യത്ത്, ഫൊറോന കോ-ഓർഡിനേറ്റർ സി. കെ. ജോസ്മണി എന്നിവർ നേതൃത്വം നൽകി. വൈകീട്ട് 5 മണിക്ക് സമാപിച്ചു.

**പാലയൂർ** : ഫൊറോനയിലെ പ്രാർത്ഥന കൂട്ടായ്മകളിലെ ലീഡർ, സെക്ര ട്ടറി, ട്രഷർ എന്നിവരുടെ സംയുക്ത യോഗം ഓഗസ്റ്റ് 30 ഞായറാഴ്ച പാല യൂർ തീർത്ഥകേന്ദ്രത്തിൽ നടന്നു. ഉച്ചകഴിഞ്ഞ് 2.30ന് ദിവ്യകാരുണ്യാരാധന യോടെ ആരംഭിച്ചു. ഫൊറോന വികാരി വെരി. റവ. ഫാ. ജോൺ അയ്യങ്കാന യിൽ പ്രഭാഷണം നടത്തി. ഫൊറോന ആനിമേറ്റർ ഫാ. ബെന്നി കിടങ്ങൻ, ഫൊറോന പ്രമോട്ടർ റവ. സി. അനുമരിയ, സബ്സോൺ കോ-ഓർഡിനേർ സി. കെ. ലാസർ എന്നിവർ നേതൃത്വം നൽകി.

### 4. പാരീഷ് മിനിസ്ട്രി പരിശീലനം

പാരിഷ് മിനിസ്ട്രി അംഗങ്ങളുടെ പരിശീലന പരിപാടി ഒക്ടോബർ 1-3, ഒക്ടോബർ 8-10, ഒക്ടോബർ 15 -17, ഒക്ടോബർ 22-24, നവംബർ 5-7 എന്നീ തിയതികളിൽ നടത്തപ്പെടുന്നു. നിലവിൽ അതിരൂപത കരിസ്മാറ്റിക് നവീക രണ മുന്നേറ്റത്തിന്റെ തിരിച്ചറിയൽ കാർഡ് ലഭിച്ചിട്ടുള്ള വചനപ്രഘോഷകർ, സ്പിരിചൽ കൗൺസിലേഴ്സ് എന്നിവർ നിർബന്ധമായും ഈ പരിശീലന ത്തിൽ പങ്കെടുക്കണം. ആബാ ധ്യാനകേന്ദ്രത്തിൽ 50 പേർവീതമുള്ള ബാച്ചു കളെയാണ് പരിശീലനം നടത്തുന്നത്.

### 5. സോണൽ സർവ്വീസ് ടീം കൂട്ടായ്മകൾ

തൃശ്ശൂർ സോണൽ സർവ്വീസ് ടീം ഓഗസ്റ്റ് 11, സെപ്തംബർ 1 ദിവസങ്ങ ളിൽ ആബാ ധ്യാനകേന്ദ്രത്തിൽ ഒന്നിച്ചുകൂടി രാവിലെ 10 മണി മുതൽ 4 മണി വരെ നടന്ന കൂട്ടായ്മകൾക്ക് ഡയറക്ടർ ഫാ. ഷാജൻ തേർമഠം നേതൃത്വം നൽക.

### 6. സബ്സോൺ കോ-ഓർഡിനേറ്റേഴ്സ് കൂട്ടായ്മ

ആഗസ്റ്റ് 22 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 3 മുതൽ 5 വരെ ആബാ ധ്യാനകേ ന്ദ്രത്തിൽ നടന്നു. കോ-ഓർഡിനേറ്റർ, സെക്രട്ടറി എന്നിവർ നേതൃത്വം നൽകി.

### 7. മദ്ധ്യസ്ഥ പ്രാർത്ഥന

അതിരൂപത കരിസ്മാറ്റിക് നവീകരണത്തിന്റെ ആഭിമുഖ്യത്തിൽ അതിരൂ പതയിലെ എല്ലാ ഇടവകകളിലും വെള്ളിയാഴ്ചകളിൽ ഉച്ചകഴിഞ്ഞ് 3 മുതൽ

4 മണി വരെ അതിരൂപതയുടെയും ഇടവകയുടെയും നിയോഗങ്ങൾക്കുവേണ്ടി മധ്യസ്ഥ പ്രാർത്ഥന മണിക്കൂർ നടത്താൻ ഉദ്ദേശിക്കുന്നു. ബഹു.വികാരിമാരുടെ അനുവാദത്തോടെ പ്രാർത്ഥനാ കൂട്ടായ്മകൾ നേതൃത്വം നൽകും.

**8. പാരീഷ് മിനിസ്ട്രി ഏകദിന കൂട്ടായ്മ**

മിനിസ്ട്രിയുടെ ഏകദിന കൂട്ടായ്മ സെപ്തംബർ 7 തിങ്കളാഴ്ച ആബാ ധ്യാനകേന്ദ്രത്തിൽ നടത്തി. ദിവ്യബിലി, വചന പ്രഘോഷണം, ഗ്രൂപ്പ് ചർച്ച, എന്നിവയുണ്ടായിരുന്നു. ഡയറക്ടർ റവ. ഫാ. ഷാജൻ തേർമഠം, മിനിസ്ട്രി കോ-ഓർഡിനേറ്റർ റോയ് സി. ഒ., സർവ്വീസ് ടീം അംഗങ്ങൾ എന്നിവർ നേതൃത്വം നൽകി.

| **ഫാ. ഷാജൻ തേർമഠം** | **സാബു എം. വർഗ്ഗീസ്** | **സി. ടി. സെബാസ്റ്റ്യൻ** |
|---|---|---|
| ഡയറക്ടർ | കോ - ഓർഡിനേറ്റർ | സെക്രട്ടറി |

## സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

### സി.സി. വാർത്തകൾ

1. കരുണാ വർഷത്തിലെ 10 ലക്ഷം രൂപയുടെ പ്രത്യേക ഫണ്ട് സമാഹരിച്ച് ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി ചെലവഴിക്കുവാൻ തീരുമാനിച്ചു. ഫണ്ടിലേക്കായി ഓരോ വിൻസെൻഷ്യൻ അംഗവും കഴിയാവുന്ന സംഖ്യ സംഭാവന നൽകുവാൻ സി. സി. പ്രസിഡണ്ട് ആഹ്വാനം ചെയ്തു.

2. വേദപാഠം 10, 11, 12 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കായി നടത്തിയ ക്വിസ് മത്സരത്തിൽ 92 ഇടവകയിൽ നിന്നുള്ള മത്സരാർത്ഥികൾ പങ്കെടുത്തു.

**വിജയികൾ**

| | | |
|---|---|---|
| Ist | മേരിമോൾ ഷാജൻ | - പുറനാട്ടുകര |
| IInd | റോസ് മുട്ടത്ത് | - കോട്ടപ്പടി |
| IIIrd | അനു ആന്റണി സി. | - അടാട്ട് |

4. സെപ്തംബർ 20ന് തൃശ്ശൂൽ സെൻട്രൽ കൗൺസിലിന്റെ 67-ാം വാർഷികാഘോഷം വേലൂപ്പാടം സെന്റ് ജോസഫ് തീർത്ഥകേന്ദ്രത്തിൽവെച്ച് നടത്തുന്നു.സി. സി. ആദ്ധ്യാത്മികോപദേഷ്ടാവ് റവ. ഡോ. ആന്റണി ചെമ്പകശ്ശേരിയുടെ അദ്ധ്യക്ഷതയിൽ ചേരുന്ന വാർഷിക യോഗം മാർ ജെയിംസ് പഴയാറ്റിൽ (ബിഷപ് എമിരറ്റസ്, ഇരിങ്ങാലക്കുട രൂപത) ഉദ്ഘാടനം ചെയ്യുന്നതുമാണ്.

സി. സി. യൂത്ത് കമ്മിറ്റിയുടെ നേതൃത്വത്തിൽ 18.10.2015ന് തൃശ്ശൂർ ഐ.എം.എ.യുടെ സഹകരണത്തോടെ വിൻസെൻഷ്യ് കോംപ്ലക്സിൽ വെച്ച് രക്തദാന ക്യാമ്പ് നടത്തുന്നു. രക്തം ദാനം ചെയ്യുന്നവർ സന്മനസ്സുള്ളവർ ബന്ധപ്പെടുക.

ഒക്ടോബർ മാസത്തെ സി.സി. യോഗം അതിരൂപത പാസ്റ്ററൽ സെന്ററിൽ വെച്ച് ധ്യാനം, കുർബ്ബാന, കുമ്പസാരം എന്നിവയെ തുടന്ന് നടത്തുവാൻ തീരുമാനിച്ചു.

5. സെപ്തംബർ മാസം അംഗത്വമാസമായി ആചരിക്കുന്നതിനും 27-ാം തിയതി വി. വിൻസെന്റ് ഡി പോളിന്റെ തിരുനാൾ ആഘോഷിക്കുവാനും കോൺഫ്രൻസ് പ്രസിഡണ്ടുമാരെ സി. സി. പ്രസിണ്ട് ബ്ര. കെ.എ. ഷിബു ഓർമ്മിപ്പിച്ചു.

| | | |
|---|---|---|
| **ഫാ. ആന്റണി ചെമ്പകശ്ശേരി** | **ബ്ര. കെ. എ. ഷിബു** | **പോൾസൺ കെ. കെ.** |
| ആദ്ധ്യാത്മികോപദേഷ്ടാവ് | സി.സി.പ്രസിഡണ്ട് | സെക്രട്ടറി |

# കെ. സി. എസ്. എൽ.

**ശതാബ്ദി മഹാസംഗമം: ഒക്ടോബർ 2**

സംസ്ഥാന ആഘോഷങ്ങളടോനുബന്ധിച്ച് വല്ലാർപാടം മരിയൻ തീർത്ഥാടനകേന്ദ്രത്തിൽ 2015 ഒക്ടോബർ2 ന് കെ.സി.എസ്. എൽ. മഹാസംഗമം നടന്നു. കേരളത്തിലെ മുഴുവൻ കത്തോലിക്കാ മെത്രാന്മാരും പങ്കെടുക്കുന്ന ഈ പരിപാടിയിലേക്ക് മുഴുവൻ കെ. സി. എസ്. എൽ. അംഗങ്ങളും ആനിമേറ്റർമാരും പങ്കെടുക്കണമെന്ന് സംസ്ഥാന ഡയറക്ടർ അറിയിച്ചിട്ടുണ്ട്. തൃശ്ശൂർ അതിരൂപതയിൽ നിന്ന് മഹാസംഗമത്തിൽ പങ്കെടുക്കുവാൻ ഓർഗ്ഗനൈസറെ ഫോണിൽ ബന്ധപ്പെടേണ്ടതാണ്.

**അതിരൂപത സാഹിത്യോത്സവം : ഒക്ടോബർ 10**

അതിരൂപതാ സാഹിത്യോത്സവം ഒക്ടോബർ 10 ശനിയാഴ്ച തൃശ്ശൂർ സെന്റ് തോമസ് കോളേജ് എച്ച്. എസ്. എസ് ൽ വെച്ച് നടക്കും. സമയക്രമവും മാതൃകാ ചോദ്യങ്ങളും ബ്ലോഗിൽ കൊടുത്തിട്ടുണ്ട്.

**അതിരൂപത കലോത്സവം : ഒക്ടോബർ 17**

അതിരൂപത കലോത്സവം ഒക്ടോബർ 17ന് തൃശ്ശൂർ സെന്റ് തോമസ് കോളേജ് HSS കോളേജ് എന്നിവടങ്ങളിലായി നടക്കുന്നു. സമയക്രമവും സ്റ്റേജ് വിവരങ്ങളും ബ്ലോഗിലുണ്ട്.

മത്സരദിവസം തന്നെ കലോത്സവ സമ്മാന വിതരണവും നടത്തേണ്ടതിന് ആനിമേറ്റർമാർ മത്സരാർത്ഥികളുടെ പേരുകൾ ശരിയായി രേഖപ്പെടുത്തി യെന്ന് ഉറപ്പുവരുത്തണം.

**ട്രോഫികൾ – ഫോമുകൾ**

ചുരുക്കം ചില യൂണിറ്റുകൾ ട്രോഫികൽ തിരിച്ചേൽപ്പിച്ചുകാണുന്നില്ല. എത്രയും വേഗം അവ തിരിച്ചേൽപ്പിക്കുക. സ്റ്റേറ്റ് ബസ്റ്റ് യൂണിറ്റ് മത്സരത്തിന് എത്രയും വേഗം അവ തിരിച്ചേൽപ്പിക്കുക. സ്റ്റേറ്റ് ബസ്റ്റ് യൂണിറ്റ് മത്സരത്തിന് ഡിസംബർ 10ന് അപേക്ഷിക്കണമെന്നതുകൊണ്ട് യൂണിറ്റ് റിപ്പോർട്ടുകൾ ഡിസംബർ ആദ്യവാരത്തിൽ തന്നെ എത്തിക്കുക.

| | | |
|---|---|---|
| **ഫാ. ആന്റണി ചെമ്പകശ്ശേരി** | **ഡോ. ജോൺ റാഫേൽ** | **ജിജു ആന്റണി** |
| ഡയറക്ടർ | പ്രസിഡണ്ട് | ഓർഗനൈസർ |

# ലീജിയൻ ഓഫ് മേരി

ലീജിയൻ ഓഫ് മേരി തൃശ്ശൂർ കമ്മീസിയത്തിന്റെ 690–ാമതും കൂരിയാ യുടെ 703–ാമതും സമ്മേളനം 2015 സെപ്തംബർ 6 ഞായറാഴ്ച 2.30ന് പാസ്റ്റ റൽ സെന്ററിലുള്ള ഓഫീസിൽ വെച്ച് പ്രസിഡണ്ട് ബ്ര. കെ. പി. ജോയി യുടെ അദ്ധ്യക്ഷതയിൽ പ്രാരംഭപ്രാർത്ഥനയോടും ജപമാലയോടും കൂടി ആരം ഭിച്ചു. പ്രസിഡന്റ് ജ്ഞാനവായന നടത്തിയതിനുശേഷം ബ്ര. സെക്രട്ടറി പി. സി. കുരിയപ്പൻ മുൻ മാസ റിപ്പോർട്ടും, ട്രഷറർ ബ്ര. എ. ജെ. വിൻസെന്റ് മുൻമാസ വരവ്–ചിലവ് കണക്കും വായിച്ചു അംഗീകരിച്ചു.

വൈസ് പ്രസിഡന്റ് സി. എൽസി ചുമ്മാർ ഹാജർ വിളിച്ചു. പാവറട്ടി കൂരിയ, പാപികളുടെ സങ്കേതം, പുത്തൻപള്ളി, വാടനപ്പിള്ളി, അയ്യന്തോൾ, വേലൂർ, ചേർപ്പ് കൂരിയ എന്നിവർ ഹാജരുണ്ടായിരുന്നില്ല. പുതുതായി ഹാജ രായ കോലഴി പ്രസീദിയം അംഗങ്ങളെയും മറ്റു മരിയ സൈനികരേയും ബ്ര. പ്രസിഡണ്ട് സ്വാഗതം ചെയ്തു.

2014–2015 വർഷത്തെ വാർഷിക വരവ്–ചിലവ് കണക്ക് തെരട്ട് ട്രഷർ യോഗ ത്തിൽ അവതരിച്ചത് പാസാക്കി.

സൈനീക ജപശൃംഖലയ്ക്ക് ശേഷം ആദ്ധ്യാത്മിക നിയന്താവ് റവ. ഡോ. ജോൺ മൂലൻ പ്രഭാഷണം നടത്തി. പരി. അമ്മയുടെ ജനനതിരുനാളിന്റെ മംഗളങ്ങൾ എല്ലാ മരിയ സൈനീകർക്കും നേർന്നു. കേരളത്തെ സംബന്ധിച്ച് ടിപ്പുസുൽത്താൻ യഹൂദരെ ആക്രമിച്ച സംഭവം വിവരിച്ചുകൊണ്ട് 8 നോമ്പ് ആചരണത്തെക്കുറിച്ചും, ജന്മപാപമില്ലാതെ ഉത്ഭവിച്ച പരി. അമ്മയുടെ ജീവി

തശൈലി – എളിമയോടെ വചനം സ്വീകരിച്ചവൾ – യോവാക്കിം– അന്ന ദമ്പതികളുടെ ഏക മകൾക്കുവേണ്ടി പ്രാർത്ഥിച്ച മാതാപിതാക്കൾ – സക്കറിയ്ക്കുണ്ടായ അനുഭവം എന്നിവയിലൂടെ പരി.അമ്മയെ പ്രകീർത്തിച്ചുകൊണ്ട് സുവിശേഷത്തിന്റെ വിതക്കാരന്റെ ഉപമയെക്കുറിച്ചും ബഹു. ആദ്ധ്യാത്മിക നിയന്താവ് സംസാരിച്ചു.

സെപ്തംബർ മാസം എല്ലാ പ്രസീദിയങ്ങളിലും മാതാവിന്റെ ജനന തിരുനാളിനോടനുബന്ധിച്ച് സെപ്തംബർ ആഘോഷം നടത്തി. റിപ്പോർട്ട് കമ്മീസിയത്തിലും കൂരിയായിലും സമർപ്പിക്കുന്നുമെന്ന് ഓർമ്മിപ്പിച്ചു.

ഡിസംബർ മാസം നടത്തുന്ന വാർഷിക യൂണിയൻ സമ്മേളനത്തോടനുബന്ധിച്ച് നടത്തി വരാറുള്ള മത്സരങ്ങൾ നവംബർ മാസം 8–ാം തിയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 1.30 മുതൽ തൃശ്ശൂർ സെന്റ് തോമസ് കോളേജിൽ വെച്ച് നടത്തുന്നതാണെന്ന് അറിയിച്ചു. ലേഖനം, ചെറുകഥ, പൊതുവിജ്ഞാനം, നിയമഗ്രന്ഥം ക്വിസ് എന്നിവയിൽ സമ്മാനർഹത്തിനർഹരാകുന്നവർക്ക് ഡിസംബർ 20ന് നടക്കുന്ന സമ്മേളനത്തിൽ വെച്ച് സമ്മാനങ്ങൾ നല്കുന്നതാണ്.

ലീജിയൻ ഓഫ് മേരി സംഘടനയുടെ പേരിൽ കലണ്ടർ അച്ചടിക്കുന്നതിനും ആയതിലേക്ക് കൂരിയ 5000 രൂപയും ഒരു പ്രസീദിയം 1000 രൂപയും കണക്കാക്കി പ്രസീദിയത്തിന്റേയോ ഇടവകയുടെയോ പരസ്യം തയ്യാറാക്കുന്നതിനും തീരുമാനിച്ചു.

ഒല്ലൂർ കൂരിയായിൽ പ്രവർത്തിച്ചുവരുന്ന 7 പ്രസീദിയങ്ങൾ ചേർന്ന് മരത്താക്കര പള്ളി കേന്ദ്രമാക്കി പുതിയ കൂരിയ 2015 സെപ്തംബർ 12ന് അഭിവന്ദ്യ റാഫേൽ തട്ടിൽ പിതാവ് ഉദ്ഘാടനം ചെയ്യുന്ന പരിപാടിയിലേക്ക് എല്ലാ മരിയ സൈനീകരും പങ്കെടുക്കണമെന്ന് പ്രസിഡന്റ് അറിയിച്ചു.

അവസാന പ്രാർത്ഥനയ്ക്കും ആദ്ധ്യാത്മിക നിയന്താവിന്റെ ആശീർവാദത്തിനുശേഷം കമ്മീസിയം മീറ്റിംഗ് 5മണിക്ക് സമാപിച്ചു.

ദിവ്യനാഥയുടെ സേവനത്തിൽ

| | | |
|---|---|---|
| **റവ. ഡോ. ജോൺ മൂലൻ** | **കെ. പി. ജോയ്** | **പി.സി. കുരിയപ്പൻ** |
| ആദ്ധ്യാത്മിക നിയന്താവ് | പ്രസിഡണ്ട് | സെക്രട്ടറി |

# ARCHEPARCHIAL CHOIR

2015–2017 വർഷങ്ങളിലേയ്ക്കുള്ള അതിരൂപത ഗായകസംഘം ഭാരവാഹികളെ തിരഞ്ഞെടുത്തു.

പുതിയ ഭാരവാഹികൾ

1. പ്രസിഡന്റ് – ടോമി പന്ത്രണ്ടിൽ (കുണ്ടന്നൂർ)
2. വൈസ് പ്രസിഡന്റ് – ജോസ് സി. എ (അഞ്ഞൂർ),
   – മിനി ജോയ് (കടങ്ങോട്)
3. സെക്രട്ടറി – വർഗ്ഗീസ് പുല്ലോക്കാരൻ (മരിയാപുരം)
4. ജോ. സെക്രട്ടറി – ജോസ് കെ.ഐ. (കാഞ്ഞാണി)
   – മേഴ്സി ജോയ് (ചേലക്കര)
3. ട്രഷറർ – മനോജ് പി.ജി. (പുതുക്കാട്)

എക്സിക്യൂട്ടീവ് മെമ്പർ

1. സാബു ടി. കെ.– വേലൂർ ഫൊറോന, 2. ജോസിൻ സി. ഒ. (പറപ്പൂർ ഫൊറോന) 3. ജോഷി സി. സി. (പഴുവിൽ) 4. ജോബി സി. ജെ. (മറ്റം), 5.ഷിജു പി. ടി. (പട്ടിക്കര), 6.ജോജു ജോണി (പുത്തൂർ) 7.ബിനോജ് പെല്ലിശ്ശേരി (ഒല്ലൂർ), 8.ലിയോ ജോർജ്ജ് (ഡോളേഴ്സ്) 9. സൈജോ ചാലിശ്ശേരി (കൊട്ടേക്കാട്)

**ഫാ. ഫിജോ ആലപ്പാടൻ**
അസി. ഡയറക്ടർ

**ഫാ. പുളിക്കൻ**
ഡയറക്ടർ

# കാത്തലിക് നേഴ്സസ് ഗിൽഡ് ഓഫ് ഇന്ത്യ

'ദിയാക്കോണിയ പാലിയേറ്റീവ് കെയർ' യൂണിറ്റിന്റെ ഭാഗമായി അമ്മാടം, ഏങ്ങണ്ടിയൂർ, എന്നീ സ്ഥലങ്ങളിലേക്ക് എക്സിക്യൂട്ടീവ് അംഗങ്ങൾ കടന്ന് ചെന്ന് നിർദ്ധനരും കിടപ്പുരോഗികളുമായ പാവങ്ങളുടെ കണ്ണീരൊപ്പാൻ, അവരുടെ വേദനകളിൽ സാന്ത്വനമായി, അവർക്കായി പ്രാർത്ഥിക്കുകയും, ചികിത്സ സഹായം കൈമാറികൊണ്ട്, രോഗിപരിചരണത്തിന് അറിവ് പകരുകയും ചെയ്തു.

ഏങ്ങണ്ടിയൂർ എം.ഐ. ഹോസ്പിറ്റലിൽ നേഴ്സസ് ഡെയുടെ ഭാഗമായി മെയ് 10 ഞായറാഴ്ച ഗൈനക്കോളജി ക്യാമ്പ് സംഘടിപ്പിച്ചു. ജൂബിലി മിഷൻ ഹോസ്പിറ്റലിലെയും എം.ഐ. ഹോസ്പിറ്റലിലെയും ഡോക്ടേഴ്സിന്റെ സേവനവും ലഭ്യമായിരുന്നു. മെയ് 12 രാവിലെ ഹോസ്പിറ്റിൽ ഡയറക്ടർ റവ. ഫാ. ഫ്രാൻസീസ് ആലപ്പാട്ട് നേഴ്സസിനുവേണ്ടി ദിവ്യബലിയർപ്പിച്ചു. അന്നേ

ദിവസം വൈകീട്ട് 3 മണിക്ക് നേഴ്സിങ്ങ് സ്കൂൾ പ്രിൻസിപ്പാൾ റവ. സി. ചെറുപുഷ്പം എഫ്. സി. സി. നേഴ്സിങ്ങിന് ഇന്നത്തെ ലോകത്തിലുള്ള പ്രശസ്തിയെയും ഒരു നേഴ്സിന് ഉണ്ടാകേണ്ട ഗുണഗണങ്ങളെയും കുറിച്ച് ക്ലാസ്സ് എടുത്തു. തൊട്ടാപ്പ് സുനാമി കോളനിയിൽ വെച്ച് നിർദ്ധനരായ കുട്ടികളുടെ ആരോഗ്യപരിരക്ഷ പരിഗണിച്ച് ജൂബിലി ഹോസ്പിറ്റലിന്റേയും, എം. ഐ. ഹോസ്പിറ്റലിലേയും ഡോക്ടേഴ്സിന്റെ സേവനവും ലഭ്യമായിരുന്നു. മെയ് 12 രാവിലെ ഹോസ്പിറ്റൽ ഡയറക്ടർ റവ. ഫാ. ഫ്രാൻസീസ് ആലപ്പാട്ട് നേഴ്സസിനുവേണ്ടി ദിവ്യബലിയർപ്പിച്ചു. അന്നേദിനം വൈകീട്ട് 3 മണിക്ക് നേഴ്സിങ്ങ് സ്കൂൾ പ്രിൻസിപ്പാൾ റവ. സി. ചെറുപുഷ്പം എഫ്. സി. സി. നേഴ്സിങ്ങിന് ഇന്നത്തെ ലോകത്തിലുള്ള പ്രശസ്തിയെയും ഒരു നേഴ്സിന് ഉണ്ടാകേണ്ട ഗുണഗണങ്ങളെയുംക്കുറിച്ച് ക്ലാസ്സ് എടുത്തു. തൊട്ടാപ്പ് സുനാമി കോളനിയിൽ വെച്ച് നിർദ്ധനരായ കുട്ടികളുടെ ആരോഗ്യപരിരക്ഷ പരിഗണിച്ച് ജൂബിലി ഹോസ്പിറ്റലിന്റെയും എം.ഐ. ഹോസ്പിറ്റലിന്റേയും ശിശുവിഭാഗം ഡോക്ടേഴ്സിന്റെ സഹകരണത്തോടെ കുട്ടികൾക്കായുള്ള സൗജന്യ പരിശോധന ക്യാമ്പ് നടത്തപ്പെട്ടു.

ആതുരശുശ്രൂഷാ രംഗത്ത് പ്രവർത്തിക്കുന്നവർ പ്രത്യേകിച്ച് നേഴ്സുമാർ ജീവന്റെ പക്ഷത്ത് നിലയുറപ്പിക്കേണ്ടവരാണ് എന്നു ആദർശവും പ്രകൃതിയെ സംരക്ഷിക്കാനും നാം കടപ്പെട്ടവരാണെന്നുള്ള മാതൃക നൽകികൊണ്ട് വൃക്ഷതൈകൾ നട്ടു. പരിപാടികൾക്ക് ഹോസ്പിറ്റൽ ഡയറക്ടർ റവ. ഫാ. ഫ്രാൻസീസ് ആലപ്പാട്ട്, നേഴ്സിങ്ങ് സൂപ്രണ്ട് റവ. സി. ഫ്ളോറൻസ് എഫ്. സി. സി., നേഴ്സിങ്ങ് സ്കൂൾ പ്രിൻസിപ്പാൾ റവ. സി. ചെറുപുഷ്പം എഫ്. സി. സി. എന്നിവർ നേതൃത്വം നൽകി.

| ഡയറക്ടർ | സെക്രട്ടറി |
|---|---|
| **റവ.ഫാ. സിജോ അരിക്കാട്ട്** | **സി. റൊസീന ഡേവീസ് FCC** |

# മദ്യവിരുദ്ധ സമിതി

**മദ്യവിരുദ്ധ മാസാചരണം**

സംഘടനയുടെ വാർഷിക പദ്ധതി പ്രകാരം സെപ്തംബർ മാസം മദ്യവിരുദ്ധ മാസമായി ആചരിച്ചു. ആയതിന്റെ ഉദ്ഘാടനം സെപ്തംബർ 6ന് വലപ്പാട് പള്ളിയിൽ അതിരൂപത ഡയറക്ടറാണ് നിർവ്വഹിച്ചത്. മദ്യവിമുക്തമായ സഭയും സമൂഹങ്ങളും എന്ന സ്വപ്ന സാക്ഷാത്ക്കാരത്തിന് ഒന്നിച്ചണിനിരക്കാൻ തദവസരത്തിൽ അച്ചൻ ആഹ്വാനം ചെയ്തു. വികാരി ജോവി കുണ്ടുകുളങ്ങര, അതിരൂപത പ്രസിഡണ്ട് ശ്രീ. ജോസ് ആലപ്പാട്ട് എന്നിവർക്ക് പ്രത്യേകം നന്ദി. വലപ്പാട് മദ്യവിരുദ്ധസമിതി അംഗങ്ങൾ അവസരോചിത

മായി . മതബോധന +2, എ. സി.സി. ക്ലാസ്സുകളിലെ കുട്ടികൾക്ക് ഡയറക്ടറച്ചൻ മദ്യവിരുദ്ധ ക്ലാസ്സെടുത്തു. മാസാചരണത്തിന്റെ ഭാഗമായി വിവിധ യൂണിറ്റുകളിലും മേഖലാ കേന്ദ്രങ്ങളിലും സമ്മേളനങ്ങളും ബോധവത്ക്കരണ പ്രഭാഷണങ്ങളും സംഘടിപ്പിക്കുകയുണ്ടായി. കോനിക്കര, മാപ്രാണം എന്നീ പള്ളികളിൽ ഡയറക്ടറച്ചൻ ബോധവൽക്കരണം നടത്തി. കിഴക്കമ്പലത്തെ വിദേശ മദ്യ ഷാപ്പിനെതിരെ ട്വന്റി, ട്വന്റി ജനകീയ കൂട്ടായ്മ സംഘടിപ്പിച്ചുകൊണ്ടിരിക്കുന്ന പ്രതിഷേധ ധർണ്ണയിൽ ഫാ. ദേവസ്സി പന്തല്ലൂക്കാരൻ, ശ്രീ ജെയിംസ് മുട്ടിക്കൽ, ശ്രീ. ജോണി ചിറ്റിലപ്പിള്ളി തുടങ്ങിയവർ പങ്കെടുക്കുകയും പ്രസംഗിക്കുകയും ചെയ്തു.

**2. കൂപ്പൺ പദ്ധതി**

മദ്യവിരുദ്ധ സമിതിയുടെ ധനശേഖരണാർത്ഥം നടപ്പിലാക്കിയ കൂപ്പൺ പദ്ധതി പര്യവസാനിപ്പിച്ചിരിക്കുകയാണ്. ആയതിന്റെ കണക്കുകൾ ഏതാനും യൂണിറ്റുകൾ ഇതുവരെ തീർത്തിട്ടില്ല. ലാഘവബുദ്ധിയോടെ കാണേണ്ടവയല്ല സാമ്പത്തിക കാര്യങ്ങൾ എത്രയും വേഗം ഈ കണക്കുകൾ തീർക്കണമെന്ന് പ്രത്യേകം ഓർമ്മപെടുത്തുന്നു.

3. വാർഷികാഘോഷം

സംഘടനയുടെ വാർഷികാഘോഷങ്ങൾ സ്ഥാപകദിനമായ ഒക്ടോബർ 2ന് തൃശ്ശൂർ പുത്തൻപള്ളി ബേസ്മെന്റ് ഹാളിൽ അരങ്ങേറി. സഹായമെത്രാൻ മാർ റാഫേൽ തട്ടിൽ ഉദ്ഘാടനം ചെയ്തു. കലാമണ്ഡലം വൈസ് ചാൻസലർ പ്രൊഫ. സുരേഷ് മുഖ്യാതിഥിയായി. അതിരൂപത പ്രസിഡണ്ട് ശ്രീ. ജോസ് ആലപ്പാട്ടാണ് അദ്ധ്യക്ഷത വഹിച്ചത്. സംസ്ഥാന ജനറൽ സെക്രട്ടറി ഫാ. ടി.ജെ. ആന്റണി, സംസ്ഥാന സെക്രട്ടറി ശ്രീ. ജെയിംസ് മുട്ടിക്കൽ മുൻ ഡയറക്ടർ ഫാ. ജോജു പനക്കൽ, വനിതാ സെൽ പോലീസ് ഇൻസ്പെക്ടർ ശ്രീമതി കെ. എ. എലിസബത്ത് പനക്കൽ തുടങ്ങിയവർ സംസാരിച്ചു.

**നന്ദി**

മദ്യവിരുദ്ധ മാസാചരണത്തോടനുബന്ധിച്ച് പ്രത്യേക സർക്കുലർ പ്രസിദ്ധീകരിച്ച മാർ ആൻഡ്രൂസ് താഴത്ത് പിതാവ്, വാർഷികാഘോഷങ്ങളുടെ ജനറൽ കൗൺവീനർ ശ്രീ. ജോണി ചിറ്റിലപ്പിള്ളി ഇതര സഹപ്രവർത്തകർ തുടങ്ങി എല്ലാവർക്കും നന്ദി.

**ഫാ. ദേവസ്സി പന്തല്ലൂക്കാരൻ**
ഡയറക്ടർ

**ശ്രീ. കെ.എൽ. ആന്റണി**
പി.ആർ.ഒ.

# സി. എൽ. സി.

## സി.എൽ.സി. സോക്കർ കപ്പ്

അതിരൂപത സി. എൽ. സി.യുടെ ആഭിമുഖ്യത്തിൽ ഒന്നാമത് ഫാ. സിജോ ചീരൻ മെമ്മോറിയൽ സി.എൽ.സി. സോക്കർ കപ്പ് സംഘടിപ്പിച്ചു. 16 ടീമുകൽ മാറ്റുരച്ച ഫുട്ബോൾ ടൂർണമെന്റിൽ കുറ്റൂർ സി. എൽ. സി. ടീം ജേതാക്കളായി. ഫാ. സിജോ ചീരൻ മെമ്മോറിയൽ എവർ റോളിംഗ് ട്രോഫി ഏറ്റുവാങ്ങി. റണ്ണറപ്പായി മറ്റം സി.എൽ. സി. ട്രോഫി ഏറ്റുവാങ്ങി. ഇന്ത്യൻ ഫുട്ബോൾ ഇതിഹാസം വിക്ടർ മഞ്ഞില ഫുട്ബോൾ മേള ഉദ്ഘാടനം ചെയ്തു. 3 ദിവസങ്ങളിലായി തൃശ്ശൂർ തോപ്പ് സ്റ്റേഡിയത്തിൽ വച്ചായിരുന്നു മത്സരങ്ങൾ സംഘടിപ്പിച്ചത്. സമാപന സമ്മേളനത്തിൽ അതിരൂപത വികാരി ജനറാൾ മോൺ ജോർജ്ജ് കോമ്പാറ വിജയികൾക്കുള്ള സമ്മാനങ്ങൾ വിതരണം ചെയ്തു. അതിരൂപത സി. എൽ.സി. പ്രൊമോട്ടർ റവ. ഫാ. ജിയോ തെക്കിനിയത്ത്, അതിരൂപത സി.എൽ.സി. പ്രസിഡണ്ട് ഡിൽജോ തരകൻ, ടൂർണ്ണമെന്റ് ചെയർമാൻ റവ. ഫാ. ആന്റോ ചിറയത്ത്, ജന. കൺവീനർ. ബിജിൽ സി. ജോസഫ്, ജോ. കൺവീനർ സെബിൻ സി.കെ. എന്നിവർ ടൂർണ്ണമെന്റ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

ടൂർണ്ണമെന്റ് പ്രവർത്തനങ്ങൾക്ക് സഹകരിച്ച മുഴുവൻ യൂണിറ്റ്, ഫൊറോന, അതിരൂപത ഭാരവാഹികൾക്ക് പ്രത്യേകം നന്ദി.

## കാരിത്ത വിദ്യഭ്യാസ പദ്ധതി

അതിരൂപത സി. എൽ.സി.യുടെ നേതൃത്വത്തിൽ വിദ്യാർത്ഥികളെ ദത്തെടുത്ത് പഠിപ്പിക്കുന്ന കാരിത്ത പദ്ധതിയുടെ ഭാഗമാകാൻ ആഗ്രഹിക്കുന്നവർ അതിരൂപത സി. എൽ.സി. ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. ഓരോ വർഷവും 60 കുട്ടികളെ ദത്തെടുക്കുകയും അവർക്ക് വേണ്ട പഠനോപകരണങ്ങൾ, ഫോർമേഷൻ, യോഗ ക്ലാസ്സുകൾ എന്നിവ ഒരുക്കുകയാണ് കാരിത്ത വിദ്യാഭ്യാസ പദ്ധതിയെകൊണ്ട് ഉദ്ദേശിക്കുന്നത്.

## മരിയൻ കലോത്സവം ഒക്ടോബർ 2, 3

അതിരൂപത സി. എൽ. സി. യുടെ ആഭിമുഖ്യത്തിൽ സി. എൽ. സി. പ്രവർത്തകരുടെ കലാവാസനകളെ പരിപോഷിപ്പിക്കുക എന്ന ലക്ഷ്യത്തോടെ മരിയൻ കലോത്സവം സംഘടിപ്പിക്കുന്നു. ഒക്ടോബർ 2ന് സാഹിത്യമത്സരങ്ങളും ഒക്ടോബർ 3ന് കലാമത്സരങ്ങളും നടത്തുന്നു. തൃശ്ശൂർ സെന്റ് തോമസ് കോളേജിൽ വച്ച് സംഘടിപ്പിക്കുന്ന മരിയോത്സവത്തിലേക്ക് ഏവരുടേയും സഹകരണം പ്രതീക്ഷിക്കുന്നു.

### മാർ ജോസഫ് കുണ്ടുകുളം പ്രസംഗ മത്സരം ഒക്ടോബർ 2ന്

അതിരൂപത സി.എൽ. സിയുടെ ആഭിമുഖ്യത്തിൽ മാർ ജോസഫ് കുണ്ടുകുളം പ്രസംഗമത്സരം ഒക്ടോബർ 2ന് സെന്റ് തോമസ് കോളേജിൽ വച്ച് സംഘടിപ്പിക്കുന്നു. 15 വയസ്സിനും 35 വയസ്സിനുമിടയിലുള്ളവർക്ക് മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ പേരുകൾ രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 9961486262 എന്ന നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

### മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാൾ ആഘോഷിച്ചു.

മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാൾ ആഗസ്റ്റ് 15 ഇടവകകളിൽ കൊണ്ടാടി. വി. കുർബ്ബാനയും കാഴ്ച സമർപ്പണം, മരിയൻ റാലി, പതാക ഉയർത്തൽ, മെറിറ്റ് ഡേ എന്നിവ ആഘോഷിച്ചു.

### യൂണിറ്റ് വിസിറ്റ് നടത്തി

പൂങ്കുന്നം, മറ്റം, ആർത്താറ്റ്, ആറംമ്പിള്ളി, പാലാഴി, പഴുവിൽ, അമ്മാടം, ആളൂർ, കണ്ടശ്ശാംകടവ് തുടങ്ങി യൂണിറ്റുകളിൽ പ്രൊമോട്ടർ, പ്രസിഡന്റ് ഭാരവാഹികൾ വിസിറ്റ് നടത്തി.

### ഇഗ്നേഷ്യൻ റിട്രീറ്റ്

2015 ഒക്ടോബർ 21 ബുധനാഴ്ച ആരംഭിച്ച് 25ന് അവസാനിക്കുന്ന 5 ദിവസത്തെ ഇഗ്നേഷ്യൻ റിട്രീറ്റ് സംഘടിപ്പിക്കുന്നു. അതിരൂപതാ, ഫൊറോന ഭാരവാഹിത്വങ്ങളിലേക്ക് കടന്നുവരുവാൻ ആഗ്രഹിക്കുന്നവർ റിട്രീറ്റിൽ പങ്കെടുക്കേണ്ടതാണ്. ആദ്യം പേർ രജിസ്റ്റർ ചെയ്യുന്ന 25 പേർക്കാണ് അവസരം. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ അതിരൂപത പ്രസിഡന്റ് ഡിൽജോ തരകൻ 9495721892 എന്ന നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

### പ്രവർത്തന സമിതിയോഗം

അതിരൂപത സി. എൽ.സി.യുടെ പ്രവർത്തനസമിതിയോഗം സെപ്തംബർ മാസത്തിൽ അതിരൂപത പാസ്റ്ററൽ സെന്ററിൽ സി. എൽ.സി. ഓഫീസിൽ വച്ച് നടന്നു. അതിരൂപത സി.എൽ. സി. പ്രൊമോട്ടർ റവ. ഫാ. ജിയോ തെക്കിനിയത്ത് പ്രസിഡന്റ്, ഡിൽജോ തരകൻ എന്നിവർ നേതൃത്വം നൽകി.

### ഫോർമേഷൻ ക്യാമ്പ്

തൃശ്ശൂർ അതിരൂപത സി.എൽ.സിയുടെ ആഭിമുഖ്യത്തിൽ പ്രവർത്തകരുടെ നേതൃത്വപാടവം വളർത്തുവാൻ ഫോർമേഷൻ ക്യാമ്പ് സംഘടിപ്പിക്കുന്നു. 23, 24, 25 തിയതികളിൽ ആമ്പല്ലൂർ സ്പിരിച്ച്വൽ ആനിമേഷൻ സെന്ററിൽ സംഘടിപ്പിക്കുന്ന ഫോർമേഷൻ ക്യാമ്പിൽ യൂണിറ്റ്, ഫൊറോന, പുതിയ ഭാരവാഹികൾ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

ഫോർമേഷൻ ക്യാമ്പിൽ പങ്കെടുക്കുവാൻ ആഗ്രഹമുള്ളവർ 9847453368 എന്ന നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

**മരിയോത്സവം ഫൊറോന തലം**

ഫൊറോന തല മരിയോത്സവം സംഘടിപ്പിച്ച മറ്റം, കണ്ടശ്ശാംകടവ്, പഴുവിൽ, പാലയൂർ, ഫൊറോന ഭാരവാഹികൾക്കും പ്രമോട്ടറച്ചനും യൂണിറ്റ് ഭാരവാഹികൾക്കും അതിരൂപത സി.എൽ.സിയുടെ നന്ദി അറിയിക്കുന്നു.

**നന്ദി**

അതിരൂപത സി. എൽ.സി. 1-ാമത് സിജോ ചീരൻ മെമ്മോറിയിൽ സോക്കർ കപ്പ് ടൂർണ്ണമെന്റിന്റെ നടത്തിപ്പിനുവേണ്ടി സഹകരിച്ച ചെയർമാൻ റവ. ഫാ. ആന്റോ ചിറയത്തിനും ജോ. കൺവീനർ സെബിൻ സി. കെ.ക്കും ടീമംഗങ്ങൾ, യൂണിറ്റ് വികാരിമാർ, സ്പോൺസേഴ്സ് എല്ലാവർക്കും അതിരൂപത സി.എൽ.സിയുടെ നന്ദി അറിയിക്കുന്നു.

എന്ന്

റവ. ഫാ. ജിയോ തെക്കിനിയത്ത്
പ്രൊമോട്ടർ

ബിജിൽ സി. ജോസഫ്
ജന. സെക്രട്ടറി

റവ. ഫാ. ആന്റണി മേച്ചേരിപടി
അസി. പ്രൊമോട്ടർ

## അതിരൂപതാ പ്രൊലൈഫ്

ജീവനെ സംരക്ഷിക്കുക ബഹുമാനിക്കുക, ആദരിക്കുക എന്ന മുദ്രാവാക്യവും പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്ന അതിരൂപതാ ജോൺ പോൾ പ്രോലൈഫ് മൂവ്മെന്റ് ഒക്ടോബർ മാസത്തിൽ ജപമാലയർപ്പിച്ച് പ്രാർത്ഥിക്കുന്നു.

ഗർഭഛിദ്രത്തിനെതിരെ മനസാക്ഷിയുയരാനും ഈ കഠിന പാപത്തെ ഇല്ലായ്മ ചെയ്യാനും അതിരൂപത ജോൺ പോൾ പ്രോലൈഫ് മൂവ്മെന്റ് 5 കോടി ജപമാലകൾ അർപ്പിച്ചു പ്രാർത്ഥിക്കുന്നു. ഏവരുടേയും സഹകരണം പ്രതീക്ഷിക്കുന്നു.

ഫാ. ലോറൻസ് തൈക്കാട്ടിൽ
ഡയറക്ടർ

ഇ. സി. ജോർജ്ജ് മാസ്റ്റർ
കോർഡിനേറ്റർ

ജയിംസ് ആഴ്ചങ്ങാടൻ
പ്രസിഡണ്ട്

## മാതൃസംഘം

**1. സങ്കീർത്തന ഗാന മത്സരം**

2015 ആഗസ്റ്റ് 25-ാം തിയതി നടത്തിയ സങ്കീർത്തന ഗാനമത്സരത്തിൽ 56 ഇടവക ടീമുകൾ പങ്കെടുത്തു.

മത്സരഫലം

1-ാം സ്ഥാനം - അഞ്ചേരി യൂണിറ്റ്
2-ാം സ്ഥാനം - ആർത്താറ്റ് യൂണിറ്റ്, ചൊവ്വന്നൂർ യൂണിറ്റ്
3-ാം സ്ഥാനം - പല്ലിശ്ശേരി യൂണിറ്റ്, പുതുക്കാട് യൂണിറ്റ്, പൂത്തറക്കൽ യൂണിറ്റ്

**2. മാതാവിനെക്കുറിച്ചുള്ള ഗാനമത്സരവും, പ്രസംഗമത്സരവും**

2015 സെപ്തംബർ 14ന് മാതാവിനെക്കുറിച്ചുള്ള ഗാനമത്സരവും പ്രസംഗ മത്സരവും നടത്തി.

**3. മാതാവിനെക്കുറിച്ച് സെമിനാർ**

മാതൃസംഘാംഗങ്ങൾക്കായ് സെപ്തംബർ 29ന് മാതാവിനെകുറിച്ച് ഒരു അർദ്ധദിന സെമിനാർ നടത്തുന്നു. ഏവർക്കും സ്വാഗതം

പ്രാർത്ഥനാശംസകളോടെ,

ഫാ. ലോറൻസ് തൈക്കാട്ടിൽ
ഡയറക്ടർ

ലീലമാത്യു
പ്രസിഡണ്ട്

ഫാ. ബൈജു കാഞ്ഞിരത്തിങ്കൽ
അസി. ഡയറക്ടർ

## ചിൽഡ്രൻസ് മിനിസ്ട്രി
0487-2325336, 9947582522

**അതിരൂപതാ കലോത്സവം(തിരുബാലസഖ്യം,ജൂനിയർ സി എൽ സി, അൾത്താരസംഘം)**

ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ തിരുബാലസഖ്യം, അൾത്താരസംഘം, ജൂനിയർ സി എൽ സി എന്നീ സംഘടനാംഗങ്ങൾക്കായി അതിരൂപതാ തലത്തിൽ കലോത്സവം 2015 ഒക്ടോബർ 23 ന് ഡി ബി സി എൽ സി യിലും, സെന്റെ ക്ലെയർ സ്കൂളിലുമായി നടത്തപ്പെടുന്നു. രാവിലെ 9 മണി

മുതൽ വൈകീട്ട് 5 മണി വരെയാണ് സമയം. ഫൊറോന തലത്തിൽ ഫസ്റ്റ് കിട്ടിയ കുട്ടികളാണ് മത്സരത്തിന് യോഗ്യരായവർ. മത്സരത്തിൽ പങ്കെടുക്കാൻ വരുന്ന കുട്ടികൾ എല്ലാവരും അതിരൂപത നിർദ്ദേശിക്കുന്ന അതാത് സംഘടനയുടെ ബാഡ്ജ് നിർബന്ധമായും ധരിച്ചിരിക്കേണ്ടതാണ്. അത് കൂടാതെ അതിരൂപത നിർദ്ദേശിച്ചിരിക്കുന്ന അംഗത്വ സർട്ടിഫിക്കറ്റിൽ സ്റ്റാമ്പ് സൈസ് ഫോട്ടോ ഒട്ടിച്ച് കൃത്യമായും സത്യസന്ധമായും എല്ലാം പൂരിപ്പിച്ച് വികാരിയച്ചന്റെ ഒപ്പോടുകൂടി കൊണ്ടുവരേണ്ടതാണ്. അംഗത്വ സർട്ടിഫിക്കറ്റ് Stage in Charge നെ കാണിക്കുന്നപക്ഷം മാത്രമേ മത്സാർത്ഥികൾക്ക് മത്സരത്തിൽ പങ്കെടുക്കാൻ സാധിക്കുകയുള്ളൂ. ഫൊറോന തലമത്സരത്തിൽ ഫസ്റ്റ് കിട്ടിയ കുട്ടിയുടെ പേരും ഇടവകയും ഫൊറോനയും ഒക്ടോബർ 18 നു മുമ്പായി ഫൊറോന പ്രൊമോട്ടറച്ചൻ ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ എത്തിക്കേണ്ടതാണ്. ചെസ്സ് നമ്പറുകൾ രാവിലെ 8.30 മുതൽ വിതരണം ചെയ്യുന്നതാണ്. അതാത് യൂണിറ്റ് ആനിമേറ്ററുമാർ വന്ന് ചെസ്റ്റ് നമ്പർ കൈപറ്റേണ്ടതാണ്.

**തിരുബാലസഖ്യം**

എല്ലാ യൂണിറ്റുകളിൽ ഗ്രൂപ്പുകളായി കൊന്ത ചൊല്ലി പ്രാർത്ഥിക്കേണ്ടതാണ്. പ്രത്യേകിച്ച് അഭയാർത്ഥികളായി കഴിയുന്ന എല്ലാ കുഞ്ഞുങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കാം.

**ജൂനിയർ സി എൽ സി**

ഒക്ടോബർ 1 ന് വി കൊച്ചുത്രേസ്യാ പുണ്യവതിയുടെ തിരുനാളാണ്. അന്ന് ജൂനിയർ സി എൽ സി യുടെ പതാകദിനം കൂടിയാണ്. യൂണിറ്റിൽ പതാകയുയർത്തി ആഘോഷിക്കേണ്ടതാണെന്ന് അറിയിക്കുന്നു.

**അൾത്താരസംഘം**

അൾത്താരസംഘാംഗങ്ങൾ കൊന്തമാസത്തിൽ എയ്ഡ്സ് രോഗികൾക്ക് വേണ്ടി പ്രാർത്ഥിക്കേണ്ടതാണ്. എല്ലാ യൂണിറ്റിലേക്കും മാലാഖ കുറിപ്പ് എന്ന പേരിൽ ഒരു ലിസ്റ്റ് നല്കിയിട്ടുണ്ട്. അതിൽ അത്താണിയിലുള്ള ഗ്രേസ് ഹോമിലെ എയ്ഡ്സ് രോഗികളുടെ പേര് നല്കിയുട്ടുണ്ട്. അവർക്ക് വേണ്ടി യൂണിറ്റാംഗങ്ങൾ പ്രാർത്ഥിക്കുകയും, ഒരു നന്മ പ്രവർത്തി ചെയ്ത് ആ ലിസ്റ്റിൽ രേഖപ്പെടുത്തേണ്ടതാണ്. ഒപ്പം യൂണിറ്റിലെ എല്ലാ അംഗങ്ങളും ഫണ്ട് രൂപീകരിക്കുകയും,ക്രിസ്മസ് ആശംസാ കാർഡുകൾ നിർമ്മിക്കുകയും നവംബർ മാസത്തിലെ ഏകദിന സെമിനാറിന് മുമ്പായി ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ ഏല്പിക്കുകയും ചെയ്യേണ്ടതാണ്.

**ബൈബിൾ പൂക്കളേഴ്സ്**

തൃശ്ശൂർ ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ നടന്ന ബൈബിൾ പൂക്ക്ളേഴ്സ് 2015 ൽ ഒന്നാം സമ്മാനം കർമ്മല മാതാ ചർച്ച് ചെങ്ങാലൂർ, രണ്ടാം സമ്മാനം സെ ജോസഫ് ചർച്ച് വേലൂപ്പാടം,മൂന്നാം സമ്മാനം തിരുഹൃദ ദൈവാലയം പെരിഞ്ചേരി എന്നിവർ കരസ്ഥമാക്കി. അമ്മാടം, പൊങ്ങണംകാട്, ചേർപ്പ്, ചിയ്യാരം, മരത്തംകോട്, കാരമുക്ക്, ചിറ്റാട്ടുകര, ബസിലിക്ക, മറ്റം, നെല്ലിക്കുന്ന് എന്നിവർ പ്രോത്സാഹ സമ്മാനവും കരസ്ഥമാക്കി. അതിരൂപത വികാരി ജനറൽ മോൺ.ജോർജ്ജ് കോമ്പാറ വിജയികൾക്ക് സമ്മാനം നല്കി. സെ ജോസഫ് സ്കൂൾ പ്രിൻസിപ്പാൾ ഫാ ആന്റണി ചെമ്പകശ്ശേരി, മതബോധന ഡയറക്ടർ ഫാ. റാഫേൽ ആക്കാമറ്റത്തിൽ, വൈസ് പ്രിൻസിപ്പൾ ഫാ ഏബിൾ ചിറമ്മൽ, ഡോ.റോസ് ബീന,ചിൽഡ്രൻസ് മിനിസ്ട്രി ഡയറക്ടർ, ഫാ ജിജോ കപ്പിലാംനിരപ്പേൽ,സി മിനിsspc, ആനിമേറ്റേഴ്സ്,സംഘടനാ ഭാരവാഹികൾ എന്നിവരും സന്നിഹിതരായിരുന്നു.

## Saints Quiz 2015

ഇടവക തലത്തിൽ സെയിന്റ്സ് ക്വിസ്സ് ഒക്ടോബർ 25 ന് നടത്തേണ്ടതാണ്. അതിന് വേണ്ട ചോദ്യപേപ്പർ വൈദികരോ,ഹെഡ്മാസ്റ്റർ അല്ലെങ്കിൽ അവർ നിയമിക്കുന്ന ടീച്ചർമാർ വന്ന് ചിൽഡ്രസ് മിനിസ്ട്രി ഓഫീസിൽ നിന്ന് കൈപറ്റേണ്ടതാണ്. Saints Quiz 2015 പഠന സഹായി അതിരൂപതാ ബുക്ക് സ്റ്റാളിലും,ചിൽഡ്രസ് മിനിസ്ട്രി ഓഫീസിലും ലഭ്യമായിരുക്കും. 10 രൂപയ്ക്കാണ് പഠനസഹായി വില്ക്കപ്പെടുക

**തിരുവചനം:** ആരെങ്കിലും എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ അവൻ തന്നെത്തന്നെ പരിത്യജിച്ച് തന്റെ കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ(മർക്കോ 8,34)

**സുകൃതജപം:** ഈശോയെ എന്നെ കാത്തുകൊള്ളണമെ

**പ്രാർത്ഥനാ നിയോഗം:** അഭയാർത്ഥികളായി കഴിയുന്ന കുഞ്ഞുങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കാം.

**പരിചയപ്പെടുന്ന വിശുദ്ധ:** വി.എവുഫേമിയുസ്

**ഫാ. ജിജോ കപ്പിലാംനിരപ്പേൽ**
ഡയറക്ടർ, ചിൽഡ്രൻസ് മിനിസ്ട്രി

**സി. മിനി SSPC**
കോഡിനേറ്റർ

# കേരള ലേബർ മൂവ്മെന്റ്

**ജനറൽ ബോഡി യോഗം ആഗസ്റ്റ് 16, ഞായർ, പാസ്റ്ററൽ സെന്റർ, തൃശ്ശൂർ**

കെ. എൽ. എം. ജനറൽ ബോഡി യോഗം അതിരൂപത പ്രസിഡന്റ് ശ്രീ. എൻ. കെ. രാജുവിന്റെ അദ്ധ്യക്ഷതയിൽ ആഗസ്റ്റ് 16ന് ഉച്ചകഴിഞ്ഞ് രണ്ട് മണിക്ക് പാസ്റ്ററൽ സെന്ററിൽ വെച്ച് കൂടി. തൃശ്ശൂർ മേഖലയുടെ ചാർജ്ജ് വഹിക്കുന്ന കെ.എൽ.എം. സ്റ്റേറ്റ് സെക്രട്ടറി ശ്രീ. ഡെന്നി തെങ്ങുംപിള്ളി ഉദ്ഘാടനം ചെയ്തു. അതിരൂപത ഡയറക്ടർ ഫാ. ജോർജ്ജ് നിരപ്പുകാലായിൽ ആമുഖപ്രസംഗവും ജനറൽ സെക്രട്ടറി 2014 ഡിസംബറിലെ ജനറൽ ബോഡിയുടെ റിപ്പോർട്ടും ട്രഷറർ ജൂൺ, ജൂലായ് മാസങ്ങളിലെ കണക്ക് എന്നിവ വായിക്കുകയും യോഗം അത് പാസാക്കുകയും ചെയ്തു. തുടർന്ന് നടന്ന ചർച്ചയിൽ താഴെ പറയുന്ന തീരുമാനങ്ങൾ എടുത്തു.

അതിരൂപതാതിർത്തിയിലെ എല്ലാ അസംഘടിത തൊഴിലാളികളെയും പങ്കാളികളാക്കിക്കൊണ്ട് നടത്താവുന്ന അതിരൂപത ആവശ്യപ്പെട്ടതനുസരിച്ച് കെ. എൽ.എം. കേന്ദ്രസമിതി ആലോചിച്ച് നിർദ്ദേശിച്ച "പരസ്പര സഹായ സാമൂഹ്യ സുരക്ഷപദ്ധതി" നടപ്പാക്കുന്നതിന് തീരുമാനിച്ചു.

ഡയറക്ടർ കെ. എൽ. എം. തിരഞ്ഞെടുക്കപ്പെടുന്ന അതിരൂപത ഭാരവാഹികൾ (പ്രസിഡന്റ്, ജനറൽ സെക്രട്ടറി, ട്രഷറർ, ഓർഗനൈസർ), കേന്ദ്രസമിതിയിൽ നിന്ന് അഞ്ച് പേർ, ജനറൽ ബോഡിയിൽ നിന്ന് 5 പേർ എന്നിവർ നേതൃത്വം നൽകുന്ന ഒരു പ്രത്യേക കമ്മിറ്റിയെ ഈ പദ്ധതിയുടെ നടത്തിപ്പു ചുമതല ഏൽപ്പിച്ചു. സുഗമമായ നടത്തിപ്പിനുവേണ്ടി ട്രസ്റ്റ് രൂപീകരിക്കുക, പദ്ധതിയുടെ നിയമാവലി തയ്യാറാക്കുക. സമയബന്ധിതമായി നടപ്പിൽ വരുത്തുന്നതിന് ക്രമീകരണങ്ങൾ നടത്തുക, എന്നിവയായിരിക്കും ചുമതലകൾ.

കെ.എൽ.എം. അതിരൂപത കേന്ദ്രസമതിയുടെ രണ്ട് അംഗങ്ങളുടെ ഒഴിവിലേക്ക് പുതിയ രണ്ട് അംഗങ്ങളെ തിരഞ്ഞെടുത്തു. 01. ജോസഫ്, പെരുമാടൻ വീട്, (എറവ് യൂണിറ്റ്) 02. ആലീസ് ജോസ്, കിടങ്ങൻ വീട്, (ചിറ്റാട്ടുകര യൂണിറ്റ്)

കെ.എൽ.എം. അതിരൂപത നിയമാവലിയുടെ നമ്പർ 21 (എ) പ്രകാരം തിരഞ്ഞെടുക്കപ്പെടുന്ന കെ.എൽ.എം. ഭാരവാഹികളുടെ കാലാവുധി മൂന്നുവർഷം എന്നത് സംസ്ഥാന സമിതിയുടെ നവീകരിച്ച നിയമാവലി നിർദ്ദേശപ്രകാരം രണ്ടുവർഷമാക്കി ഭേദഗതി ചെയ്തു.എംബ്ലം, അംഗത്വം തുടങ്ങി മറ്റ് നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി പുതുക്കിയ നിയമാവലി അതിരൂപത കച്ചേരിയുടെ അംഗീകാരത്തിനായി സമർപ്പിക്കുവാൻ തീരുമാനിച്ചു.

**യൂണിറ്റ് സന്ദർശനം**

യൂണിറ്റ് സന്ദർശനം സെപ്തംബർ, ഒക്ടോബർ, നവംബർ മാസങ്ങളിൽ ഇടവക യൂണിറ്റിന്റെയും ഫോറങ്ങളുടെ യൂണിറ്റ് സമിതിയുടെയും പ്രവർത്തനങ്ങൾക്ക് പ്രചോദനം നൽകുന്നതിനും യൂണിറ്റുകളിൽ ഉറപ്പുവരുത്തേണ്ട രേഖകളുടെ പരിശോധനക്കും, പദ്ധതികളുടെ വിവരണത്തിനും വ്യാപനത്തിനുമായി അതിരൂപത സമിതിയുടെ നേതൃത്വത്തിൽ യൂണിറ്റ് സന്ദർശനം നത്തുന്നു.

തലോർ, മുല്ലക്കര, എന്നീ യൂണിറ്റുകളിൽ റിസോഴ്സ് ടീമംഗങ്ങൾ ആദ്യഘട്ടത്തിൽ സന്ദർശനം നടത്തി.

**വൈദിക തുടർ പരിശീലനം**

2015 ആഗസ്റ്റ് 17, 18, 19 (തിങ്കൾ, ചൊവ്വ, ബുധൻ) തിയതികളിൽ മുവ്വാറ്റുപഴു NEST ൽ വെച്ച് വിവിധ രൂപതകളിൽ നിന്നുള്ള വൈദികർക്കായി കെ.എൽ.എം. സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ നടന്ന "വൈദിക തുടർപരിശീലന ക്യാമ്പിൽ" തൃശ്ശൂർ അതിരൂപതയിൽ നിന്നും ഫാ. ജോഷി ആളൂർ, ഫാ. ജെൻസ് തട്ടിൽ, ഫാ. ജിമ്മി കല്ലിങ്ങൽക്കുടിയിൽ എന്നിവർ പങ്കെടുത്തു. ക്യാമ്പിൽ പങ്കെടുത്ത വൈദികർക്ക് കെ.എൽ.എം. തൃശ്ശൂർ അതിരൂപത സമിതി നന്ദിയുടെ പൂച്ചെണ്ടുകൾ സമർപ്പിക്കുന്നു.

നിർമ്മാണ തൊഴിലാളി ഫോറം (SNTU) സംസ്ഥാന പ്രവർത്തക സമിതി യോഗം തൃശ്ശൂർ അതിരൂപത പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തി.

കെ.എൽ.എം. നിർമ്മാണ തൊഴിലാളി ഫോറം (SNTU) തൃശ്ശൂർ പ്രാദേശകി ഘടകത്തിന്റെ പ്രവർത്തക കൺവെൻഷൻ ആഗസ്റ്റ് 13 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30ന് പാസ്റ്ററൽ സെന്ററിൽ മാർ കുണ്ടുകുളം മെമ്മോറിയൽ ഹാളിൽ വെച്ച് നടത്തി.

തൃശ്ശൂർ പ്രാദേശിക ഘടകം പ്രസിഡണ്ട് ശ്രീ. ഔസേഫ് എളവള്ളിയുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗം കെ.എൽ.എം. അതിരൂപത ഡയറക്ടർ ഫാ. ജോർജ്ജ് തോമസ് നിരപ്പുകാലായിൽ ഉദ്ഘാടനം ചെയ്തു. നിർമ്മാണ തൊഴിലാളി ഫോറം (SNTU) സംസ്ഥാന പ്രസിഡണ്ട് ശ്രീ. തോമസ് കുരിശ്ശിങ്കൽ നിർമ്മാണ തൊഴിലാളി ക്ഷേമനിധിയെ കുറിച്ച് ക്ലാസ്സെടുത്തു. KLM അതിരൂപത പ്രസിഡന്റ് ശ്രീ. എൻ. കെ. രാജു (SNTU) ജില്ല പ്രസിഡന്റ് ശ്രീ. ജോസ് ചിറയത്ത്, ശ്രീ. ജോയി പോൾ, തുടങ്ങിയവർ ചടങ്ങിൽ സംബന്ധിച്ചു.

**ഫാ. ജോർജ്ജ് തോമസ് നിരപ്പുകാലായിൽ**
ഡയറക്ടർ

**വർഗ്ഗീസ് മച്ചാട്**
ജനറൽ സെക്രട്ടറി

# കെ. സി. വൈ. എം.

**ഉത്രാടദിനത്തിൽ തെരുവിലെ അനാഥർക്ക് ഭക്ഷണം**

ഓണത്തിനു ഒരുക്കമായി തൃശ്ശൂർ അതിരൂപത കെ.സി.വൈ.എ. ഉം പെരിഞ്ചേരി യൂണിറ്റും സംയുക്തമായി തെരുവിലെ അനാഥർക്ക് ഭക്ഷണം നൽകി. തൃശ്ശൂർ അതിരൂപത കെ.സി.വൈ.എം. അസി. ഡയറക്ടർ ഫാ. ജിന്റോ പെരപ്പാടൻ ഭക്ഷണം വിതരണം ചെയ്ത് ഉദ്ഘാടനം നിർവ്വഹിച്ചു. അതിരൂപത കെ. സി.വൈ.എം. ഭാരവാഹികൾ പരിപാടികൾക്ക് നേതൃത്വം നൽകി.

**ഓണദിനം തെരുവുമക്കൾക്ക് ഒപ്പം**

തിരുവോണ ദിനത്തിൽ തൃശ്ശൂർ അതിരൂപത കെ.സി.വൈ.എംന്റെ നേതൃത്വത്തിൽ തെരുവിലെ അനാഥർക്ക് ഓണസദ്യ നൽകി ഓണം ആഘോഷിച്ചു. അതിരൂപത കെ.സി.വൈ.എം. ഡയറക്ടർ റവ. ഫാ. ജിയോ കടവി ഓണസദ്യ നൽകി ഉദ്ഘാടനം നിർവ്വഹിച്ചു. അതിരൂപത കെ.സി.വൈ.എം. പ്രസിഡണ്ട് ജോസ്മോൻ കെ. ഫ്രാൻസീസ്. ഓണ സന്ദേശം നൽകി. ജസ്റ്റിൻ ജോസ് നടയക്കലാൻ, സിന്റോ പുതുകാട്, ഡിജോ ഡേവീസ്, അനീഷ് ആന്റണി എന്നിവർ നേതൃത്വം നൽകി.

## Eccomi 2015

യുവാക്കളിൽ ലീഡർഷിപ്പ് നടത്തുവാൻ തൃശ്ശൂർ അതിരൂപത കെ.സി.വൈ.എം. ഫാമിലി അപ്പസ്റ്റോലേറ്റ് ട്രെയ്നിംഗ് ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടുമായ സഹകരിച്ച് Eccomi 2015ക്യാംപ് ആഗസ്റ്റ് 29, 30 എന്നീ ദിവസങ്ങളിൽ വേലൂർ ഫാറ്ററിയിൽ വച്ചു നടത്തുകയുണ്ടായി. ഫാറ്ററി ഡയറക്ടർ റവ. സി. മാരിസ്റ്റ് സ്റ്റെലയുടെ അദ്ധ്യക്ഷതയിൽ കൂടിയ ഉദ്ഘാടനത്തിൽ അതിരൂപത കെ.സി.വൈ.എ. പ്രസിഡണ്ട് ജോസ്മോൻ കെ. ഫ്രാൻസീസ് സ്വാഗതം പറയുകയും വേലൂർ ഫോറോന വികാരി വെ. റവ. ഫാ. ജോൺസൺ ഐനിക്കൽ ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തു. അതിരൂപത കെ.സി.വൈ.എം.ഡയറക്ടർ ഫാ. ജിയോ കടവി ആമുഖ പ്രഭാഷണം നടത്തി. ഫാ. ജിന്റോ പെരെപ്പാടൻ,സി. ടിന മരിയ, ഫാ. ജോയ്സൺ കോരേത് എന്നിവർ ആശംസകൾ അർപ്പിച്ചു. വികാരി ജനറാൽ മോൺ റവ. ഫാ. ജോർജ്ജ് കോമ്പാറ വി.കുർബ്ബാനയിൽ തുടങ്ങിയ രണ്ടാം ദിനത്തിൽ യുവാക്കൾ പ്രശ്നങ്ങളെ തരണം ചെയ്ത നാടിനും സഭയ്ക്കും വേണ്ടി ക്രിസ്തുവിനെ മാതൃകയാക്കി പോരാട്ടത്തിൽ ഇറങ്ങണമെന്ന് വികാരി ജനറാൾ ഉദ്ബോധിപ്പിച്ചു.

**മദർ തെരസ അനുസ്മരണം**

തൃശ്ശൂർ അതിരൂപത കെ. സി.വൈ.എം. ഉം. യു.ജി.സി. സെന്റർ ഫോർ വുമൺസ് ഇൻ വിമല കോളേജുമായി സഹകരിച്ച് മദർ തെരസ അനുസ്മരണം സംഘടിപ്പിച്ചു. മദർ തെരസ അനുസ്മരണത്തിലൂടെ പാവങ്ങളുടെ അമ്മയെക്കുറിച്ച് പുതുതലമുറയിലെ യുവതി യുവാക്കൾക്ക് അറിവ് നൽകുന്നതോടൊപ്പം വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ നൽകി ആദരിക്കുകയും ചെയ്തു.

**ഫാ. ജിയോ കടവി**
ഡയറക്ടർ

**ജോസ് മോൻ കെ ഫ്രാൻസീസ്**
പ്രസിഡണ്ട്

**ജെസ്റ്റിൻ ജോസ്**
ജനറൽ സെക്രട്ടറി


Give us the grace to feel profoundly joined
to everything that is.
God of love, show us our place in this world
as channels of your love
for all the creatures of this earth,
for not one of them is forgotten in your sight.
Enlighten those who possess power and money
that they may avoid the sin of indifference,
that they may love the common good, advance the weak,
and care for this world in which we live.
The poor and the earth are crying out.
O Lord, seize us with your power and light,
help us to protect all life,
to prepare for a better future,
for the coming of your Kingdom
of justice, peace, love and beauty.
Praise be to you!
Amen.

This Prayer is found at the end of Pope Francis' Encyclical, *Laudato Si', on the Care of our Common Home* .

Registered
R.N.I. No. 27348/1975
KL/TCR/275/2015-2017
Licence No. KL/CR/TCR/WPP-3/2015 -17
Licensed to Post without prepayment
Posted at Thrissur RMS

TRICHUR ARCHDIOCESAN
Bulletin
₹ 25/-
Date of Publication 24.09.2015
Oct. 2015

# പ്രാർത്ഥനാശംസകൾ



മാണ്ഡ്യാരൂപതയുടെ പുതിയ ഇടയനായ
**മാർ ആന്റണി കരിയിൽ സി.എം.ഐ.യ്ക്ക്**
തൃശ്ശൂർ അതിരൂപതയുടെ സ്നേഹനിർഭരമായ
**പ്രാർത്ഥനാശംസകൾ**

Edited, Printed & Published by **Dr. Francis Aloor,** Catholic Archbishop's House, Thrissur, Kerala, India- 680 005,
Executive Editor : **Rev. Fr. Dominic Thalakodan** Printed at **St. Mary's Orphanage Press**, Madona Nagar, Kachery 680005